Reg. M. No. 2293 ഒററപ്രതി 2ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 28 | 1130 മിഥുനം 8—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂൺ 22 | ലക്കം 43

## ഒരു വലിയ ജോലി

(അഗസ്റ്റിൻ കരിങ്കുന്നം)

പുരോഗമനത്തിന്റെ രാജവീഥിയിലാണു് നമ്മുടെ നിലപാടു്. നാം ഇന്നും മുന്നേററത്തിന്റെ മുൻപന്തിയിൽതന്നെ. ശാസ്ത്രീയ നേട്ടങ്ങൾ നമ്മുടെ ഗതിക്കു ശീഘ്രതകൂട്ടുന്നു. എന്തിനധികം, നാം ചന്ദ്രൻ, ചൊവ്വ തുടങ്ങിയ അയൽഗ്രഹങ്ങളിലേക്കു പുറപ്പെടാൻതന്നെ വട്ടംകൂട്ടുകയാണു്!

പക്ഷേ ശാസ്ത്രത്തിനു ചെയ്തുതീക്കാനാവാത്ത ഒരു വലിയ ജോലി—ഒരു വൻപിച്ച മാനസികപരിവർത്തനം—ഇന്നും അവശേഷിക്കുകയാണു്. “നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക,” ഇതാണു് ആ പരിവത്തനത്തിനു പ്രചോദനം നൽകുന്ന സ്നേഹപ്രമാണം. ലോകത്തെ ഒരു കുടുംബമാക്കി മാററാൻ തികച്ചും കഴിവുള്ള ഈ ദിവ്യമായ അനുശാസനത്തെ ആധാരമാക്കിയുള്ള മേൽപ്പറഞ്ഞ മാനസികപരിവർത്തനം സംഭവിക്കേണ്ടകാലം അതിക്രമിച്ചിരിക്കുകയാണു്.

ഈ സ്നേഹപ്രമാണം പടുത്തുയത്തുന്ന മാനസീകപരിവത്തനം അത്യന്തം അത്ഭുതാവഹമായിരിക്കും. സുസ്ഥിതിയാണതിന്റെ ലക്ഷ്യം. സ്നേഹമാണു മാർഗ്ഗം. സുമോഹനമായിരിക്കും അതിന്റെ അനന്തരഫലങ്ങൾ.

ഈ “സ്നേഹസിദ്ധാന്തം”ഇന്നും ഇന്നലേയും നമുക്കു ലഭിച്ചതല്ല. അതിന്റെ ചരിത്രം തലമുറകൾക്കപ്പുറത്താണു്. അതിന്റെ ദാതാവു് “ഇന്നലെ”കളിൽനിന്നും “ഇന്നു”കളിൽനിന്നും അതീതനായ അനന്തസ്വരൂപനാണു്. പക്ഷേ ഇന്നും ഈ സ്നേഹപ്രമാണം പ്രാവത്തികമായിട്ടില്ല, അതുകൊണ്ടുദ്ദേശിച്ച മാനസികപരിവത്തനം പുറത്തുവന്നിട്ടുമില്ല. ദൈവികമായ സ്നേഹപ്രമാണത്തിന്റെ രണ്ടാംഭാഗം അതിന്റെ ഒന്നാംഭാഗത്തിനോടു് തുല്യപ്രാധാന്യമുള്ളതായി അംഗീകരിക്കുന്നതിലുള്ള നമ്മുടെ വൈമുഖ്യമാണിതിനു കാരണം. “നിന്റെ കർത്താവായ ദൈവത്തെ നിന്റെ പൂർണ്ണമനസ്സോടുകൂടി നീ സ്നേഹിക്കുക” എന്ന പ്രഥമശാസനത്തിന്റെ അപ്രധാനവും അപ്രായോഗികവുമായ ഒരനുബന്ധമായി മാത്രമേ “നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക” എന്ന ദ്വിതീയാർദ്ധം സ്വകാര്യമാത്രപ്രഥമാനോദ്യമനായ മനുഷ്യൻ സ്വീകരിച്ചിട്ടുള്ളു. ഇതു പരിതാപകരമായ ഒരു പരമാത്ഥമാണു്. മേൽപ്പറഞ്ഞ മാനസികപരിവത്തനത്തിന്റെ പരാജയത്തിനുള്ള പ്രഥമകാരണവും ഇതുതന്നെ.

ദൈവസ്നേഹത്തിന്റെ ഇതരരൂപമാണു് സഹോദരസ്നേഹം. “നിന്റെ സഹോദരനെ സ്നേഹിക്കാതെ നീ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുന്നുവെങ്കിൽ നീ കള്ളംപറയുന്നു. നീ വഞ്ചകനാകുന്നു” എന്ന വിശുദ്ധ ഗ്രന്ഥത്തിലെ വാക്യങ്ങൾ ദൈവസ്നേഹത്തിന്റേയും സഹോദരസ്നേഹത്തിന്റേയും അഭേദ്യബന്ധത്തെ സ്ഥിരീകരിക്കുന്നു. കാലിത്തൊഴുത്തുമുതൽ കാൽവരിഗിരിവരെയുള്ള ക്രിസ്തുനാഥന്റെ എളിയജീവിതം പരസ്നേഹത്തിന്റെ പര്യായമായിരുന്നു. പക്ഷേ ക്രിസ്തുവിന്റെ അനുഗാമികളെന്നു അഭിമാനിക്കുന്ന നാം ആ പുണ്യപൂമാന്റെ പവിത്രവും പരസ്നേഹപ്രധാനവുമായിരുന്ന ജീവിതരീതി സ്വീകരിക്കുന്നതിൽ ഇന്നും വിമുഖരാണു്.

“മറെറാരു ക്രിസ്തു”വാകാൻ ബദ്ധപ്പെടുന്ന നാമോരോരുത്തരുടേയും തനിനിറം മേൽപ്പറഞ്ഞ സ്നേഹപ്രമാണത്തിന്റെ വെളിച്ചത്തിൽ ഒന്നു കണ്ടിരിക്കുന്നതു് ഉപകാരപ്രദമായിരിക്കും. മതതീക്ഷ്ണത അഭിനയിക്കുന്ന നമ്മിൽ പലരും സ്വസഹോദരനോടു് മനുഷ്യത്വത്തോടുകൂടി പെരുമാറുവാൻ മറന്നുപോകുന്നു, അഥവാ മടികാണിക്കുന്നു. “ഒരു കോലളവൂഴി കിട്ടുവാനായ് പുരുരക്തകടലായിരം ചമപ്പോരും” മടിക്കാത്ത കുടിലചിത്തരാണു് നമ്മിലധികംപേരും. കമ്മ്യൂണിസത്തിന്റെ പ്രത്യക്ഷശത്രുക്കളായി കണ്ഠക്ഷോഭം നടത്തുന്ന പലരും “പണമില്ല, തുണിയില്ല, ഭക്ഷണമില്ല”എന്ന ദീനരോദനത്തിന്റെ മുമ്പിൽ മനംമടുത്തു പുറംതിരിഞ്ഞുനടക്കുന്നതു് യാഥാത്ഥ്യങ്ങളെ നേരിടാനുള്ള നമ്മുടെ കഴിവുകേടിനെയാണു വിളിച്ചറിയിക്കുന്നതു്.

മനുഷ്യന്റെ ജീവിതാശയുടെ മേൽ ദാരിദ്ര്യം ആഞ്ഞടിക്കുമ്പോൾ ചീറിച്ചിതറുന്ന തീപ്പൊരികളാണു് വിപ്ലവചിന്തകളെന്നും, അതിന്റെ മാരകമായ ഘോരഫലങ്ങളാണു് നിമ്മതത്വവും നിരീശ്വരത്വവുമെന്നും നാം അറിഞ്ഞിരിക്കണം. സ്വാത്ഥപരായണരായ ചില വഴിപിഴച്ച ചിന്തകരുടെ നശീകരണപ്രവണതകൾ ഇതിനു വളംവച്ചിട്ടുണ്ടെന്നുമാത്രം. ഒരു മനുഷ്യനെന്ന നിലയ്ക്കു് നാമോരോരുത്തരും ഇതിനെതിരായി ഉയരണം. പക്ഷേ ഇതിനു “നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക” എന്ന വിശിഷ്ടമായ ആ “സമസ്നേഹസിദ്ധാന്തം” നമ്മുടെ ശ്രവണപുടങ്ങളിൽ മുഴങ്ങിക്കേൾക്കണം. ഇതിനനുയോജ്യമായ ഒരു മാനസികപരിവർത്തനത്തിനു സ്വയം വഴിപ്പെടണം. അപ്പോൾ കമ്മ്യൂണിസത്തിന്റെനേരെ കുത്തുവാക്കുകൾ പാഞ്ഞു സമയം കളയേണ്ടിവരികയില്ല. “മറെറാരു ക്രിസ്തു”വാകാൻ അധികം ബുദ്ധിമുട്ടേണ്ടതുമില്ല.

മേടയിലെ “ഭാഗ്യജീവികളെ”പ്പോലെതന്നെ ജീവിതാനന്ദം അനുഭവിക്കാനുള്ള ആശയും അവകാശവും കുടിലിലെ കുഞ്ഞോമനകൾക്കും ഉണ്ടെന്നുള്ള വാസ്തവം നാം വിസ്മരിക്കുന്നു. ജീവിതത്തിന്റെ പരുപരുത്ത വശങ്ങളുമായി ഏററുമുട്ടി താറുമാറായ ഒരു ജീവിതത്തിലേക്കു പരസ്നേഹത്തിന്റെ ഒരു കൈത്തിരിയുമായി ഇറങ്ങിച്ചെന്നു് സഹായഹസ്തം നീട്ടിക്കൊടുക്കാനുള്ള ഒരു “നല്ല മനസ്ഥിതി” നമുക്കിനിയും ലഭിച്ചിട്ടില്ല. പണക്കാരനും പാവപ്പെട്ടവനുമിടയ്ക്കു് നാണയം നിമ്മിച്ച അതിത്തിക്കല്ലുകളുടെ അത്ഥശൂന്യത നമുക്കു ബോദ്ധ്യമായിട്ടില്ല. കപടഭക്തിയെക്കാൾ ഹൃദയവിശുദ്ധിയും, പണക്കൊഴുപ്പിനെക്കാൾ പരസ്നേഹപ്രവണതയും വിശ്വൈകവിധാതാവിനു പ്രിയംകരങ്ങളായിരിക്കുമെന്നു നാം മനസ്സിലാക്കണം.

“നീ ബലി സമപ്പിക്കുന്നതിനു മുമ്പായി നിന്റെ സഹോദരനുമായി രമ്യപ്പെടുക” എന്നു് ശക്തിയുക്തം നമ്മെ ഉദ്ബോധിപ്പിച്ച ക്രിസ്തുനാഥൻ മനുഷ്യന്റെ സാമൂഹ്യബോധത്തിനും സാമൂഹ്യനീതിയുടെ സുസ്ഥിതി പരിപാലിക്കുന്നതിനുള്ള അവന്റെ ചുമതലയ്ക്കും ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം അനുവദിച്ചിട്ടുണ്ടെന്നു കാണാം.

നീതിക്കുവേണ്ടി വടംവലി നടത്തുന്ന നാം ഈ പരമാത്ഥം മറന്നു കളയുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ കൊലപാതകിയായ കായേൻ ധിക്കാരപൂവ്വം ദൈവത്തോടു ചോദിച്ചു, എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനാകുന്നുവോ? എന്നു്. പരസ്നേഹലേശമേശാത്ത നമ്മുടെ പ്രവത്തനങ്ങൾ കായേന്റെ ധിക്കാരവാക്കുകളെത്തന്നെ ഇന്നും വിളിച്ചു പറയുന്നു. എന്നാൽ ക്രിസ്തുനാഥൻ ഒടുക്കത്തെ വിധിദിവസം പരസ്നേഹവിഹീനരായ മനുഷ്യരുടെ നേരേ തിരിഞ്ഞു് ഇങ്ങനെ പറയും “......സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്റെ ഏററവും എളിയ ഈ സൃഷ്ടികളിൽ ഒന്നിനോടു് നിങ്ങൾ അനുഷ്ഠിക്കാതിരുന്നതു് എന്നോടുതന്നെ ചെയ്യാതിരുന്നതായി ഞാൻ കരുതുന്നു.” അപ്പോൾ “സഹോദരന്റെ കാവൽക്കാരൻ” ആകേണ്ടിയിരുന്നതിന്റെ ആവശ്യകത അവർക്കു മനസ്സിലാകും.



പോത്താനിക്കാട്ടു് കവലയിൽ
മനോഹരമായി പണികഴിപ്പിച്ചിരിക്കുന്ന
**ജൂബിലി മെമ്മോറിയൽ കപ്പേള**

## ചെറുകഥ

# വെളിച്ചം വീശുന്നു

(ജോസഫ് മററം)

ഒരു ക്ഷയരോഗിയെപ്പോലെ മെലിഞ്ഞുവിളറിയ അമ്പിളിക്കല ആകാശത്തട്ടിൽ നിന്നിരുന്നു. ഏതോ ഒരു തളർവാതക്കാരൻെറ നിശ്വാസംപോലെ ലോലമായ തണുത്ത കാററടിച്ചുകൊണ്ടിരുന്നു; കുഴമ്പുകളുടേയും തൈലങ്ങളുടേയും രൂക്ഷമായ ഗന്ധം ആ കാററിലലിഞ്ഞുകിടന്നിരുന്നു.

മങ്ങിയ നിലാവെളിച്ചത്തിൽ, വളരെ അടുത്തുചെന്നു നോക്കിയാലേ ആ വീടു കാണത്തൊള്ളൂ. ആ നിലാവിൻെറ തരിയുടെ പ്രകാശംപോലുമില്ലാത്തൊരു മണ്ണെണ്ണവിളക്കു കത്തുന്നുണ്ട്, ആ മുറിയിൽ.

ഒരു കയററുകട്ടിലിൽ ഒരു രോഗി കിടന്നു കരയുന്നു. ചുക്കിച്ചുളിഞ്ഞ ആ മുഖത്ത് ആരമ്പുല്ലുപോലെ വളർന്നുനില്ക്കുന്ന നീണ്ട ശ്മശ്രുക്കളിൽ മഞ്ഞുതുള്ളികൾ പോലെ കണ്ണീർക്കണങ്ങൾ പററിയിരുന്നു.

"എടീ."

അയാൾ വിളിച്ചു. യാതൊരു മറുപടിയുമില്ല. "എടീ," അയാളൊന്നുകൂടി നീട്ടിവിളിച്ചു. ഒരു ഫർലാങ്ങ് നീളമുള്ള ഒരു വിളി. അടുക്കളയിൽ എന്തോ മുട്ടുകയും തട്ടുകയും ചെയ്യുന്ന ശബ്ദം.

"ഇപ്രത്തോട്ടൊന്നു വന്നേടീ മുതുപെശാചെ!"

"യ്യോ! ചെവീം തലേമില്ലല്ലോ! നിങ്ങക്കെന്താന്നു പറ."

ഒരു സ്ത്രീ ആ മുറിയിലേക്കു കടന്നുവന്നു. അവരുടെ കൈയിൽ ഒരു കറിക്കത്തിയുണ്ടായിരുന്നു; ആ മണ്ണെണ്ണവിളക്കിൻെറ പാവപ്പെട്ട തീനാളം പേടിച്ചുവിറച്ചുകൊണ്ടിരുന്നു.

"യെടീ! നീ ആ കൊഴമ്പൊന്നുടെ പെരട്ടിക്കേ!"

"ഇപ്പഴല്ലേ പെരട്ടിയേച്ചങ്ങു പോയതു്. അവ്ടെയെങ്ങാൻ കെട. ഞാനാക്കിഴിയൊന്നനത്തട്ടെ."

"എടീ മൂശേട്ടെ, എന്നേക്കൊണ്ടതികം പറേക്കാതെ."

എഴുന്നേല്ക്കാൻപോലും വയ്യാത്തൊരു രോഗിയാണയാൾ; ഒരു തളർവാതക്കാരൻ. അടകിടപ്പുതുടങ്ങിയിട്ടു് വർഷം കുറെഏറെയായി. പ്രാഞ്ചോററയമക്കളെല്ലാം വേറെ വേറെ പൊറുതിയാരംഭിച്ചു. ഈ കഷ്ടപ്പാടിൻെറ മദ്ധ്യേ, അവരെത്രനാൾകിടന്നു നരകിക്കും? ഭാരമെല്ലാം ആ വയസ്സിത്തള്ളയെ ഏല്പിച്ച് അവർ അവരുടെ വഴിക്കുപോയി. വല്ലപ്പോഴുമൊക്കെ വരും, അന്വേഷിക്കും, പോകും അത്രതന്നെ.

ആ പെൺപിറന്നവർ ഉള്ളം കൈക്കുമ്പിളിൽ ഒരു കാൽത്തുടം കുഴമ്പുമായി വീണ്ടും ആ മുറിയിലേക്കുവന്നു. അവരതു് അയാളുടെ ദേഹമാസകലം ഉഴിഞ്ഞുപുരട്ടി. സർവ്വാംഗോം വേദനിക്കുന്നു! അയാൾ വേദനകൊണ്ടു വാവിട്ടു നിലവിളിച്ചു.

"ഇമ്മിണി പയ്യെത്തിരുമ്മെടീ മുതുപെശാചെ."

"ഓ!" അവരുടെസഹനത്തിനുമില്ലേ ഒരതിരു്? അവരെത്ര നാളായി ഈ കണ്ണുനീരുകുടിക്കുന്നു! അതിയാൻെറസുഖക്കേടിനാണെങ്കിൽ ഒരു നെല്ലിട കുറവില്ല. കൂടുതലുണ്ടോ, അതുമില്ല. കിടന്നകിടപ്പിൽ കിടക്കുക; ശുശ്രൂഷിക്കാൻ വരുന്നവരോടു മെക്കിട്ടുകേറുക. അതാണയാളുടെ തൊഴിൽ. അയാൾക്കും സഹികെട്ടു, കിടന്നുകിടന്നു മൊരഞ്ഞു.

കുഴമ്പിൻെറ ദുർഗ്ഗന്ധം ആ മുറിയിലെ വായുവിലെല്ലാം കലർന്നിരുന്നു. ഒരു പച്ചമരുന്നുകടയിലേതുപോലെ ഏതാണ്ടിലകളും വേരുകളും കമ്പുകളും അയാളുടെ കട്ടിലിനു താഴെ കുന്നുകൂടിക്കിടന്നിരുന്നു.

വീട്ടുകാരി എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു് വീണ്ടും ആ മുറിയിലേക്കുവന്നു; അവരുടെ കൈയിൽ ആവി പൊങ്ങുന്ന ഒരു കിഴിയുണ്ടായിരുന്നു. ആ കിഴി അവർ ആമ്പ്രന്നോൻെറ ശരീരത്തിലുടനീളം പിടിച്ചുകൊണ്ടിരുന്നു. രോഗി വേദനകൊണ്ടു കിടന്നു പുളയുകയാണ്.

"ഹൊ! ഇവളെന്നെ കൊല്ലുമല്ലോ. മൂട്ട കുറേക്കൂടെ കൊറേട്ടടീ വങ്കടമേ!"

"മിണ്ടാതെ അവിടെങ്ങാൻകെടക്കാനൊള്ളതിനു്!"

"ഓ! മിണ്ടിയാ നീ എന്നാ ചെയ്യുമെടീ... കാലു നൂത്തൊരു തൊഴി ഞാനങ്ങുവച്ചുതരും."

"പൊങ്ങീട്ടുവേണ്ടേ? വെറുതെയല്ലാ..."

അവർ വീണ്ടും അടുക്കളയിലേക്കുപോയി. മറൊരു കിഴിയെടുക്കാൻ.

"നിറുത്താറായില്ലേടോ തൻെറ പ്രസംഗം?"

അയൽക്കാരൻ രോഗവിവരമന്വേഷിക്കാൻ കയറിവന്നതാണ്. "താനിങ്ങനെ കെടക്കണം; ഇതാ തനിക്കു സുഖം. അല്ലെങ്കി ഞാനെത്രനാളായി പറേന്നു, ആ മനുഷ്യനെ ഒന്നു കാണാനു്."

"എൻെറ മോനെ, ഞാനിതിയാനോടു് ഇന്നു വൈകിയേനിടക്കു് ഒരമ്പതു പ്രാവശ്യമല്ലാ പറഞ്ഞതു്. ചെവീലോട്ടൊന്നു കേറണ്ടേ? പാറേമ്പം എന്നെ തൊഴിക്കാനാ വരുന്നെ."

"കൊണ്ടെക്കളേടാ ഇതുക്കൂട്ട പൊട്ടക്കതകളൊക്കെ. അല്ലാ, മനുഷ്യരു വല്ലോരും വിശ്വസിക്കുന്നതാണോ?"

"തന്നെപ്പോലെ ചില മരമണ്ടസമ്മാരൊണ്ടു്. കണ്ടാപ്പോലും വിശ്വസിക്കേലാത്തതായിട്ടു്."

"അവനോട്ടു പോയി വല്ല തവികൃതാനോ പെരപണിയാനോ പറ. അവൻെറ ഒരു മന്ത്രവാതം!"

"ഇതിയാനോടൊന്നും പറേണ്ടാ."

"എടോ ഞാൻ കണ്ണുകൊണ്ടു കണ്ടകാര്യമാ. കുട്ടരോഗിയെ സുഖപ്പെടുത്തുന്നതും, പൊട്ടക്കണ്ണനു കാഴ്ചകൊടുത്തതും, പക്ഷവാതക്കാരനെ ഠപ്പേന്നു് എഴുന്നേല്പിച്ചുവിടുന്നതും മററും."

ആ രോഗി ചിരിച്ചു. എങ്കിലും അയാൾ എന്തോ ചിന്തിക്കുന്നതുപോലെ തോന്നി. ചൂടുള്ള കിഴി കുത്തിയിരുന്നതുകൊണ്ടു് അയാൾ ഞെളിയുകയും പിരിയുകയും ചെയ്തുകൊണ്ടിരുന്നു.

"നീ കണ്ടതാണോ, നേരുപറ."

"അല്ലാ നൊണയാ. പറഞ്ഞാ വിശ്വസിക്കേലാ. ഞാനിന്നും കണ്ടേച്ചാ വരുന്നെ. എന്തു പുരുഷാരം! നമ്മുടെ ഉത്സവത്തിനു പോലുമില്ലാ ഇത്രേമാൾക്കൂട്ടം.

"എന്നിട്ടവനെന്തു പറഞ്ഞു?"

"പറയുന്നതെന്താണെന്നുമാത്രമെന്നോടു ചോദിക്കരുതു്. എനിക്കൊന്നും തിരിഞ്ഞില്ല. എന്തൊക്കെയോ പറയുന്നതുകേട്ടു. എന്നാ സ്വരമാ! എന്നാ നെറമാ? ഹൊ! ഒരു കുഞ്ഞുപോലുമനങ്ങണമല്ലോ."

"നമ്മക്കു നാളെത്തന്നെ പൊക്കളയാം. അല്ലേ?" വീട്ടുകാരി അഭിപ്രായത്തിനായി കെട്ടിയവൻെറ മുഖത്തേക്കുനോക്കി. കോപത്തിൻെറ തിരയടിമാത്രമവിടെ കാണാനില്ലായിരുന്നു.

"ശ്ശെടാ, എനിക്കിന്നും വിശ്വാസം വരുന്നില്ല. ഒന്നുവല്ലേലും ആ മൂത്താശാരിടെ മോനല്ലേ അവൻ."

"അയ്യാ. അങ്ങനെ പറയാതെ. ദൈവദോഷമൊണ്ടാകും. കണ്ടാലെങ്ങനെയിരിക്കുമെന്നോ? കണ്ണഞ്ചിപ്പോകും ആ മുഖം കണ്ടാൽ. എന്തൊരു വെട്ടമാ. സൂര്യനുദിച്ചുവരുന്നപോലെ."

"ആഹാ!" ആ സ്ത്രീക്കും അത്ഭുതം തോന്നി.

"എൻെറ ചേടത്തീ അങ്ങനെ തന്നെ. നല്ല പളുങ്കു പളുങ്കുപോലിരിക്കുന്ന ഒരു കൊച്ചൻ."

"ഏതായാലും പെലകാലെ പൊക്കളയാം."

രോഗിക്കും വിശ്വാസമായി. "നിങ്ങളൊരു മഞ്ചലോ, കൊച്ചുകട്ടിലോ വല്ലോമൊന്നു്...."

"അതൊക്കെ റഡി. ഇയാളൊന്നു മനസ്സുമൂളാഞ്ഞിട്ടല്ലേ?" കൂട്ടുകാരൻ ചോദിച്ചു, "നല്ല ഒറപ്പായോ?"

"ഒറപ്പായി."

"നല്ല വിശ്വാസമൊണ്ടേ മതി. ഞങ്ങളു പറഞ്ഞെന്നുവെച്ചു പോരണ്ടാ."

"വിശ്വാസമായി."

രോഗി അന്നു രാത്രി നന്നായിട്ടുറങ്ങി. വേദനയ്ക്കു വളരെകുറവുണ്ടെന്നു തോന്നി. പേക്കിനാവുകളൊന്നും അയാളുടെ ഉറക്കത്തെ ശല്യപ്പെടുത്തിയില്ല.

നേരം വെളുത്തു. ഓല മറയിലൂടെ പുലരിയുടെ കൈകൾ ആ മുറിയിലേക്കു കടന്നു ചെന്നു, ഏതോ അത്ഭുതം പ്രവർത്തിക്കുവാനെന്ന മട്ടിൽ.

രോഗി ഉണർന്നു; ദേഹമാസകലം വേദനയുണ്ടു്. കൈയും കാലും അനക്കത്തില്ല; എല്ലാം പഴയപടിതന്നെ.

രാവിലത്തെ കഷായം കുറുക്കിപ്പററിക്കുകയായിരുന്നു അയാളുടെ വീട്ടുകാരി.

ഒരു ചാക്കുകട്ടിലുമായി അയൽക്കാരിൽ നാലുപേർ അവിടെ വന്നുകഴിഞ്ഞു. രോഗിയുടെ ഈ മനം മാററം അവരിൽ അത്ഭുതം ജനിപ്പിച്ചുകഴിഞ്ഞിരുന്നു.

കഷായം കുടി കഴിഞ്ഞപ്പോൾ അവർ നാലുപേരുംകൂടി അയാളെ എടുത്തു കട്ടിലിലാക്കി. എന്നിട്ടു് അവർ ശീഘ്രം നടന്നു. അയാളുടെ ഭാര്യ സന്തോഷത്തോടെ ആ രംഗം നോക്കിനിന്നു.

ചരലു നിറഞ്ഞ നാട്ടുവഴിയിൽക്കൂടിയുള്ള യാത്ര അസുഖകരമായിരുന്നു. എങ്കിലും കിടക്കയിൽ മലർന്നു കിടന്നിരുന്ന രോഗിയുടെ മനസ്സു് ഉല്ലാസലോലമായിരുന്നു.

ചരൽക്കല്ലുകളുടെ മുകളിലൂടെ യാത്ര ചെയ്തതുകൊണ്ടു് അവരുടെ കാലുകളും, ഭാരംതാങ്ങിയിരുന്നതുകൊണ്ടു് അവരുടെ കൈകളും വേദനിച്ചുകൊണ്ടിരുന്നു.

പെരുവഴിയോടു ചേർന്നുള്ള ഒരു കെട്ടിടത്തിനു ചുററും ഭയങ്കര ജനപ്രളയമാണ്, പൂരയ്ക്കകവും പുറവും, മുററവുമെല്ലാം ആളുകളെക്കൊണ്ടു് നിറഞ്ഞിരിക്കുന്നു.

കൈ കഴച്ചോടിയുന്നു! അവർ ചുമടു് അവിടെയിറക്കി. ആരുമാരും അവരെ ശ്രദ്ധിക്കുന്നില്ല. എല്ലാവരുടേയും ശ്രദ്ധ മുറിക്കകത്താണ്. അവിടെനിന്നും ലോലമായ ഒരു സ്വരം കേൾക്കാം; തേനിൽ മുക്കിയ സ്വരം! അദ്ദേഹം പ്രസംഗിക്കുകയാണ്.

"എടാ ഒന്നു ചിമുങ്ങാനെടയില്ലല്ലോ. എന്തു പുരുഷാരം! ഒരിച്ചിരെ വഴി കിട്ടിയെങ്കിൽ."

"വിദ്യ ഞാമ്പറയാം. നമ്മക്കിയാളെ പുരക്കു മുകളിൽ വലിച്ചുകേററി അകത്തേക്കിറക്കാം." യഹൂദഭവനങ്ങളുടെ മട്ടുപ്പാവിൽക്കൂടി ഇതു സാധിക്കുമായിരുന്നു.

"അതു ശരിയാണോ?"

"പിന്നല്ലാതെ?"

കോവണി വഴി അവർ നാലുപേരും കൂടി അയാളെ കട്ടിലോടെ പുരപ്പുറത്തേക്കു വലിച്ചുകയററി.

അദ്ദേഹം നേരെ താഴെ ജനങ്ങളോടു സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. ആ വാങ്മാധുരിയിൽ മയങ്ങിപ്പോയ അവർ ബന്ധിതരെപ്പോലെ ഇരുന്നു.

ബലമേറിയ ഒരു കയറിൽ ആ കിടക്കയും രോഗിയും ആ മുറിയുടെ മദ്ധ്യഭാഗത്തേക്കിറങ്ങി വന്നുകൊണ്ടിരുന്നു. കൂട്ടുകാർ ആ വടത്തിൽ കരുതിപ്പിടിച്ചിട്ടുണ്ടു്.

അവരയാളെ താഴെയിറക്കി, വളരെ സൂക്ഷിച്ചു്.

ഇതെന്തു കൂത്താണെന്നറിയാതെ ആളുകൾ അമ്പരന്നു. അവർ ഗുരുവിൻെറ മുഖത്തേക്കു നോക്കി. പക്ഷേ ആദ്ദേഹത്തിൻെറ കണ്ണുകൾ ആ രോഗിയുടെ ആത്മപരിശോധന നടത്തുകയായിരുന്നു. അയാളുടെ പാതി വിടർന്ന കണ്ണുകൾ, പ്രസിഡണ്ടിൻെറ അനുകമ്പ യാചിക്കുന്ന മരണത്തിനു വിധിക്കപ്പെട്ട ഒരു കുററവാളിയുടേതുപോലെ ദയനീയമായിരുന്നു; അയാളുടെ കണ്ണുകളിൽനിന്നു് ഉത്തമമനസ്താപത്തിൻെറ നീർച്ചാലുകൾ ഒഴുകിക്കൊണ്ടിരുന്നു. രോഗിയുടെ ആത്മാവിൻെറ എക്സ്റേഫോട്ടൊ എടുത്തു കഴിഞ്ഞപ്പോൾ ഗുരുവിൻെറ മുഖമൊന്നു പ്രസാദിച്ചു. അഭൗമമായ ഒരു തേജസ് ആ വദനത്തിൽ കളിയാടി. അദ്ദേഹം തിരുവായ് മൊഴിഞ്ഞു, "മകനെ, നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നു്.

ചിലർക്കതു രസിച്ചില്ല. അവർ പിറുപിറുത്തു. അമ്പടാ, അവൻ ദൈവദൂഷണം പറയുന്നു. ഒരുത്തൻെറ പാപം പൊറുക്കാനിവനാരാ?

അവരുടെ വിചാരങ്ങളും ഇംഗിതങ്ങളും പിറുപിറുക്കലുകളുമെല്ലാം അദ്ദേഹത്തിനു ശരിക്കു മനസ്സിലായി. അക്കാര്യം അവരെക്കൂടി ഒന്നറിയിക്കുവാനായി അദ്ദേഹം, അത്ഭുതസ്തബ്ധനായിരിക്കുന്ന രോഗിയോടു പറഞ്ഞു: "നീ എഴുന്നേററു നിൻെറ കട്ടിലുമെടുത്തു വീട്ടിലേക്കു പോകുക."

കണ്ണുകളായ കണ്ണുകളെല്ലാം അവൻെറമേൽ പതിഞ്ഞു, കാണാമല്ലോ ഇപ്പോൾ ഗുരുവിൻെറ പൊള്ളത്തരം വെളിക്കുവരുന്നതു്!

അവൻ സാവധാനമെഴുന്നേററു; കുഴപ്പമൊന്നുമില്ല. കൈകാ

---

പരസ്നേഹത്തിൻെറ പ്രാധാന്യം മനസ്സിലാക്കി, നാം ഒരു മാനസികപരിവർത്തനത്തിനു വഴിപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഈ പരിവർത്തനത്തിൻെറ ഫലങ്ങൾ അത്യന്തം ആനന്ദസംദായകവും ആഹ്ലാദകരവുമായിരിക്കും. സമാധാനത്തിനുവേണ്ടി സംഘടനകൾ രൂപീകരിക്കേണ്ടിവരികയില്ല, രാഷ്ട്രങ്ങൾ ഈ പരിവർത്തനത്തിനു വഴിപ്പെട്ടാൽ. നശീകരണപ്രവണതകൾ പടുത്തുയർത്തിയ അനേകം ആയുധനിർമ്മാണശാലകൾ ഉപയോഗപ്രദങ്ങളായ ഉപകരണനിർമ്മാണശാലകളായി രൂപം പ്രാപിക്കും. സാമൂഹ്യസ്ഥിതിക്കുവേണ്ടി നാം അലഞ്ഞുതിരിയേണ്ടിവരുകയില്ല. ചോദ്യചിഹ്നങ്ങൾ ഉയരുകയുമില്ല.


അപ്പോൾ ശാസ്ത്രീയനേട്ടങ്ങൾ നമുക്കു കൂടുതൽ ഉപകാരപ്രദങ്ങളായി ഭവിക്കും. ശരിയായ പുരോഗമനം സുസാദ്ധ്യമാകും. അയൽഗൃഹത്തിലെ സഹോദരൻെറ കഷ്ടതകളുടെ നേരെ കണ്ണടച്ചിട്ടു് അയൽഗൃഹത്തിലെ മനുഷ്യവാസത്തെപ്പററി അന്വേഷിക്കുവാൻ നാം വെമ്പൽകൊള്ളുകയില്ല.

---

ഫാത്തിമാമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

വാത്തികുളങ്ങര ജോസഫ്
ഭാര്യ അന്ന, ഞാറക്കൽ.

---




THANKSGIVING
for favours received
Mrs. Benedict

---



# പരിശുദ്ധമാർപ്പാപ്പാ കർഷകരുടെ മദ്ധ്യത്തിൽ

## കർഷകജനതയ്ക്കു അമൂല്യമായ ഉൽബോധനം

കഴിഞ്ഞ മേയ് 18-ാംനു- പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഇററലിയിലെ കർഷകവൃന്ദത്തിൻെറ മഹാസംഘടനയായ "നാഷനൽ ഫെഡറേഷൻ" പ്രതിനിധികളെ സ്വീകരിച്ച് കർഷകജീവിതത്തെ സ്പർശിക്കുന്ന മഹനീയ തത്വങ്ങൾ ഉള്ളടക്കി അമൂല്യമായ ഒരു പ്രഭാഷണം ചെയ്യുകയുണ്ടായി. ലോകത്തുള്ള എല്ലാ കർഷകരുടേയും സവിശേഷമായ ശ്രദ്ധയിൽ പെടേണ്ട ഒരുൽബോധനമാണ് അതിൽ അടങ്ങിയിരിക്കുന്നതു്. പരിശുദ്ധ പിതാവു് പറഞ്ഞു:-

"പ്രിയ മക്കളേ, ഇററലിയുടെ എല്ലാ ഭാഗങ്ങളിലുമുള്ള സ്ഥലമുടമസ്ഥന്മാരുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു്, നിങ്ങളുടെ കുലീനമായ തൊഴിൽ സംബന്ധിച്ച് ക്രിസ്ത്യാദർശം പ്രായോഗികമാക്കുന്നതിനുള്ള നിങ്ങളുടെ നിശ്ചയത്തെ ഏകയോഗമായി പ്രഖ്യാപിക്കുന്നതിനാണല്ലോ നിങ്ങൾ ഇവിടെ ഈ റോമാനഗരത്തിൽ വന്നുകൂടിയിരിക്കുന്നതു് നിങ്ങൾക്കു പ്രോത്സാഹനവും അനുഗ്രഹങ്ങളും നൽകിക്കൊണ്ടു ഇതിനുമുമ്പ് മൂന്നു പ്രാവശ്യം നാം നിങ്ങളെ അഭിസംബോധന ചെയ്തിട്ടുണ്ടു്. ഇന്നു അത്യധികമായ ആനന്ദവായ്പോടെയാണ് നിങ്ങളെ നാം സ്വീകരിക്കുന്നതു്. പതിനായിരത്തിൽപരം ശാഖകളിലായി 25 ലക്ഷത്തിലധികം കർഷകതൊഴിലാളികളെ സംഘടിപ്പിച്ചിട്ടുള്ള നിങ്ങളുടെ "നാഷനൽ ഫെഡറേഷൻ" സ്ഥാപനത്തിലെ അംഗങ്ങളിൽ ഇവിടെ സന്നിഹിതരാകാൻ സാധിക്കാതെ വന്നിട്ടുള്ളവരേയും അതിബൃഹത്തായ ഈ പ്രതിനിധിസംഘത്തെ ദർശിച്ചുകൊണ്ടു് നാം അനുസ്മരിക്കുകയാണ്. എല്ലാവരും നമ്മുടെ ആശംസകളെ സ്വീകരിച്ചാലും നിങ്ങളുടെ പ്രയത്നങ്ങളുടേയും, പരിശ്രമങ്ങളുടെയും, നിരന്തരമായ ധീരകൃത്യങ്ങളുടേയും നിസ്സീമമായ സഞ്ചയത്തെ പൈതൃകമായ കൃതാത്ഥതയോടെ നാം സ്മരിക്കുന്നു. നിങ്ങൾ സഹിക്കേണ്ടിവരുന്ന നാനാതരത്തിലുള്ള വൈഷമ്യങ്ങൾക്കെതിരെ നിങ്ങൾ നിവ്വഹിക്കുന്ന ഈ സേവനം നിങ്ങളുടെ ഗണത്തെ രാജ്യത്തിൻെറ ഏററവും പ്രാബല്യമുള്ള സാമൂഹികവും ധാമ്മികവുമായ താങ്ങാക്കിത്തീർക്കുകയാണ്.

"നിങ്ങളുടെ സംഘടനയുടെ അംഗസംഖ്യമാത്രം പരിഗണിച്ചാൽ മതി അതിൻെറ പ്രാധാന്യത്തെപ്പററിഗ്രഹിക്കുന്നതിനു്. തൊഴിൽരംഗത്തെ ഏററവും പ്രമുഖവും പിൻബലമുള്ളതുമായ സംഘടനയാണതു്. രാജ്യത്തെ കാർഷികോല്പന്നങ്ങളിൽ 60 ശതമാനത്തിലധികം ഉണ്ടാക്കുന്ന ഈ വിഭാഗം രാജ്യത്തിൻെറ സാമ്പത്തികരംഗത്തു അതിപ്രബലമായ സ്വാധീനശക്തി കയ്യടക്കുന്നതിൽ അതിശയിക്കാനില്ലല്ലോ. ഇക്കാരണത്താൽ നിങ്ങളെ ഹാർദ്ദമായി അനുമോദിക്കുന്നതിനു് നമുക്കതിയായ ആനന്ദമുണ്ടു്. ഇതിലുപരിയായി നിങ്ങളെ നാം അനുമോദിക്കുന്നതു കത്തോലിക്കാ തിരുസഭയുടെ സാമൂഹികസിദ്ധാന്തങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് നിങ്ങളുടെ സംഘടന നിസ്തുലം പരിശ്രമിക്കുന്നു എന്നുള്ളതുകൊണ്ടാണ്.

### സഭയുടെ സാമൂഹിക സിദ്ധാന്തങ്ങൾ

"തിരുസഭയുടെ സാമൂഹിക സിദ്ധാന്തങ്ങൾ മനുഷ്യജീവിതത്തോടു് അതിൻെറ സ്വാഭാവികവും അതിസ്വാഭാവികവുമായ രംഗങ്ങളിൽ ഏററം സമ്യക്കായി സംയോജിക്കുന്നവയാണ്. മാനവസമുദായത്തിൻെറ പൊതുവെയുള്ള പ്രശ്നങ്ങളേയും, സാമ്പത്തികവ്യവസ്ഥിതിയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിണാമങ്ങളിൽ നിന്നുളവാകുന്ന സാഹചര്യങ്ങളേയും നേരിടുന്നതിനുള്ള സുഗമമായ മാർഗ്ഗങ്ങളെ അവ പ്രദാനം ചെയ്യുന്നുണ്ടു്. അതുകൊണ്ടു് നിങ്ങളുടെ പരമ്പരാഗതമായ ആചാരമയ്യാദകളെ പാലിച്ചുകൊണ്ടും നിങ്ങളുടെ അനുദിനാദ്ധ്വാനലബ്ധമായ സഹനശക്തിയോടുകൂടിയും നിങ്ങൾ ലോകത്തെ അസഹിഷ്ണത കുറഞ്ഞതും. ഭൗതികത്വത്തിൽ അമന്നുപോകാത്തതും വ്യക്തിമാത്രപ്രസക്തമായ അടിമത്തത്തിന്നടിപ്പെടാത്തതുമായി സംരക്ഷിച്ചുപോരുന്നു.

"ഈ ആദർശം പ്രായോഗികമാക്കുന്നതിനു വിഷമമുള്ളതാണെന്നു നിങ്ങൾക്കു നല്ലപോലെ അറിയാം. അതിനായി അനുഗമിക്കേണ്ട മാർഗ്ഗങ്ങൾ ദീർഘങ്ങളും പലപ്പോഴും ക്ലേശകരങ്ങളുമായിരിക്കും. പക്ഷെ 1944ൽ നിങ്ങളുടെ സംഘടന രൂപം പ്രാപിച്ച നാൾമുതൽ ഇന്നുവരെ നിങ്ങൾ പിന്നിട്ടിട്ടുള്ള ചരിത്രത്തെ ഒന്നവലോകനം ചെയ്താൽ നിങ്ങൾക്കു പ്രോത്സാഹജനകങ്ങളായ നിരവധി ന്യായങ്ങൾ അനുസ്മരിക്കുവാൻ സാധിക്കും. നിങ്ങളുടെ സംഘടനയുടെ അംഗസംഖ്യ



നാൾക്കുനാൾ അസൂയാവഹമാംവണ്ണം വർദ്ധിച്ചുവരികയാണ്. അതിൻെറ സംഘടനാപരവും പ്രവൃത്ത്യുൻമുഖവുമായ വികസനപരിപാടികൾ കൂടുതൽ കൂടുതൽ ശ്രേയസ്കരമായിക്കൊണ്ടിരിക്കുകയാണ്. അതു അടിയന്തിരമായ ഒരാവശ്യം നിവ്വഹിക്കുന്നു എന്നും കർഷകൻെറ യഥാത്ഥമായ പ്രവണതകളെ മനസ്സിലാക്കി തദനുസരണം പ്രവത്തിക്കുന്നു എന്നുമുള്ളതാണ് അതിൻെറ മേന്മ. അതിൻെറ അംഗങ്ങളെ സംബന്ധിച്ചു അതു സാധിച്ചിട്ടുള്ള ഏററം പ്രമുഖമായ സേവനം ഒരുപക്ഷെ അതവരെ രാജ്യവ്യാപകമായ സാമ്പത്തികജീവിതത്തിൻെറ ഭാഗഭാഗിത്വത്തെപ്പററി ഉൽബുദ്ധരാക്കി എന്നുള്ളതായിരിക്കാമെന്നു തോന്നുന്നു. ദേശപരമായ സങ്കുചിതരാജ്യസ്നേഹത്തിൻെറ ഇടുങ്ങിയ ആശയങ്ങളിൽനിന്നു തന്മൂലം അവർ സ്വതന്ത്രരായി. മണ്ണിനോടു മല്ലിടുന്ന കൃഷീവലൻ അവൻ അദ്ധ്വാനിക്കുന്ന സ്ഥലത്തോടു് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതും, അവൻെറ അഭിപ്രായങ്ങളിൽ മക്കടമുഷ്ടിത്വം ഭാവിക്കുന്നതും, വിശാലമായ മാറു വീക്ഷണകോണങ്ങളിലേക്കു ദത്താവധാനനാകുവാൻ സാധിക്കാതെ വരുന്നതും അത്ഭുതമല്ലല്ലോ.

### വൈദഗ്ദ്ധ്യവും വൈശിഷ്ട്യവും

"ഉല്പാദനത്തിൻെറ അതിപ്രധാനമായ അടിസ്ഥാനരംഗങ്ങളിൽ പ്രവർത്തിക്കുകയും അതിപ്രശസ്തമായി പരിണമിക്കുകയും ചെയ്തിട്ടുള്ള നിങ്ങളുടേതുപോലുള്ള ഒരു സാമൂഹികസംഘടനയ്ക്കു ചില പ്രത്യേകകർത്തവ്യങ്ങളുണ്ടു്. ചലിച്ചുകൊണ്ടിരിക്കുന്ന അഭിപ്രായഗതികളും ഒഴുകിക്കൊണ്ടിരിക്കുന്ന ആശയപ്രവാഹങ്ങളും മനസ്സിലാക്കുകയും രാജ്യപുരോഗതിക്കനുയോജ്യമായി വന്നുകൊണ്ടിരിക്കുന്ന അവയെ ഫലപ്രദമായി നിയന്ത്രിക്കുകയുംചെയ്യുന്നതിനു സംഘടന തയാറാകണം. ഇതുവഴി സംഘടനയുടെ സ്വന്തതാല്പയ്യങ്ങൾമാത്രമല്ല ലക്ഷ്യമാക്കുന്നതു്, പ്രത്യുത പൊതുനന്മകൂടിയാണുദ്ദേശിക്കുന്നതു്. നീതിയിൽ അധിഷ്ഠിതമായ തത്വങ്ങൾ ഗ്രഹിക്കുകയും വ്യക്തിപരമായ ജീവിതത്തിൽ അവയെ അനുഗമിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം നമ്മുടെ കർത്തവ്യം അവസാനിക്കുന്നില്ല. ഓരോരുത്തരുടേയും ജീവിതസാഹചയ്യങ്ങളിൽ അവയ്ക്കു പ്രചാരണം നൽകണം. മററുള്ളവക്കും അവയുടെ ഗുണഫലം അനുഭവവേദ്യമാകണം. രാജ്യതാല്പയ്യങ്ങളുടെ പ്രാധാന്യവും ശക്തിയും വിലയും അവരെ വിശദമായി ഗ്രഹിപ്പിക്കണം. നിലമുടമസ്ഥന്മാരായ കർഷകരുടെയിടയിൽതന്നെ സംഘടിതമായ യോജിപ്പു ശക്തിപ്പെടുത്തുന്നതോടൊപ്പം നിങ്ങളുടെ സംഘടന അവരുടെ പ്രയത്നങ്ങൾക്കു കൂടുതലായ ഫലദായകത്വവും, അവരുടെ കുടുംബപാരമ്പയ്യമനുസരിച്ചുള്ള ഉന്നതങ്ങളായ സൽഗുണങ്ങൾക്കും സ്വന്ത ഭൂമിയോടുള്ള സ്നേഹബന്ധത്തിനും അനുഗുണമായ വിശാലഹൃദയത്വവും പ്രദാനംചെയ്യുന്നുണ്ടു്.

"ഇന്നു പലരും അമിതമായ ആപത്തുകൾക്കു വിധേയരായിത്തീന്നിരിക്കുകയാണ്. സ്വാതന്ത്ര്യം ബലികഴിച്ചിട്ടുപോലും സുരക്ഷിതത്വത്തിനുവേണ്ടി അവർ യത്നിക്കുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ കർത്തവ്യത്തിൽ വിശ്വസ്തമായി ഉറച്ചുനില്ക്കുകയാണ്. മാതൃകാപരമായ മാനുഷികപരിയത്നങ്ങളിൽ . ആപത്തുകൾ എന്നും അഭിമുഖീകരിക്കേണ്ടിവന്നേക്കാം. എന്നാൽ ഏതാദൃശമായ യത്നങ്ങളാണ് രാജ്യങ്ങളുടെ ചരിത്രത്തിൽ അവയ്ക്കു സുസ്ഥിതിയേയും ശ്രേയസ്സിനേയും കൈവരുത്തുന്നതു്.

"കഴിഞ്ഞ ഉദ്ദേശം ഒരു വ്യാഴവട്ടക്കാലത്തെ പ്രവർത്തനംകൊണ്ടു നിങ്ങളുടെ സംഘടന സമാർജ്ജിച്ചിട്ടുള്ള നേട്ടങ്ങളെ വിശദമായി ഇവിടെ വിവരിക്കേണ്ടതു് നമ്മുടെ കൃത്യമല്ല. എങ്കിലും പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ചില സംഗതികളെങ്കിലും ഇവിടെ അനുസ്മരിക്കുന്നതിനു നാമഭിലഷിക്കുന്നു. കൺട്രാക്ററുകൾ, നികുതികുറയ്ക്കൽ എന്നിവ സംബന്ധിച്ചും, രോഗത്തിലും അനാരോഗ്യത്തിലും വാർദ്ധക്യത്തിലും സഹായം ലഭിക്കുന്നതിനുള്ള ഇൻഷ്യൂറൻസ് പദ്ധതിയുടെ ഗുണഫലങ്ങൾ കർഷകവിഭാഗത്തിനുകൂടി ലഭിക്കത്തക്കവണ്ണം വിസ്തൃതമാക്കുന്നതു സംബന്ധിച്ചും, അത്യാവശ്യാവസരങ്ങളിൽ ഉല്പന്നങ്ങളുടെ രക്ഷയ്ക്കും വിലയുടെ താരിപ്പിനും ഉറപ്പുനൽകുന്ന നടപടികൾ സ്വീകരിക്കുന്നതിനു സാങ്കേതിക-സാമ്പത്തികരംഗങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നതു സംബന്ധിച്ചും നിങ്ങൾ ശ്ലാഘനീയമായ വിധത്തിൽ പ്രവർത്തിച്ചിട്ടുണ്ടു്.

### കുടുംബപ്രശ്നം

"വെറും സാമ്പത്തികമായ കായ്യങ്ങളിൽമാത്രം പ്രവർത്തിക്കുന്നതുകൊണ്ടു നിങ്ങൾ സംതൃപ്തരായില്ല; കർഷകകുടുംബത്തിൻെറ മൗലികമായ പ്രശ്നം കാലാകാലങ്ങളിൽ നിങ്ങൾ ശ്രദ്ധയായി കൈകായ്യംചെയ്തു പോന്നിട്ടുണ്ടു്. ഏററവും ശരിയായ ഒരു പ്രവർത്തനരീതിയാണിതു്. 1952 ഫെബ്രുവരി 22-ാം തീയതി നിങ്ങളുടെ കോൺഫെഡറേഷനോടു നാം പ്രസ്താവിച്ചു, "നമ്മുടെ ഗ്രാമീണയുവസഞ്ചയത്തെ സ്വാധീനിക്കുന്നതിനുത്സാഹിക്കുക. ഈ ചെറുപ്പക്കാരിൽ ഹൃദയപൂർവ്വകമായ താല്പര്യം പ്രദർശിപ്പിക്കുക. അവരെ സംഘടിപ്പിക്കുകയും പ്രത്യേകപരിശീലനംവഴി കർഷകക്കടുത്ത അവരുടെ കർത്തവ്യങ്ങളെ നിവ്വഹിക്കുന്നതിനു അവരെ സജ്ജമാക്കുകയുംചെയ്ക. അവക്കു കൂടുതൽ വിശാലവും അവഗാഢവുമായ വീക്ഷണം ആദ്ധ്യാത്മികവും സാമൂഹികവുമായ കായ്യങ്ങളിൽ സ്വായത്തമാക്കുക"യെന്നു്. ഈ ആഹ്വാനത്തെ പുത്രനിവ്വിശേഷമായ അനുസരണത്തോടുകൂടി നിങ്ങൾ സ്വീകരിച്ചു. ഇന്നു കർഷകയുവാക്കന്മാരെ തൊഴിൽപരവും സാങ്കേതികവുമായ പരിശീലനത്തിനു പറഞ്ഞയക്കുവാൻ നിങ്ങൾക്കു കഴിയുന്നു. പിൽക്കാലങ്ങളിൽ അവർ അവരുടെ മഹത്തായ കർത്തവ്യങ്ങളെ ഉത്തമമായി നിവ്വഹിക്കുന്നതിനുള്ള പരിശീലനം സമ്പാദിച്ചുകൊണ്ടു് മടങ്ങിവരും. സാമൂഹികമായിട്ടുള്ള ഉത്തരവാദിത്വങ്ങളെ സമത്ഥമായി അവർ നിറവേററാതിരിക്കുകയില്ല.

"ഒരു കർഷകകുടുംബത്തിൽ സ്ത്രീക്കു ഭായ്യയുടേയും അമ്മയുടേയും സ്ഥാനത്തിനു പുറമെ കൃഷി സംബന്ധിച്ച പ്രധാനമായ ഒരു ഭാഗം എന്നും നിവ്വഹിക്കാനുണ്ടു്. കർഷകസംഘടനകൾ ഇതു വിസ്മരിക്കരുതു്. സംഘടനയുടെ പ്രവർത്തനത്തിൽ അവക്കും സ്ഥാനമനുവദിക്കണം. ഇക്കായ്യത്തിൽ നിങ്ങളുടെ പരിശ്രമങ്ങളുടെ ഫലദായകത്വത്തിൽ ഇന്നു നിങ്ങൾക്കു കൃതാത്ഥതയ്ക്കർഹതയുണ്ടു്.

"ഏവംവിധം കുടുംബത്തിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയുടെ പ്രയോഗം, ഇക്കാലത്തു വളരെപ്പേക്കു അധഃപ്പതനത്തിനു നിദാനമായിക്കൊണ്ടിരിക്കുന്ന ഒരു വലിയ ആപത്തിൽനിന്നു നിങ്ങളെ വിമോചിപ്പിക്കുന്നതായിരിക്കും. ഉൽക്കർഷത്തിനുള്ള വ്യാമോഹത്തെ അവർ തുടർച്ചയായ ധനവർദ്ധനവും ഉയന്ന ജീവിതനിലവാരവുമായി കൂട്ടിക്കുഴയ്ക്കുന്നു. എന്നാൽ സാമ്പത്തികരംഗത്തിൽതന്നേയും കുടുംബമാണ് സ്ഥായിയായി നില്ക്കുന്നതും ഭാവിതലമുറകളുടെ സുരക്ഷിതത്വത്തിനു നിദാനമാകുന്നതും. സാധനങ്ങളുടെ ധാരാളത്വവും വിലക്കുറവും, തൊഴിൽസംബന്ധിച്ച ലാഘവവും ഹ്രസ്വതയും അത്ര ഭദ്രമായ നന്മകളല്ല. കാരണം, അവ മനുഷ്യൻെറ ഭാവിയെപ്പററിയുള്ള ആശ

## ഉണ്ണിഈശോയോടുള്ള നൊവേന

ചോദിപ്പിൻ തരപ്പെടും, അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും എന്നു് അരുളിച്ചെയ്ത ഈശോ, എൻെറ അപേക്ഷ സാധിക്കുന്നതിനുവേണ്ടി അങ്ങേ ഏററവും പരിശുദ്ധജനനിയായ മറിയത്തിൻെറമാദ്ധ്യസ്ഥംവഴിയായി ഞാൻ ഇതാ മുട്ടുകയും അന്വേഷിക്കുകയും ചോദിക്കയും ചെയ്യുന്നു. (ആവശ്യം പറയുക. 1ആ. 1ന 1ത്രി.)

എൻെറ നാമത്തിൽ പിതാവിനോടു് ചോദിക്കുന്നതെല്ലാം ലഭിക്കുമെന്നു് അരുളിച്ചെയ്ത ഈശോ, എൻെറ അപേക്ഷ സാധിച്ചുതരണമെന്നു് അങ്ങേ തിരുനാമത്തിൽ അവിടുത്തെ പിതാവിനോടു് ഞാൻ എളിമയോടെ മുട്ടിപ്പായി അപേക്ഷിക്കുന്നു. (ആവശ്യം പറയുക. 1ആ. 1ന. 1ത്രി.)

ആകാശവും ഭൂമിയും കടന്നുപോകും എൻെറ വാക്കുകളോ കടന്നുപോകയില്ല എന്നു അരുളിച്ചെയ്ത ഈശോ, അങ്ങേ ഏററം പരിശുദ്ധജനനിയായ മറിയത്തിൻെറ മാദ്ധ്യസ്ഥംവഴിയായി എൻെറ പ്രാത്ഥന സാധിക്കുമെന്നു എനിക്കു് ഉറപ്പായ വിശ്വാസമുണ്ടു്. (1ആ. 1ന. 1ത്രി.)

### പ്രാർത്ഥിക്ക

ഓ! അത്ഭുതപ്രവത്തകനായ ഉണ്ണിഈശോ, അസ്വസ്ഥമായിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ ദയാപൂർവ്വം തൃക്കൺപാക്കണമെന്നു് അങ്ങേ തിരുസ്വരൂപത്തിൻ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് ഞങ്ങൾ അങ്ങയോടു് അപേക്ഷിക്കുന്നു. അനുകമ്പനിറഞ്ഞ അവിടുത്തെ മൃദുഹൃദയം ഞങ്ങളുടെ പ്രാത്ഥനയാൽ തരളിതമായി ഞങ്ങൾ സാദ്ധ്യപ്പെട്ടപേക്ഷിക്കുന്ന ഈ നന്മ ഞങ്ങൾക്കു് പ്രദാനം ചെയ്യണമേ! ദുർഭരമായ എല്ലാ ക്ലേശങ്ങളും നൈരാശ്യങ്ങളും എല്ലാ പരീക്ഷകളും ദൗർഭാഗ്യങ്ങളും ഞങ്ങളിൽനിന്നും അകററി അരുളണമെ. അങ്ങേ ദിവ്യശൈശവത്തെപ്രതി ഞങ്ങളുടെ പ്രാത്ഥന കേട്ടു ഞങ്ങൾക്കു് സമാധാനവും സഹായവും നൽകണമേ! പിതാവിനോടും പരിശുദ്ധാരൂപിയോടുംകൂടി അങ്ങേ ഞങ്ങൾ എന്നെന്നും പുകഴ്ത്തി സ്തുതിക്കുമാറാകണമേ!

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് കൃതജ്ഞത. താമസിച്ചതിന് ക്ഷമാപണം.

എന്നു,
ഒരു എളിയ സഹോദരി.

ലുകൾക്കു നല്ല ബലം; നല്ല ഉറപ്പ്! യാതൊരു തളർച്ചയുമില്ല.

അത്ഭുതമേ! ആ നിമിഷംവരെ തളർവാതക്കാരനായി ചടഞ്ഞുകൂടി കിടന്നിരുന്നവൻ അവൻെറ കട്ടിലുമെടുത്തു തലയിൽ വച്ചു് ഒരു നട കൊടുത്തു!

"ഒട്ടോ നില്ലവിടെ! ഞങ്ങളും കൂടി വരട്ടെടോ!" അവൻെറ കൂട്ടുകാർ പുരപ്പുറത്തുനിന്നും ഊർന്നിറങ്ങി അവൻെറ പിറകേ പാഞ്ഞു.

ആക്കുമാക്കും നാവു പൊങ്ങിയില്ല. അവർ വായും തുറന്നു കണ്ണും മിഴിച്ചു് അയാൾ പോയ വഴിയേതന്നെ നോക്കിക്കൊണ്ടിരുന്നു, ജീവനുള്ള പ്രതിമകളെപ്പോലെ.

കപ്പർനാഹാമിലെ ആൾക്കൂട്ടത്തിൻെറ മദ്ധ്യത്തിൽനിന്നും അദ്ദേഹം ഗലീലാക്കടലിൻെറ തീരത്തേക്കു യാത്രയായിക്കഴിഞ്ഞിരുന്നു.

ങ്കയെ ഹനിക്കുന്നില്ല, പ്രത്യുത വർദ്ധിപ്പിക്കുകയാണു്. അവ മനുഷ്യനിൽ ക്രമവിരുദ്ധമായ അഭിലാഷങ്ങളെ അങ്കുരിപ്പിക്കുകയും അവയുടെ ആസ്വാദനത്തിൽ അതൃപ്തനായി അവനെ കൈവിടുകയുമാണു ചെയ്യുന്നതു്.

### ഭ്രൂവ്യൂഹങ്ങളും സഹായക സംഘടനകളും

"ഈ കോൺഫെഡറേഷൻെറ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള വിവിധ സ്ഥാപനങ്ങളെപ്പററിയും അനുസ്മരിക്കാതെ നിവൃത്തിയില്ല. കർഷകരുടെ തൊഴിൽപരമായ പരിശീലനത്തിനും, ചെറിയ കൃഷിസ്ഥലങ്ങൾ സമ്പാദിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും, കർഷകനെ സംബന്ധിക്കുന്ന നിയമവശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനു വേണ്ട സഹകരണം നൽകുന്നതിനും ഈ സ്ഥാപനങ്ങൾ സഹായിക്കുന്നു. കൂടാതെ ഇപ്പോഴത്തെ ഭൂനയപരിപാടിയനുസരിച്ചു വളരെ കർഷകർക്കു ചെറിയ തുണ്ടുഭൂമികൾ ലഭിക്കുന്നതുകൊണ്ടു അവർ അതിൽനിന്നു ഉല്പാദനം ഉണ്ടാക്കുന്നതുവരെയുള്ള ഇടക്കാലത്തു അവർക്കു സാങ്കേതികമായും ധാർമ്മികമായും സഹായം ചെയ്യേണ്ടതും ആവശ്യമായിവന്നിരിക്കുകയാണു്. തന്മൂലം ചെറുകിട സ്ഥലമുടമസ്ഥന്മാരുടെ ഒരു ദേശീയ സംഘടന രൂപവല്ക്കരിക്കപ്പെട്ടിട്ടുണ്ടു്. പുതിയ ഗ്രാമക്കമ്മിററികളെയുണ്ടാക്കി അവയുടെ സംരക്ഷണത്തിനും പുരോഗതിക്കും സഹായകമായവിധം സഹകരണസംഘങ്ങളെ വികസിപ്പിക്കാനാണു് ഫെഡറേഷൻെറ ഉദ്ദേശ്യം. ഇപ്രകാരമുള്ള മാർഗ്ഗങ്ങളിൽക്കൂടി കർഷകതാല്പര്യങ്ങൾ വിപുലീകരിക്കപ്പെടുമ്പോൾ മററു പ്രസ്ഥാനങ്ങളുമായി സംഘടിച്ചു് രാജ്യത്തിൻെറ ആഭ്യന്തരവ്യവസായീകരണവും വാണിജ്യവും തദനുഗുണമായി വർദ്ധമാനമാക്കാവുന്നതാണു്.

"വളരെ ധൃതിയിലും ചുരുക്കമായും ഇപ്രകാരം നാഷനൽ കോൺഫെഡറേഷൻെറ വിപുലങ്ങളായ പ്രവർത്തനങ്ങളെപ്പററി പ്രതിപാദിച്ചതുകൊണ്ടു പലതും വിട്ടുപോയിട്ടുണ്ടു്. എങ്കിലും ഈ അഭിവീക്ഷണം കർഷകജനതയ്ക്കു ഒരു പ്രോത്സാഹനവും വാഗ്ദാനവുമായിരിക്കണമെന്നു നാം പ്രത്യാശിക്കുന്നു. ഇത്ര ചുരുങ്ങിയ കാലത്തിനുള്ളിൽ സഹകരണത്തിൻെറ പ്രശസ്തമായ ആദർശവും കർഷകരുടെ ജീവിതസാഹചര്യങ്ങളെ കാര്യമായി പുരോഗമിപ്പിക്കുന്നതിനുള്ള ദൃഢനിശ്ചയവും നിങ്ങൾ അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ടു് നിങ്ങളുടെ പ്രസ്ഥാനം പ്രോത്സാഹനാർഹമായിരിക്കുന്നു. നിങ്ങൾ ഈ പരിശ്രമത്തിൽ തനിച്ചല്ലെന്നും പ്രത്യുത ബൃഹത്തും, ബലവത്തും, അച്ചടക്കത്തോടുകൂടിയതും, അതിൻെറ ഫലദായകത്വത്തെ തെളിയിച്ചുകഴിഞ്ഞിട്ടുള്ള ആന്തരികശക്തിയോടുകൂടിയതുമായ ഒരു സംഘടനയുടെ ഭാഗം മാത്രമായിട്ടാണു് പ്രവർത്തിക്കുന്നതെന്നും അറിയുന്നതു നിങ്ങൾക്കു സമാശ്വാസകരമല്ലയോ?

### പ്രത്യാശയോടെ പുരോഗമിക്കുക

"ഭാവിയെപ്പററിധൈര്യമവലംബിക്കുവാൻ എത്രയോ ന്യായമുണ്ടു്! എത്രയെത്ര സുഭഗങ്ങളായ പ്രത്യാശകൾ നിങ്ങളെ അനുഗമിക്കുന്നു! നിങ്ങൾ നിങ്ങളുടെ തത്വങ്ങളിൽ ഉറച്ചുനില്ക്കുന്നുവെങ്കിൽ കാലാന്തരത്തിൽ കൂടുതൽ മഹത്തായ വിജയങ്ങളിലേക്കു നിങ്ങളുടെ പ്രവർത്തനങ്ങൾ എത്തിച്ചേരും. സംഘടനകൾവഴി പരസ്സരസഹായം വർദ്ധിക്കുന്നതിനും, പൊതുനന്മയ്ക്കുവേണ്ടി സേവനമനുഷ്ഠിക്കുന്നതിനുള്ള കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതിനും, എവിടേയും തീക്ഷ്ണതയും ജീവചൈതന്യവും ഉല്പാദിപ്പിക്കുന്ന ക്രിസ്തീയപരസ്നേഹം ഉജ്ജ്വലിപ്പിക്കുന്നതിനും പുതിയ പുതിയ അവസരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും.

"എല്ലാ പ്രതിബന്ധങ്ങളേയും വിജയിക്കുന്നതിനാവശ്യമായ ധൈര്യവും സ്ഥിരോത്സാഹവും ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യാതിരിക്കയില്ല. ഐശ്വര്യത്തിലും അധഃപ്പതനത്തിലും ദൈവത്തോടുള്ള കൃതജ്ഞതാബോധം കൈവെടിയാതിരിക്കുക. അവിടുന്നു എല്ലാ നന്മകളുടേയും ദാതാവല്ലയോ? മനുഷ്യനു ലോകത്തിൽ ജീവിക്കുന്നതിനാവശ്യമായ ഏററം നിസ്സാരമായ വസ്തുക്കളേയും അവൻെറ ആത്മാവിനും ഹൃദയത്തിനും ഭൂഷണമായ ഏററം മഹനീയാനുഗ്രഹങ്ങളേയും അവിടുന്നല്ലയോ അവനു നൽകുന്നതു്? അതുകൊണ്ടു് നിങ്ങൾ ഭൗതികമായ പ്രതാപങ്ങളില്ലാത്തവരാണെങ്കിലും, കഠിനമായ അദ്ധ്വാനം ചെയ്യുന്നതിനു ബാദ്ധ്യസ്ഥരാണെങ്കിലും നിങ്ങളുടെ വ്യക്തിപരവും ഗാർഹികവും സാമൂഹികവുമായ ജീവിതം മററെല്ലാവരേയും അതിശയിക്കുന്ന ഏററം സമുന്നതമായ ഒരു സ്ഥാനത്തേക്കു നിയോഗിക്കപ്പെട്ടിട്ടുള്ളതാണു്—നിങ്ങളുടെ സർവ്വസ്വവും യാതൊരു സംവരണവും കൂടാതെ അർപ്പിക്കപ്പെടാവുന്ന, അർപ്പിക്കപ്പെടേണ്ട ഒരു സ്വർഗ്ഗപിതാവിൻെറ മക്കളുടെ സ്ഥാനമാണതു്.

"ദൈവത്തിൻെറ അനന്തമായ പരിപാലന നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും നിങ്ങൾക്കു പ്രിയപ്പെട്ട എല്ലാവരേയും അനുഗ്രഹിക്കുകയും നയിക്കുകയും ചെയ്യട്ടെ. ഈ അനുഗ്രഹങ്ങൾക്കച്ചാരമായും, നമ്മുടെ പൈതൃകസ്നേഹത്തിനടയാളമായും നമ്മുടെ ഹൃദയത്തിൻെറ അത്യഗാധതയിൽനിന്നും നമ്മുടെ ശ്ലൈഹികാശീർവ്വാദം നിങ്ങൾക്കു നാം നൽകുന്നു."


# ആയുർവ്വേദസിദ്ധാന്തങ്ങളും രോഗികളുടെ അനുഭവങ്ങളും

No. 2

"ത്രിദോഷങ്ങൾക്കു് ഏററക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ രോഗങ്ങൾ ഉത്ഭവിക്കുകയും, ത്രിദോഷങ്ങൾ പൂർവ്വസ്ഥിതിപോലെയായിത്തീരുമ്പോൾ രോഗങ്ങൾ ശമിക്കുകയും ചെയ്യുന്നു. വാതപിത്തകഫങ്ങളിൽ ക്ഷയിച്ചിട്ടുള്ളവയെ തുല്യഗുണങ്ങളുള്ള ഔഷധാഹാരാദികൾകൊണ്ടു വർദ്ധിപ്പിക്കയും, വർദ്ധിച്ചിട്ടുള്ളവയെ വിപരീതഗുണങ്ങളുള്ള ഔഷധാഹാരാദികൾകൊണ്ടു് ക്ഷയിപ്പിക്കുകയുമാകുന്നു ത്രിദോഷങ്ങളെ സാമ്യമാക്കിത്തീർക്കുന്നതിനുള്ള ശരിയായ മാർഗ്ഗം." ഏററവും അർത്ഥവത്തും, അനുഭവങ്ങളാൽ ദിനംപ്രതി സ്ഥിരീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, ആരാലും നിഷേധിപ്പാൻ സാധിക്കാത്തതുമായ ഈ തത്വങ്ങളനുസരിച്ചു് ചികിത്സിക്കാത്തതുകൊണ്ടാണു് രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ അനേകശതം രോഗികൾക്കു് നിരാശരായി കഴിയേണ്ടിവരുന്നതെന്നു് പല രോഗികളുടേയും താഴെപറയുന്ന അനുഭവങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ടു്.

അനുഭവസാക്ഷ്യം No. 120

M/s Kalan,
Nellayi

Keerickad
16-5-'55

പ്രിയപ്പെട്ട വൈദ്യർ അവർകൾക്കു്,

ഞാൻ പത്തുപതിനഞ്ചുകൊല്ലം മുതൽ ഒരു വയററുവേദനയാൽ വളരെ വിഷമിച്ചിരുന്നു. പല നാട്ടുവൈദ്യന്മാരുടെയും, കൂടാതെ ബ്രഹ്മശ്രീ......അവർകളുടെയും, ജനറൽ ആസ്പത്രീ.........DR.........അവർകളുടെയും, പല ഹോമിയോപ്പതി ഡോക്ടർമാരുടെയും മററു പല ചികിത്സകളും ഞാൻ സ്വീകരിച്ചു.

എന്നാൽ അങ്ങയുടെ ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങൾകൊണ്ടു് എൻെറ രോഗം കുറയുകയും, ആരോഗ്യം അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുണ്ടു്. ഈ വിവരം അങ്ങേയയും പൊതുജനങ്ങളേയും അറിയിക്കുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. പൊതുജനോപകാരാർത്ഥം ഇതു പരസ്യം ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

N. B. ഔഷധങ്ങൾ സേവിക്കുന്നതിനും രോഗത്തിൽനിന്നും മുക്തിനേടുന്നതിനും നിങ്ങളുടെ "കാളൻ'സ' ബുള്ളററിനുകൾ" എന്നെ വളരെ സഹായിച്ചു. അതു ആയുർവ്വേദത്തിനു് ഒരു നവോത്ഥാനം നൽകുന്നതും, ആരോഗ്യസംരക്ഷണത്തിൻെറ ഒരു വഴികാട്ടിയുമാകുന്നു. ഇതു് ആയുർവ്വേദത്തിൻെറ തത്വസംഹിതകളെ ശ്രുതി, യുക്തി, അനുഭവങ്ങളിൽക്കൂടി പ്രയോജനപ്പെടുത്തികാണിക്കുന്നു. ആയുർവ്വേദത്തെ സാധാരണക്കാരനു ഇത്രമാത്രം മനസ്സിലാക്കിക്കുകയും, പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിൽ അങ്ങേയ്ക്കു വളരെ ക്ലേശങ്ങളും നഷ്ടങ്ങളും ഉണ്ടാകാമെങ്കിലും, മേലിലും അങ്ങയുടെ സേവനം ഉണ്ടാകണമെന്നാഗ്രഹിക്കുകയും, അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Yours faithfully (Sd.)
K. Balakrishnan, Vilayadasseril House,
Puthiyavila, Keerickad P. O., (T. C. State)

അനുഭവസാക്ഷ്യത്തിലെ ഒന്നാം പാരയിൽ പറഞ്ഞിരിക്കുന്ന മാന്യവ്യക്തികളെ പൊതുജനങ്ങൾക്കു് മനസ്സിലാക്കുവാൻ ഇടവരരുതെന്നുള്ള ഉദ്ദേശത്താലാണു് പ്രസിദ്ധരായ ആ ചികിത്സകന്മാരുടെ പേരുകളെ ഞങ്ങൾ വിട്ടുകളഞ്ഞു മേൽപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതു്.

കാളൻ'സ' "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം" എന്നീ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ' സെയിൽസ് ഡിപ്പോകൾവഴിയായും, വടകര, കാഞ്ഞാർ മുതലായ സ്ഥലങ്ങളിലുള്ള 140-ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്യുവരുന്നു.

N. B. കാളൻ'സ' ഔഷധങ്ങളെക്കൊണ്ടു് രോഗശമനം സിദ്ധിച്ചിട്ടുള്ള മാന്യവ്യക്തികൾ "പൊതുജനോപകാരാർത്ഥം" പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി അവരവരുടെ "അനുഭവസാക്ഷ്യങ്ങൾ" അയച്ചുതരുമെന്നു് വിശ്വസിക്കുന്നു. "ആയുർവ്വേദസിദ്ധാന്തങ്ങളും രോഗികളുടെ അനുഭവങ്ങളും No. 3" അടുത്ത ആഴ്ചയിലെ പത്രത്തിൽ.

കാളൻ, നെല്ലായി.


# ക്രിസ്ത്യാനികളെ കത്തോലിക്കരാക്കുകയോ?

(മേരിക്കുട്ടി മുഞ്ഞനാട്ട്)

പുനരൈക്യപ്പെടുന്നവരെക്കുറിച്ചു് കത്തോലിക്കേതരക്രിസ്ത്യാനികൾ പലപ്പോഴും ഇങ്ങനെ ചോദിക്കുന്നതു് കേൾക്കാം "നിങ്ങളെന്തിനാ അച്ചാ, ഈ ക്രിസ്ത്യാനികളെ കത്തോലിക്കരാക്കുന്നേ. ക്രിസ്തുവിനെ അറിയാത്ത ജാതികൾ എന്തുമാത്രം കിടക്കുന്നു. അവരെയല്ലേ ക്രിസ്ത്യാനികളാക്കേണ്ടതു്?" ഒരു മിഷനറിയുടെ നേരേ എറിഞ്ഞ ചോദ്യമാണു്. കേരളത്തിൽ പതിനൊന്നു ലക്ഷത്തിൽപ്പരം അകത്തോലിക്ക ക്രിസ്ത്യാനികളുണ്ടു്. ഒരു കാലത്തു കേരളം അവിഭക്തക്രിസ്ത്യാനികളുടെ നാടായിരുന്നു. എന്നു വച്ചാൽ ഒരു കർത്താവും ഒരു ദൈവവും ഒരു മാമോദീസായും ഒരു വിശ്വാസവും ഏകാചാരവും. ഇന്നു് ആ അവസ്ഥ ഛിന്നഭിന്നമായി. ഒരിടയനും ഒരു തൊഴുത്തുമായി വസിച്ചിരുന്നവർ പല തൊഴുത്തിലായി; പല ഇടയൻെറ കീഴിലുമായി. അതു് അഭിവൃദ്ധിയുടെ ലക്ഷണമായി ആരുംകരുതുകയില്ല. കാരണം വിശ്വാസം ക്ഷയിച്ചും പരസ്പരം കലഹിച്ചും ശക്തി നശിച്ചുമാണു് കേരളക്രിസ്തീയസഭയിന്നു പ്രയാണം ചെയ്യുന്നതു്.

രണ്ടായിരം വർഷത്തെ പഴക്കമുള്ള കേരളസഭയുടെ നില! ഇവിടത്തെ അക്രൈസ്തവരുടെ പരിഹാസത്തിനു പാത്രമായിട്ടല്ലേ നാമെന്നു ചിന്തിക്കണം. ദൈവാധീനമെന്നു പറയട്ടെ അനേകകൊല്ലങ്ങൾക്കുശേഷം സഭാപക്ഷാംഗം ഒന്നേകീകരിച്ചു. അങ്ങിനെ രണ്ടു ക്രിസ്തുമസ്സും രണ്ടു ദുഃഖവെള്ളിയും രണ്ടു ഉയിർപ്പുഞായറും ഒരു ദിനമായി.

ഇന്നു ക്രിസ്ത്യാനികൾ ക്രൈസ്തവതത്വാനുസരണമായ ജീവിതംകൊണ്ടല്ല പേരുകൊണ്ടാണു് ക്രിസ്ത്യാനികളായിരിക്കുക. എന്തും വിശ്വസിച്ചും എന്തും പ്രസംഗിച്ചും എങ്ങിനേയും ജീവിച്ചും അവർ ക്രിസ്ത്യാനികളായിരിക്കുന്നു. വിചിത്രം! കത്തോലിക്കരിൽനിന്നു വേർതിരിഞ്ഞ ഇന്നത്തെ യാക്കോബ്യർ കോർട്ടിൽ വാദിച്ചു "ഞങ്ങളാണു യഥാർത്ഥ ക്രൈസ്തവർ; അതുകൊണ്ടു് പള്ളിയും പള്ളിസ്വത്തുക്കളും ഞങ്ങൾക്കു ലഭിക്കേണ്ടതാണു്" എന്നു്. യാക്കോബ്യരിൽനിന്നു് നവീകരണക്കാർ തെററിത്തിരിഞ്ഞപ്പോൾ ചിലകുന്നത്തു മെത്രാനും ഇപ്രകാരം വാദിച്ചു: "യഥാർത്ഥ യാക്കോബ്യർ ഞങ്ങളാകയാൽ പള്ളിയും സ്വത്തുക്കളും ഞങ്ങൾക്കു ലഭിക്കണം" മെന്നു്. ബാവാകക്ഷിയും മെത്രാൻ കക്ഷിയും തമ്മിൽ ശണ്ഠകൂടിയപ്പോഴും ഇതേവിധം അവകാശവാദം പുറപ്പെട്ടു. ഇനിയും അതൊരു പരിണിതിയിൽ എത്തിയിട്ടില്ല. പൊയ്കയിൽ യോഹന്നാൻ മരിച്ചുകഴിഞ്ഞപ്പോൾ ഭാര്യ ജ്ഞാനമ്മയും ശിഷ്യൻ ഞാലിക്കുഴിയും തമ്മിൽ കേസിലായി പിൻതുടർച്ചയെ സംബന്ധിച്ചു്. ഇതിലെല്ലാം കോടതി സമാധാനം പറയണം. നോക്കണേ ആ കുന്നൻകുരിശിലെ അഴിയാക്കുരുക്കുകൾ.

അടുത്ത കാലങ്ങളിൽ, പലവിധ കാരണങ്ങൾ കൊണ്ടെന്നു പറയട്ടെ, അനേക ക്രിസ്ത്യാനികൾ പുനരൈക്യപ്പെട്ടു് തിരുസഭയിലെത്തി. ദേശീയ മെത്രാന്മാരും സ്വകീയ ആചാരങ്ങളും എല്ലാം അവരുടെ പുനരൈക്യത്തെ സഹായിച്ചു. തങ്ങൾ ഉൾപ്പെട്ടുനില്ക്കുന്ന സമുദായത്തിലെ അന്തഛിദ്രങ്ങളും ഒടുങ്ങാത്ത കലഹവും തീരാത്ത വഴക്കുകളുമാണു ചിലരെ സത്യസഭാന്വേഷണത്തിനു് പ്രേരിപ്പിച്ചതു്. സത്യത്തോടുള്ള നിസ്സീമസ്നേഹവും താല്പര്യവുമാണു് ചിലർക്കു പ്രേരകമായതു്. സഭയുടെ സംഘടനാബലവും അനുസരണമനോഭാവവും ജനങ്ങളുടെ വിധേയമനസ്ഥിതിയുമാണു ചിലർക്കുഇഷ്ടപ്രദമായതു്. താല്ക്കാലികസൗകര്യങ്ങളെ പ്രതിയും ഇഷ്ടജനവിരോധ വൈരുദ്ധ്യത്തെപ്രതിയുംകത്തോലിക്കസഭയിൽചേർന്നവരുണ്ടാകാം. വി. വേദപുസ്തകപാരായണം കൊണ്ടും ചരിത്രപഠനംകൊണ്ടും സത്യത്തെ കണ്ടെത്തി ആത്മരക്ഷയ്ക്കുവേണ്ടിയുള്ള അമിതമോഹത്താൽ തിരുസഭയിൽ പ്രവേശിച്ചവരുമുണ്ടു്. ഒരു കല്യാണത്തിൻെറ സൗകര്യത്തെ ഉദ്ദേശിച്ചും ഒരു ജോലി ലഭിച്ചതിലുള്ള കൃതജ്ഞതയുടെ ബഹിർപ്രകടനമായുംസ്നേഹിതൻെറ ഉത്തമജീവിതമാതൃകമൂലവും ആരാധനയുടെ സജീവതയിലും വിശ്വാസികളുടെ പരസ്പരസ്നേഹത്താലും കത്തോലിക്കസഭയിൽ പ്രവേശിക്കുവാൻ ചിലർക്കിടയായിട്ടുണ്ടു്. ഇതരസമുദായങ്ങൾക്കോ സംഘടനകൾക്കോ പ്രതിവിധിയും തീരുമാനവും നൽകാൻ കഴിയാത്ത വിഷമപ്രശ്നങ്ങളെ കത്തോലിക്കരും കത്തോലിക്കസഭയും വിജയപൂർവ്വം കൈകാര്യം ചെയ്തുകൊണ്ടും ചെയ്യുന്നതുകൊണ്ടും പലരും അങ്ങോട്ടു് ആകർഷിക്കപ്പെട്ടിട്ടുണ്ടു്. അതിലേ

(ശേഷം 9-ാംപേജിൽ)


THANKSGIVING
For favours received
through



St. Pius X & Rev. Sr
Alphonsa.
Excuse delay
P. C. Kochumariam
Chirakkal

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായുടെ സന്ദർശനങ്ങൾ

ആലസ്യവിമുക്തനായ പരിശുദ്ധമാർപ്പാപ്പാ രണ്ടാംപ്രാവശ്യം ഒരു പൊതുസന്ദർശനം അനുവദിച്ചിരിക്കുന്നു. ഈ സന്ദർശനത്തിൽ 2000 പേരാണു് തിരുമേനിയെ കണ്ടതു്. കൂടാതെ കഴിഞ്ഞ വാരത്തിൽ തേയ്‌ലണ്ടിലെ പ്രധാനമന്ത്രി മാർഷൽ പിബുൾസോംഗ്രാം, ഫ്റഞ്ചുവിദേശകാര്യമന്ത്രി എം. പിനെ മുതലായ പ്രശസ്താതിഥികളും തിരുമേനിയെ സന്ദർശിച്ചു. മാരിസ്റ്റ്‌സഹോദരസംഘത്തിന്റെ സ്ഥാപകനായ വാഴ്ത്തപ്പെട്ട മാഴ്‌സെലിൻ ചാമ്പഞ്ഞായെ ധന്യപദത്തിലേക്കുയർത്തുന്ന തിരുക്കർമ്മത്തിൽ സംബന്ധിക്കുന്നതിനായിരുന്നു എം. പിനെ വത്തിക്കാനിൽ വന്നിരുന്നതു്. കൂടാതെ പരിശുദ്ധപിതാവു് ലാററിൻ രാജ്യങ്ങളിലെ പത്രപ്രവർത്തകന്മാരുടെ കോൺഗ്രസ്സിൽ സംബന്ധിച്ച പ്രതിനിധികൾക്കും, "ബാങ്കു് ഓഫ് നേപ്പിൾസി"ന്റെ ഡയറക്ടറന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും സന്ദർശനം അനുവദിക്കുകയും അവരോടു പ്രസംഗിക്കുകയും ചെയ്തു. ജൂൺ 4-ാംനു- ഇന്റർനാഷനൽ ഫിലിം കോൺഗ്രസ് പ്രതിനിധികളെ സ്വീകരിച്ചു അവരോടും തിരുമേനി പ്രസംഗിച്ചു.

## മാർപ്പാപ്പായുടെ നാമകാരണ തിരുനാൾ

മാർപ്പാപ്പായുടെ നാമകാരണനായ വിശുദ്ധ യൂജിന്റെ തിരുനാൾ പ്രമാണിച്ചു് വ്യാഴാഴ്ച വത്തിക്കാനിലെ എല്ലാ ആപ്പീസുകൾക്കും അവധി നൽകപ്പെട്ടു. വത്തിക്കാനിൽ നടന്ന അനുമോദനപരിപാടികളിൽ റോമിലെ യുവജനങ്ങളുടെ പ്രതിനിധിസംഘത്തിന്റെ സന്ദർശനം പ്രത്യേകം ശ്രദ്ധാർഹമായിരുന്നു. അവർ ഈ അവസരത്തിലേക്കു പിരിച്ചെടുത്ത "പത്രോസിന്റെ കാശും" ഒരു പൂച്ചെണ്ടും ഒരു കുട്ട നിറയെ പഴങ്ങളും പരിശുദ്ധ പിതാവിനു സമർപ്പിച്ചു.

## യൂഗോസ്ലാവിയാ മർദ്ദനം തുടരുന്നു

യൂഗോസ്ലാവിയായിൽ റിജേക്കാ എന്ന സ്ഥലത്തെ രൂപതാസെമ്മിനാരിക്കെതിരായി ഈയിടെ ഒരു മർദ്ദനപരിപാടി നിർദ്ദയം സ്വീകരിക്കപ്പെട്ടു. സെമ്മിനാരി റെക്ടർ ഫാദർ ജോസിഫ് കാപ്ഷ് അവർകളും നാലു പ്രൊഫസറന്മാരും പൊതുജനകോടതി മുമ്പാകെ ചങ്ങലയാൽ ബന്ധിതരായി ആനയിക്കപ്പെട്ടു. "ഫാസിസ്റ്റു മൃഗങ്ങൾക്കു മരണം" എന്നുള്ള മുദ്രാവാക്യം മുഴങ്ങിക്കൊണ്ടിരുന്നു. വത്തിക്കാനേയും ബന്ധനസ്ഥനായ കർദ്ദിനാൾ സ്റ്റെപ്പിനാക്കു് തിരുമേനിയേയും ദുഷിക്കുന്നതിനു അവർ വിസമ്മതിക്കുകയും ക്രൊയേഷിയായിലെ ജനങ്ങളെ ദ്രോഹിക്കുകയും ചെയ്തുവെന്നാണു അവർക്കെതിരായി ഹാജരാക്കപ്പെട്ട കുററപത്രം. ക്രൊയേഷിയ ഫാസിസ്റ്റു ഭരണത്തിൽനിന്നു മോചിതമായതിന്റെ 10-ാം വാർഷികാഘോഷത്തിൽ, പരിശുദ്ധ സിംഹാസനത്തേയും കർദ്ദിനാൾ സ്റ്റെപ്പിനാക്കിനേയും മററു യൂഗോസ്ലാവു മെത്രാന്മാരേയും കുററപ്പെടുത്തുന്നതും കമ്മ്യൂണിസ്റ്റു മേധാവികളാൽ തയാറാക്കപ്പെട്ടതുമായ ഒരു പ്രസംഗം വായിക്കുന്നതിനു ഫാദർ കാപ്ഷിനോടാവശ്യപ്പെട്ടു. അദ്ദേഹം അതു നിരാകരിച്ചു. "ദ്രോഹപരമായ ഈ കൃത്യം നിർവ്വഹിക്കുന്നതു് വിശ്വസ്തനും അനുസരണാബദ്ധനുമായ ഒരു വൈദികൻ എന്നുള്ള നിലയിൽ എന്റെ മനസ്സാക്ഷിക്കു വിരുദ്ധമാണു്" എന്നദ്ദേഹം പ്രസിഡന്റു് ഡോക്ടർ ബക്കാറിക്കിനോടു പറഞ്ഞു. അതിനെ ആധാരമാക്കി പ്രസിഡന്റു് അദ്ദേഹത്തിന്റെമേൽ രാജ്യദ്രോഹക്കുററം ആരോപിച്ചു. കമ്മ്യൂണിസ്റ്റുകൾ സെമ്മിനാരിയും അതോടനുബന്ധിച്ച പ്രസിദ്ധമായ ഹൈസ്കൂളും അടച്ചുപൂട്ടി. "സോഷ്യലിസ്റ്റു വിരുദ്ധവും, മദ്ധ്യശതകസ്ഥാപിതവും പിന്തിരിപ്പനുമായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അവസാനാവശിഷ്ട"മാണു് ഈ സെമ്മിനാരിയെന്നാണു് ഡോക്ടർ ബക്കാറിക്കു് അതേപ്പററി പ്രസ്താവിച്ചതു്.

## സന്യാസ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാൻ പുതിയ സഖ്യം

"സന്യാസദൈവവിളികൾക്കുവേണ്ടിയുള്ള പോന്തിഫിക്കൽ സഖ്യം" എന്ന ഒരു പുതിയ സംഘടന പരിശുദ്ധ മാർപ്പാപ്പാ അംഗീകരിക്കുകയും അതിന്റെ നിയമങ്ങൾ പരിശുദ്ധ സിംഹാസനത്തിന്റെ ഔദ്യോഗികബുള്ളററിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു. സന്യാസസമൂഹങ്ങളുടെ കാര്യം നിർവ്വഹിക്കുന്ന തിരുസംഘമാണു് അതിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നതു്. നസ്രത്തിലെ തിരുക്കുടുംബത്തിന്റെ സംരക്ഷണത്തിലാണു് ഈ സഖ്യം ഭരമേല്പിക്കപ്പെട്ടിട്ടുള്ളതു്. അതിന്റെ അംഗങ്ങൾ ഭക്തകൃത്യങ്ങൾവഴിയായും പ്രായശ്ചിത്തപ്രവൃത്തികൾവഴിയായും ഉത്തമമായ നിരവധി ദൈവവിളികൾ ഉണ്ടാകുന്നതിനു ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ഈ പ്രേഷിതത്വത്തിനു അനുയോജ്യമായ സംഘടനകളും പ്രചാരണപ്രസ്ഥാനങ്ങളും നടത്തുകയുംചെയ്യും. വ്യക്തികൾക്കും സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും ഇതിൽ അംഗങ്ങളായി ചേരാവുന്നതാണു്. അംഗങ്ങൾ ക്രിസ്തുമസ്സിന്റേയും സ്വർഗ്ഗാരോപണത്തിന്റേയും തലേനാളുകളിൽ മാംസവർജ്ജനവും ഉപവാസവും അനുഷ്ഠിക്കണം; അനുദിനം ചില ചെറിയ ജപങ്ങൾ ചൊല്ലണം; തിരുസംഘം നിർദ്ദേശിക്കുന്ന ഭക്തപരിപാടികളോടെ "ദൈവാഹ്വാനദിനം" ആചരിക്കണം; നിശ്ചിതതിരുനാളുകൾ ആഘോഷിക്കുകയുംവേണം.

## 999-ൽ 337 ദൈവവിളികൾ

സ്പെയിനിലുള്ള ഒരു ചെറുഗ്രാമമാണു് അബർസാസു. അവിടത്തെ ആകെ ജനസംഖ്യ 999 മാത്രം. അതിൽ 337 പേർ വൈദികരായും സന്യാസികളായും സന്യാസിനികളായും സേവനമനുഷ്ഠിക്കുന്നു. അവിടത്തെ ഇടവക വികാരി ആ ഗ്രാമത്തിൽ ജോലിയാരംഭിച്ചിട്ടു് ഇപ്പോൾ 40കൊല്ലമായിട്ടുണ്ടു്. 200 യുവാക്കന്മാരെ പ്രാരംഭപരിശീലനങ്ങൾ നൽകി അദ്ദേഹംതന്നെ വൈദികാന്തസ്സിലേക്കാനയിച്ചിട്ടുണ്ടു്. ആറും ഏഴും അംഗങ്ങളെ സന്യാസാന്തസ്സിലേക്കു പ്രദാനംചെയ്തിട്ടുള്ള പല കുടുംബങ്ങളുമുണ്ടു് ആ ഇടവകയിൽ. ഈ ഗ്രാമത്തിലെ മിഷനറിമാർ അഞ്ചു ഭൂഖണ്ഡങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നുണ്ടു്. അബർസാസുവിന്റെ അഭ്യസൂയാവഹമായ പ്രത്യേകത!

## പരേതനായ സീഞ്ഞോർ ഗസ്പാരിക്കു സ്വർണ്ണമെഡൽ

ഇററാലിയൻ പ്രധാനമന്ത്രിയായിരുന്ന പരേതനായ സീഞ്ഞോർ അൽചിദെ ദെ ഗസ്പാരി അവർകൾക്കു അദ്ദേഹത്തിന്റെ പത്രപ്രവർത്തനസമാരംഭത്തിന്റെ സ്വർണ്ണജൂബിലി പ്രമാണിച്ചു് കഴിഞ്ഞകൊല്ലം ഇററലിയിലെ പത്രപ്രവർത്തകന്മാർകൂടി സമ്മാനിക്കുന്നതിനു നിശ്ചയിച്ചിരുന്ന സ്വർണ്ണമെഡൽ അദ്ദേഹത്തിന്റെ പേർക്കു് അദ്ദേഹത്തിന്റെ സഹോദരനെ ഏല്പിച്ചിരിക്കുന്നു. പത്രപ്രവർത്തകൻ എന്നുള്ള നിലയിൽ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ പ്രശസ്തങ്ങളായിരുന്നു.

## വൈ. സി. ഡബ്ളിയു സംഘടന

വൈ. സി. ഡബ്ളിയു (Young Christian W rker's) സംഘടന ഇപ്പോൾ 73 രാജ്യങ്ങളിൽ സുശക്തമായി സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. പതിനേഴരലക്ഷം അംഗങ്ങളാണു് ഈ സംഘടനയ്ക്കുള്ളതു്. ഇതുവരെയും അവികസിതമായിക്കഴിഞ്ഞുകൂടിയിരുന്ന ചില രാജ്യങ്ങളിൽ അടുത്തകാലത്തുണ്ടായ പെട്ടെന്നുള്ള വ്യവസായപുരോഗതി സംഘടനയെ സംബന്ധിച്ചിടത്തോളം പുതിയ പുതിയ പ്രശ്നങ്ങൾക്കു കാരണമാകുന്നുണ്ടു്. ഇംഗ്ലണ്ടിൽനിന്നും, ഫ്റാൻസിൽനിന്നും, ബൽജിയത്തിൽനിന്നും യുവനേതാക്കന്മാർ നാടുംവീടുംവിട്ടു പ്രസ്തുത രംഗങ്ങളിലേക്കു സേവനത്തിനായി പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതതുസ്ഥലത്തെ പ്രശ്നങ്ങളെപ്പററി പഠിക്കുന്നതിനും അവരുടെ ഇടയിൽനിന്നുതന്നെ നേതൃത്വം വഹിക്കത്തക്കവണ്ണം യുവതൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുമാണു് അവർ പുറപ്പെട്ടിട്ടുള്ളതു്. തൊഴിൽരംഗത്തു മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു യൂണിയനാണു് വൈ. സി. ഡബ്ളിയു. സംഘടന.




## ജർമ്മനിയിൽ കത്തോലിക്കാ മന്ത്രിമാർ

ഡോക്ടർ അഡെനോവർ അദ്ദേഹത്തിന്റെ പോർട്ടുഫോളിയോയിൽനിന്നു വിദേശകാര്യങ്ങൾ ഒഴിവാക്കുന്നതിനും ഒരു ഡിഫൻസ്‌മിനിസ്റ്ററെക്കൂടി നിയമിക്കുന്നതിനും തീരുമാനിച്ചതനുസരിച്ചു് പ്രസ്തുത ഉദ്യോഗങ്ങളിൽ പ്രശസ്തരായ രണ്ടു കത്തോലിക്കർ നിയമിതരായിരിക്കുന്നു. ക്രിസ്ത്യൻ ഡെമോക്രാററിക്കു് പാർലമെന്ററി പാർട്ടിലീഡർ ഹെർവോൺ ബ്രെൻറാനോ വിദേശകാര്യമന്ത്രിയും, മുൻഡിഫൻസു് കമ്മീഷണറായിരുന്ന ഹെർതെയഡോർ ബ്ളാങ്കു് രാജ്യരക്ഷാമന്ത്രിയുമായിരിക്കുന്നു. രണ്ടരക്കൊല്ലങ്ങൾക്കു മുമ്പു നടന്ന തിരഞ്ഞെടുപ്പിനും മന്ത്രിസഭാരൂപവല്ക്കരണത്തിനും ശേഷം ഇപ്പോൾ ആദ്യമായിട്ടാണു് ഗവമെന്റിൽ ഒരു വ്യതിയാനം വരുത്തുന്നതു്. ഇവർ രണ്ടുപേരും അതിപ്രശസ്തമായ സേവനപാരമ്പര്യവും പ്രതിഭാശക്തിയുമുള്ള കത്തോലിക്കാ നേതാക്കന്മാരാണു്.

## അഭയാർത്ഥികൾക്കു അവധി നീട്ടിക്കൊടുത്തു

ഉത്തരവിയററ്നാമിൽനിന്നു ദക്ഷിണമേഖലയിലേക്കു കടന്നുപോരുന്നതിനുള്ള അഭയാർത്ഥികളുടെ അവധി മേയ്‌മാസത്തിൽ അവസാനിച്ചതാണല്ലോ. ഇപ്പോൾ യുദ്ധവിരാമക്കമ്മീഷൻ ഇടപെട്ടു രണ്ടാംപ്രാവശ്യം അവധി നീട്ടുന്നതിനു കമ്മ്യൂണിസ്റ്റുകളുമായി ഒരൊത്തുതീർപ്പിലെത്തിയിരിക്കുന്നു. ജൂലൈ 20-ാംനു-വരെ കടന്നുപോരാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. അഭയാർത്ഥികളെ ഹെയ്‌ഫോങ്ങു് തുറമുഖത്തുനിന്നു ഫ്റഞ്ചുകപ്പലുകൾ ദക്ഷിണവിയററ്നാമിലേക്കു കൊണ്ടുപോരുന്നതാണു്.

## പുതിയ പോന്തിഫിക്കൽ കമ്മീഷൻ

സിനിമാ, റേഡിയോ, ടെലിവിഷൻ മുതലായവ സംബന്ധിച്ചുള്ള പ്രശ്നങ്ങളെപ്പററി പഠിക്കുന്നതിനും അവയിൽ ഉൾക്കൊള്ളുന്ന വിശ്വാസപരവും ധാർമ്മികവുമായ സാഹചര്യങ്ങൾ ഗ്രഹിക്കുന്നതിനും പരിശുദ്ധ സിംഹാസനത്തിൽനിന്നു ഒരു പുതിയ പോന്തിഫിക്കൽ കമ്മീഷനെ നിശ്ചയിച്ചിരിക്കുന്നു. റോമിലുള്ള ഉത്തരഅമേരിക്കൻ കോളേജുറെക്ടർ ബിഷപ്പു് മാർട്ടിൻ ഒക്കോണാറാണു് കമ്മീഷന്റെ പ്രസിഡന്റു്.

വിശുദ്ധപത്താം പീയൂസിന്റെ
അതിമനോഹരമായ
ത്രിവർണ്ണചിത്രം
സൈസ് $13\frac{1}{2}$ ഇഞ്ചു × 9 ഇഞ്ചു്
—നല്ല ആർട്ട്പേപ്പർ—
ഒന്നിനു് 4 അണ.
10-ൽ കൂടുതൽ $\frac{1}{4}$ കമ്മീഷൻ.
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സു്, എറണാകുളം-1

## പോലീസ് സെമ്മിനാരികൾ ആക്രമിക്കുന്നു

യൂഗോസ്ലാവിയായിൽ ഫിയൂവിലുള്ള റിജേക്കാ സെമ്മിനാരിയുടെ ആക്രമണത്തെത്തുടർന്നു പോലീസ് സിബെനിക്കു്, സാഡാർ ഡുബ്രോവിനിക്കു്, പാസിൻ എന്നീ സ്ഥലങ്ങളിലെ സെമ്മിനാരികൾ ആക്രമിക്കുകയും പ്രൊഫസറന്മാരേയും സെമ്മിനാരിവിദ്യാർത്ഥികളേയും ചോദ്യം ചെയ്യുകയും ഉണ്ടായി. രാജ്യത്തുള്ള എല്ലാ സെമ്മിനാരികളും നിർത്തലാക്കുന്നതിനുള്ള ഒരു പ്ലാനാണു് പ്രയോഗിക്കപ്പെടുന്നതെന്നു് ജനങ്ങൾ ആശങ്കപ്പെടുന്നു.

## ഡൽഹി കത്തീഡ്റലിന്റെ ജൂബിലി

പൂർവപ്രദേശങ്ങളിലുള്ള മനോഹരങ്ങളായ ദേവാലയങ്ങളിൽ ഒന്നായ ന്യൂഡൽഹിയിലെ റിഡെംപ്ഷൻ ദേവാലയം അടുത്ത ഫെബ്‌റുവരിയിൽ അതിന്റെ സിൽവർജൂബിലി ആഘോഷിക്കുന്നതാണു്.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, JUNE 22 || No. 43


## ദക്ഷിണകൊറിയായിലെ തിരുസഭയുടെ പുരോഗതി

കത്തോലിക്കാതിരുസഭയുടെ ചരിത്രം പഠിക്കുന്നവർക്കു കാണാൻകഴിയുന്ന ഒരു പ്രത്യേകതയാണ് അതിൻെറ വികസനത്തിലുള്ള അനുസ്യൂതമായ പുരോഗതി. ലോകത്തിൻെറ ഓരോ ഭാഗങ്ങളിൽ ഓരോ കാലത്തു് അതിനു അനുകൂലവും പ്രതികൂലവുമായ ഗുരുതരങ്ങളായ പ്രത്യാഘാതങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ടു്. അതിദാരുണമായ മതപീഡനം അതിൻെറ ചരിത്രത്തിൽ ഉടനീളം ദൃശ്യമാണു്. അതിൻെറ യശസ്തംഭങ്ങളായി പരിലസിച്ചിരുന്ന രാജ്യങ്ങൾ അധഃപ്പതനത്തിൻെറ അടിത്തട്ടിലേക്കു നിപതിച്ചിട്ടുണ്ടു്. അതിൻെറ സുരക്ഷിതത്വത്തിനാലംബമായി കരുതിയിരുന്ന മഹച്ഛക്തികൾ ബദ്ധശത്രുക്കളായി മാറിയിട്ടുണ്ടു്. പക്ഷേ ഈ വ്യതിയാനങ്ങൾക്കൊന്നും അതിൻെറ പുരോഗതിയെ പ്രതിരോധിക്കുന്നതിനു കഴിഞ്ഞിട്ടില്ല. ബീഭത്സമായ ശീശ്മകൾകൊണ്ടു പൗരസ്ത്യലോകം ഇരുളടഞ്ഞിരുന്നപ്പോഴും, മതവിപ്ലവംകൊണ്ടു പാശ്ചാത്യശക്തികൾ അതിനെ തച്ചുടയ്ക്കുന്നതിനു കൈയുയർത്തിയപ്പോഴും പ്രതിലോമശക്തികളെ പരാജയപ്പെടുത്തിക്കൊണ്ടു പുതിയ രംഗങ്ങളിൽ സഭ മുന്നേറുകതന്നെചെയ്തു. കമ്മ്യൂണിസം ലോകത്തെ മുഴുവനും ഉലച്ചുകൊണ്ടിരിക്കുന്ന ഇന്നും സഭയുടെ ഈ നിലപാടിനു വ്യതിയാനമില്ലെന്നു സ്പഷ്ടമാക്കുന്ന പലേ ഉദാഹരണങ്ങളുമുണ്ടു്. അനിതരസാധാരണമായ സഭയുടെ അഭിവൃദ്ധിക്കു ഇദാനീന്തനകാലത്തെ ഒരു ദൃഷ്ടാന്തമാണു് ദക്ഷിണകൊറിയ. തുടർച്ചയായ യുദ്ധങ്ങളുടേയും കമ്മ്യൂണിസ്റ്റു വിളയാട്ടങ്ങളുടേയും കേളീരംഗമായിത്തീർന്ന ഈ രാജ്യവിഭാഗം സമാധാനസ്വാതന്ത്ര്യങ്ങൾ കൈവരിച്ചിട്ടു ഒരുകൊല്ലം തികഞ്ഞതേയുള്ളു. അവിടെ ഇന്നു കത്തോലിക്കാസഭ അഭ്യസൂയാവഹമായ അഭിവൃദ്ധിയിലേക്കു കുതിച്ചുകൊണ്ടിരിക്കുകയാണു്. "ഞാൻ ലോകാവസാനത്തോളം എല്ലാ കാലങ്ങളിലും നിങ്ങളോടുകൂടിയുണ്ടു്" എന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്ത വാഗ്ദാനത്തിൻെറ സാക്ഷീകരണമാണു് ഇതിൽ ഒരു വിശ്വാസി ദർശിക്കുന്നതു്.

### അവിടത്തെ പുരോഗതി

ദക്ഷിണകൊറിയൻ പ്രദേശത്തെ വൈദികാദ്ധ്യക്ഷന്മാർ ആറുപേരുംചേർന്നു കഴിഞ്ഞ 12 മാസത്തെ സഭാഭിവൃദ്ധിയുടെ ഒരു സ്ഥിതിവിവരക്കണക്കു ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. കൊറിയായിലെ കത്തോലിക്കാസഭ സമാർജ്ജിച്ചിട്ടുള്ള അത്ഭുതാവഹമായ പുരോഗതിയുടെ ഒരു സംക്ഷേപമാണതു്. അതിൽ പരസ്യപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട ചില വസ്തുതകൾ ഇപ്രകാരമാണു്. അവിടെയുള്ള 6 രൂപതകളിലായി 142 ഇടവകപ്പള്ളികളുണ്ടു്. റിപ്പോർട്ടുവർഷത്തിൽ പ്രായപൂർത്തിയായവരുടെ ജ്ഞാനസ്നാനം 14,499 ആയിരുന്നു. 22,776 പേർ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനു തയാറായി മതപഠനം നടത്തിക്കൊണ്ടിരിക്കുകയാണു്. അവിടത്തെ കത്തോലിക്കരുടെ ജനസംഖ്യ ഇപ്പോൾ 1,89,301 ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതു ആകെ ജനസംഖ്യയുടെ ഒരു ശതമാനം മാത്രമേ വരുന്നുള്ളു. തന്മൂലം വേദപ്രചാരപരമായ പ്രവർത്തനങ്ങൾക്കുള്ള ഉപാധികൾ അവിടെ വളരെ ആവശ്യമായിരിക്കുകയാണു്. അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 56 മിഷനറിമാർക്കും 189 ഏതദ്ദേശീയ വൈദികർക്കും താങ്ങാനാവാത്ത ജോലിയാണവശേഷിക്കുന്നതു്. അവർ സഹായത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രതീക്ഷിക്കുകയുമാണു്. കന്യാസ്ത്രീകളാണെങ്കിൽ 30 വിദേശമിഷനറിസഹോദരിമാരും 487 കൊറിയൻ സന്യാസിനിമാരും മാത്രമേയുള്ളു. രണ്ടരക്കോടിയോളം വരുന്ന കൊറിയൻജനതയുടെ വലിയൊരുവിഭാഗം ക്രിസ്തുമതം സ്വീകരിക്കുന്നതിനു ദാഹിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇത്ര ചുരുക്കം മിഷനറിമാർക്കു എത്രമാത്രം ബുദ്ധിമുട്ടുകളാണു് സഹിക്കേണ്ടിയിരിക്കുന്നതെന്നൂഹിക്കാമല്ലോ. അഭിവൃദ്ധ്യുന്മുഖമായ ദക്ഷിണകൊറിയൻസഭ ഈ പ്രതിബന്ധങ്ങളെല്ലാം തട്ടിനീക്കി ഇന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

### സ്ഥാപനങ്ങൾ

സഭവകയായി അവിടെ 8 സീനിയർ ഹൈസ്കൂളുകളും 10 ജൂനിയർ ഹൈസ്കൂളുകളും ആൺകുട്ടികൾക്കായി നടത്തിവരുന്നു. പെൺകുട്ടികൾക്കായി 2 കോളേജുകളും 8 സീനിയർ ഹൈസ്കൂളുകളും 8 ജൂനിയർ ഹൈസ്കൂളുകളും നടത്തുന്നുണ്ടു്. സലേഷ്യൻ സഭവകയായി ഒരു ട്രേഡ്സ്കൂൾ സമാരംഭിക്കുവാൻ തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ നവമ്പർമാസത്തിലാണു് എ. എഫ്. എ. കെ. (Armed Forces Aid to Korea) സ്കൂളുകളോ, ദേവാലയങ്ങളോ, ആസ്പത്രികളോ, അനാഥമന്ദിരങ്ങളോ മററിതുപോലുള്ള പൊതുവാവശ്യത്തിനുള്ള കെട്ടിടങ്ങളോ പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾക്കു പണിക്കാവശ്യമായ എല്ലാ ഉപകരണങ്ങളും ദാനമായി നൽകുന്നതാണെന്നു വാഗ്ദാനംചെയ്തതു്. അന്നുമുതൽ ഓരോ ഇടവകയിലും ജനോപകാരപ്രദമായ സ്ഥാപനങ്ങൾ പണിതീർക്കുന്നതിനു ജനങ്ങൾ അത്യുത്സാഹം പ്രകടിപ്പിക്കുന്നുണ്ടു്. അനുദിനമെന്നവണ്ണം ധർമ്മസ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും ഉയർന്നുവരികയാണു്. ദക്ഷിണകൊറിയായിൽ എവിടേയും ദൃശ്യമാകുന്ന ഈ തീക്ഷ്ണത വിനാവിളംബം അവിടെ തിരുസഭയ്ക്കു അതിമനോഹരമായ ഒരഭിവൃദ്ധിയുണ്ടാക്കിത്തീർക്കുമെന്നുള്ളതു തീർച്ചയാണു്. "നരകകവാടങ്ങൾ അതിനെതിരായി പ്രബലപ്പെടുകയില്ല" എന്നുള്ള വാഗ്ദാനം നിതരാം നിലനിന്നുപോരുകയാണു്.

## പ്രസാധകക്കുറിപ്പുകൾ

### റഷ്യയിൽ നയവ്യതിയാനമുണ്ടോ?

റഷ്യയുടെ നയത്തിൽ രാഷ്ട്രീയമായും മതപരമായും ചില വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടാണിരിക്കുന്നതെന്നും അതു ജനാധിപത്യസിദ്ധാന്തങ്ങളിലേക്കു മാറിക്കൊണ്ടിരിക്കുന്നുണ്ടെന്നും ചിലപ്രചാരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. റഷ്യ നിരീശ്വരകമ്മ്യൂണിസത്തിലും തൊഴിലാളി സർവ്വാധിപത്യത്തിലും വിശ്വസിക്കുന്നിടത്തോളം കാലം ഇതു സംഭവ്യമല്ല എന്നു കമ്മ്യൂണിസ്റ്റു് തത്വങ്ങൾ മനസ്സിലാക്കിയിട്ടുള്ളവർക്കു ഗ്രഹിക്കുവാൻ വിഷമമുണ്ടാവുകയില്ല. സാമാന്യജനങ്ങളെ വഴിപിഴപ്പിക്കുന്നതിനുള്ള ചില ചെപ്പടിവിദ്യകൾ മാത്രമാണു് ഈ പ്രചാരണങ്ങൾ. എന്നാൽ റഷ്യയ്ക്കകത്തു ഒരു ആന്തരികപ്രചോദനം നാൾക്കുനാൾ ശക്തിപ്പെട്ടുവരുന്നുണ്ടെന്നുള്ളതു് കേവലം സ്വാഭാവികവും വസ്തുതകളാൽ തെളിഞ്ഞു കഴിഞ്ഞിട്ടുള്ളതുമാണു്.

റഷ്യൻ തടങ്കൽ പാളയത്തിൽനിന്നു വിമോചിപ്പിക്കപ്പെട്ടു റോമിലെത്തിയിട്ടുള്ള ഒരിററാലിയൻ ജസ്യൂട്ടു വൈദികനായ ഫാദർ പിയട്രോ ലെയോണിയുടെ അനുഭവങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. റഷ്യയിൽ നിർബ്ബന്ധ തൊഴിൽക്യാമ്പുകൾ നീത്തൽ ചെയ്തു എന്നു പറയുന്നതു് വെറും അസംബന്ധമാണെന്നും അവിടെ ചെയ്തിട്ടുള്ളതു് ക്യാമ്പുകളുടെ കമ്പിവേലികൾ നീക്കം ചെയ്തമാത്രമാണെന്നും ബന്ധിതരായ തൊഴിലാളികൾ ആയുധധാരികളായ പട്ടാളക്കാരുടെ മേൽനോട്ടത്തിൽ ഇപ്പോഴും നിർബ്ബന്ധവേലകളിൽ ഏർപ്പെടുത്തപ്പെട്ടുപോരികയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ലിത്വാനിയാക്കാരായ 13 വൈദികരെ ഈയിടെ മോചിപ്പിച്ചു എന്നതു മതമർദ്ദനത്തിനു അയവുവരുത്തിയതിനു തെളിവാണെന്നു് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടു്. അതേപ്പററി അദ്ദേഹം പറഞ്ഞതു് പ്രസ്തുതവൈദികർ പ്രായാധിക്യംകൊണ്ടും നിരന്തരമായ പീഡനങ്ങൾ കൊണ്ടും വൈദികസംബന്ധമായ യാതൊരു കൃത്യങ്ങളും നിർവ്വഹിക്കാൻ കഴിയാത്തവരാണു് എന്നത്രെ. വൊർക്കൂട്ടാ എന്ന സ്ഥലത്തു് തടവുകാർ സമാരംഭിച്ച വിപ്ലവം മർദ്ദിതരായ റഷ്യാക്കാർ നിർവ്വഹിച്ച അപാകതയിലുള്ള ഒരു മോചനശ്രമമായിരുന്നു. സ്റ്റാലിൻെറ മരണത്തെപ്പററിയും ബർലിനിലെ ക്ഷോഭത്തെപ്പററിയും ഏതാണ്ടെല്ലാം കേട്ടു് കമ്മ്യൂണിസ്റ്റു്ഭരണം തകരാൻ പോവുകയാണെന്നു് തെററിദ്ധരിച്ചു അവർ അവരുടെ കാവൽഭടന്മാരെ ആക്രമിച്ചതാണു് സംഭവം. ആ വിപ്ലവത്തിൽ 110 തടവുകാർ കൊല്ലപ്പെടുകയും 400 പേർക്കു പരുക്കു പററുകയുമുണ്ടായി എന്നതു മാത്രം ഫലം.

ഏതായാലും റഷ്യയിൽ ഒരു നവോത്ഥാനത്തിൻെറ ലക്ഷണങ്ങൾ വർദ്ധിച്ചുവരുന്നുണ്ടു് എന്നദ്ദേഹം സമർത്ഥിച്ചു. "ഇന്നത്തെ റഷ്യയ്ക്കു സാവധാനത്തിലെങ്കിലും ദൃഢതയോടുകൂടി ദൈവത്തിങ്കലേക്കു തിരിഞ്ഞുവരുന്ന ഒരു ക്രിസ്തീയാത്മാവുണ്ടു്. ഈ മനോഭാവം രാജ്യത്തിലുള്ള യുവജനങ്ങളിലാണു് സവിശേഷമായി കാണുന്നതു്. പ്രത്യേകിച്ചും അവർക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിൻെറ ആദ്ധ്യാത്മികപാപ്പരത്വത്തിൽ മനംമടുത്ത വിദ്യാർത്ഥികളിൽ അതു പ്രകടമാകുന്നു. റഷ്യൻജനത കമ്മ്യൂണിസ്റ്റു്ഭരണത്തിൽ വിഷമിച്ചിരിക്കുകയാണു്. ക്രൂഷേവ് അധികാരത്തിൽ വന്നതിനുശേഷം സ്ഥിതി കൂടുതൽ വഷളായിട്ടുണ്ടു്. അടുത്തു കഴിഞ്ഞ ഏതാനും മാസങ്ങളിൽ അറസ്റ്റുകളും അജ്ഞാതസ്ഥാനങ്ങളിലേക്കുള്ള കരകടത്തലുകളും വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. സംശയാസ്പദമായ ഒരു വാക്കോ വിമർശനപരമായ ഒരാംഗ്യമോ മതി അറസ്റ്റും നാടുകടത്തലും തൽക്ഷണം നടത്തുന്നതിനു്," എന്നാണു് ഫാദർ ലയോണി പ്രസ്താവിച്ചതു്.

x x x

### ഇററലിയിലെ സ്ഥിതിഗതികളെപ്പററി കമ്മ്യൂണിസ്റ്റ് കുപ്രചരണങ്ങൾ

ഇററലിയിലെ ഭരണകക്ഷിയായ ക്രിസ്ത്യൻ ഡെമോക്രാട്ടിക്കു് കക്ഷിയിൽ പ്രധാനമന്ത്രിയായ ഷെർബാസ്ക്കും പാർട്ടി ജനറൽ സിക്രട്ടറിയായ സിഞ്ഞോർ അമിൻേറാറെ ഫൻഫാനിക്കും എതിരായി അഭിപ്രായവ്യത്യാസവും സംഘടിതമായ എതിർപ്പും നടക്കുന്നു എന്നു കമ്മ്യൂണിസ്റ്റുകൾ കൊട്ടിഘോഷിക്കാൻ തുടങ്ങിയിട്ടുണ്ടു്. ഏതാദൃശമായ തെററിദ്ധാരണകൾ ജനതാമദ്ധ്യത്തിൽ പ്രചരിക്കാതിരിക്കുന്നതിനും അതുവഴി പൊതുജനങ്ങൾ തെററിദ്ധരിപ്പിക്കപ്പെടാതിരിക്കുന്നതിനും വത്തിക്കാൻ പത്രമായ ഒസ്സെർവത്തോരെ റോമാനോ ഈ വഞ്ചനയെ ചൂണ്ടിക്കാണിച്ചു വിശദമായ ഒരു മുഖപ്രസംഗം പ്രസിദ്ധീകരിച്ചിരിക്കുന്നു. "ഏററവും പാവനമായ സംഗതികൾ അപകടത്തിലാക്കപ്പെടുകയും ഭീഷണിപ്പെടുത്തപ്പെടുകയും ചെയ്യുന്നതുകൊണ്ടു്" ഇററാലിയൻ കത്തോലിക്കരെല്ലാം ഒററക്കെട്ടായി നിലകൊള്ളണമെന്നു അതിൽ ഉൽബോധനം നൽകിയിരിക്കുകയാണു്. പത്രം പറയുന്നു:- "കത്തോലിക്കരുടെ ഐക്യത്തിൽ അവർ ഉണ്ടാകുവാൻ പ്രത്യാശിക്കുന്ന പിളർപ്പുണ്ടാവാതെ കമ്മ്യൂണിസ്റ്റു്കൾക്കു് സ്വപ്നത്തിൽപോലും അവരുടെ അഭിലാഷപൂർത്തി വരുത്തുവാൻ സാദ്ധ്യമല്ല. പൊതുജനവിശ്വാസത്തെ (ഭരണമേധാവികളിലുള്ള) ക്ഷയിപ്പിക്കുന്നതിനുവേണ്ടി ചിലർ പറഞ്ഞു പരത്തുന്ന വിധത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം യഥാർത്ഥത്തിൽ ഉള്ളതായി ഞങ്ങൾ വിശ്വസിക്കുന്നില്ല. ക്രിസ്ത്യൻ ഡെമോക്രാട്ടിക്കു് പാർട്ടിയിൽ തന്നെയുള്ള വിമർശകന്മാർ കമ്മ്യൂണിസത്തിനെതിരായുള്ള പ്രതിരോധക അണക്കെട്ടിനെ ദുർബ്ബലപ്പെടുത്തുകയും അതു കമ്മ്യൂണിസ്റ്റു് നുഴഞ്ഞുകയറാത്തിനു വഴി തെളിക്കുകയും ചെയ്യേക്കാമെന്നുള്ള ഒരപകടമാണുള്ളതു്. എവിടെയും കമ്മ്യൂണിസ്റ്റുകൾ നേരിട്ടുള്ള സമരം പരാജയപ്പെടുമ്പോൾ സ്വീകരിക്കുന്ന പ്രത്യേക തന്ത്രമാണിതു്." ഇററാലിയൻ കത്തോലിക്കരുടെ സഹനസന്നദ്ധതയിലുള്ള പാരമ്പര്യത്തേയും, സഭയ്ക്കും രാജ്യത്തിനും വേണ്ടി അവർ നടത്തിയിട്ടുള്ള ധീരസമരങ്ങളേയും കൈവരിച്ചിട്ടുള്ള പ്രസിദ്ധ വിജയങ്ങളേയും അനുസ്മരിപ്പിച്ചുകൊണ്ടു് അതിവിശിഷ്ടമായ ഈ പാരമ്പര്യത്തെ മുറുകെ പിടിക്കണമെന്നവരെ ഉൽബോധിപ്പിക്കുകയും, വിപ്ലവോദ്യുക്തരായ ചില കത്തോലിക്കർ റോമൻ കൂറിയായുടെ അറിവോടും അനുമതിയോടും കൂടിയാണു് പ്രവർത്തിക്കുന്നതെന്നു ശത്രുക്കൾ പ്രചരിപ്പിക്കുന്ന കള്ളവുകളെ പാടെ നിഷേധിക്കുകയും ചെയ്തുകൊണ്ടാണു് പ്രസ്തുതമുഖപ്രസംഗം സമാപിപ്പിച്ചിരിക്കുന്നതു്. "കത്തോലിക്കർ കൂറിയായുടെ ചില മണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയല്ല ചെയ്യുന്നതു്, പ്രത്യുത തിരുസഭയോടും സഭയുടെ പാനങ്ങളോടും പ്രേഷിതത്വത്തോടുമാണു് ബന്ധപ്പെട്ടിരിക്കുന്നതു്" എന്നുള്ള വസ്തുത അതിൽ വിശദമായി പ്രഖ്യാപിച്ചിരിക്കുകയാണു്. കമ്മ്യൂണിസം ഒരിടത്തും നില്ക്കക്കള്ളിയില്ലാതെ അതിൻെറ മരണഗോഷ്ടി കാണിച്ചു തുടങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ കുപ്രചരണങ്ങൾക്കുള്ള അതിൻെറ പാടവത്തെ എല്ലാവിധത്തിലും പ്രയോഗിക്കുമെന്നുള്ളതിനു ഈ വസ്തുതയും ഒരുദാഹരണമാണു്.

x x x

### വാഴ്സോയിലെ യുവജനമേളയെപ്പററി കോൺ. സിക്രട്ടറി

കമ്മ്യൂണിസ്റ്റു്കളുടെ യുവജനമേളാസന്നാഹത്തെപ്പററി മുന്നൊരു ലക്കം സത്യദീപത്തിൽ പ്രതിപാദിച്ചിരുന്നതാണല്ലോ. അടുത്ത ജൂലൈ-ആഗസ്റ്റു് ഇടയ്ക്കാണു് സാർവ്വലൗകികയുവജനമേള വാഴ്സോയിൽവച്ചു നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതു്. അതിൽ കോൺഗ്രസ്സുകാർ യാതൊരു തരത്തിലും സഹകരിക്കരുതെന്നുള്ള കമ്മററിതീരുമാനത്തെ കാര്യകാരണസഹിതം ചൂണ്ടിക്കാണിച്ചുകൊണ്ടു് കോൺഗ്രസ്സു് ജനറൽസിക്രട്ടറി ശ്രീ നാരായൻ അഗർവാൾ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടു്. അതിലിപ്രകാരമാണു് പറയുന്നതു്:-

"അടുത്ത ജൂലൈ-ആഗസ്റ്റു്മാസങ്ങൾക്കിടയിൽ വാഴ്സോയിൽവച്ചു നടത്തുവാനുദ്ദേശിച്ചിരിക്കുന്ന സാർവ്വലൗകികയുവജനമേളയിലേക്കു ഏതെങ്കിലും കോൺഗ്രസ്സു്കമ്മററിയോ യൂത്തുകോൺഗ്രസ്സു് കമ്മററിയോ പ്രതിനിധികളെ അയക്കരുതെന്നാണു് അഖിലേന്ത്യാ കോൺഗ്രസ് കമ്മററിയുടെ അഭിപ്രായം. കോൺഗ്രസ്സിലേയോ, യൂത്തുകോൺഗ്രസ്സിലേയോ കോൺഗ്രസ്സിൻെറ മററേതെങ്കിലും ഘടകങ്ങളിലേയോ അംഗങ്ങൾ ഈ മേളസംബന്ധിച്ച ഏതെങ്കിലും പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ, ഈ മേളയുടെ സജ്ജീകരണം ഏറെറടുത്തിരിക്കുന്ന "വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാററിക്കു് യൂത്തു്" എന്ന സംഘടനയുടെ ഏതെങ്കിലും പരിപാടികളിൽ സഹകരിക്കുകയോ ചെയ്യരുതു്. ഈ സംഘടനയുടെ പ്രധാനപ്രവർത്തനങ്ങൾ പൊതുവെ കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങൾക്കെതിരായിട്ടുള്ളവയാണു്."

അഖിലേന്ത്യാ കോൺഗ്രസ്സു് കമ്മററിയിൽനിന്നും ഇപ്രകാരം ഒരു നിർദ്ദേശം നൽകിയിരിക്കുന്നതിൻെറ ഗൗരവം എല്ലാവരും മനസ്സിലാക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റു്കളുടെ വഞ്ചനനിറഞ്ഞ വലകളിൽ ഉന്നതനിലയിലുള്ള കോൺഗ്രസ്സുകാർപോലും എത്രയോ പ്രാവശ്യം ഇതിനുമുമ്പു അബദ്ധത്തിൽ കുടുങ്ങിപ്പോയിട്ടുണ്ടു്! ഈ വിദഗ്ദ്ധമായ വലപ്രയോഗത്തിലും ഏതാദൃശമായ ഒരു അമളിപററരുതെന്നുള്ള ഉദ്ദേശ്യമാണു് ഈ സർക്കുലറിനു നിദാനം. കമ്മ്യൂണിസ്റ്റു്കൾ ജനങ്ങളെ വഞ്ചിക്കുന്നതിനു എത്രയെത്ര പ്രസ്ഥാനങ്ങളാണു് വാർത്തെടുക്കുന്നതെന്നു അവയുടെ നീണ്ട പട്ടികതന്നെ സാക്ഷ്യം വഹിക്കുന്നുണ്ടു്. "അഖിലേന്ത്യാപീസ്കൗൺസിൽ", "ഇന്ത്യാ-ചൈനാ സൗഹാർദ്ദസംഘം", "ഇന്തോ-സോവ്യററു് കൾച്ചറൽ സൊസയററി", "ഇന്ത്യൻ വനിതാ ദേശീയസംഘടന", "ഭാരതീയ നാടകശാലാ അ

വാരാന്ത്യവീക്ഷണം

# ജർമ്മൻ ഏകീകരണത്തിനുള്ള സോവിയററ് പ്ളാൻ

(സി. ഐ. ജോൺ)

പ്രത്യക്ഷത്തിൽ സമാധാനപരമെന്നു തോന്നാവുന്നതും എന്നാൽ സ്വന്തം അഭ്യുന്നതിക്കുതകുന്നതുമായ ഒട്ടനവധി കാര്യങ്ങൾ ഈ അടുത്തകാലത്തായി സോവ്യററുയൂണിയൻ ചെയ്തിട്ടുണ്ട്. ഇതിനുമുൻപ് പല പ്രാവശ്യവും ഞാൻ ഈ സംഗതികൾ ആവർത്തിച്ചിട്ടുള്ളതാണ്. വീണ്ടും അതാവർത്തിക്കുമ്പോൾ ഒരുപക്ഷേ ചിലരെങ്കിലും വിചാരിക്കാനെളുപ്പമുണ്ട്, സോവ്യററ്ഗവമ്മെൻറിന്റെ എല്ലാക്കാര്യങ്ങളേയും എടുത്തു വിമർശിക്കുന്നതു ശരിയായിരിക്കുമോയെന്ന്. എന്നാൽ ഓരോദിവസം ചെല്ലുന്തോറും സോവ്യററ്നേതൃത്വം അന്താരാഷ്ട്രീയകാര്യങ്ങളിൽ കൈക്കൊള്ളുന്ന നയങ്ങൾ വിമർശനാർഹങ്ങളാണ്. സ്വതന്ത്രരാഷ്ട്രീയനിരീക്ഷകന്മാർക്കു വിമർശിക്കുവാൻ പാടില്ലാത്തതരത്തിലുള്ള യാതൊരു നയവും സ്റ്റാലിന്റെ മരണശേഷം സോവ്യററുറഷ്യ കൈക്കൊണ്ടിട്ടില്ല. അതിനുമുൻപ് സോവ്യററുറഷ്യ ആസൂത്രണംചെയ്തിട്ടുള്ള എല്ലാ നയങ്ങളും സ്വാഗതാർഹങ്ങളാണെന്നു മുൻപറഞ്ഞതിനർത്ഥമില്ല. സ്റ്റാലിന്റെ കാലത്തു “സമാധാനം” എന്ന വാക്കിന്റെ സാധാരണ മനുഷ്യർ ധരിക്കാറുള്ള അർത്ഥത്തിനു 60ശതമാനമെങ്കിലും സോവ്യററുയൂണിയനിൽ സ്ഥാനമുണ്ടായിരുന്നെങ്കിൽ ഇന്നു അതിനു ആറുശതമാനം പോലുമില്ല. ജനാധിപത്യം, സമാധാനം, സ്വാതന്ത്ര്യം തുടങ്ങിയുള്ള വാക്കുകൾ സോവ്യററുയൂണിയനിൽ ഇത്രമാത്രം വ്യഭിചരിക്കപ്പെട്ടിട്ടുള്ള ഒരു കാലഘട്ടം ഇതിനുമുൻപു ഒരിക്കലും ഉണ്ടായിട്ടില്ല. വാക്കുകളെ അവയുടെ വിപരീതാർത്ഥത്തിൽ ഉപയോഗിക്കുക മാത്രമല്ല, സോവ്യററുയൂണിയൻ ഇന്നു അതിന്റെ ഉപഗ്രഹരാജ്യങ്ങളിലൊന്നിനെ സ്വതന്ത്രമാക്കിയാൽ ആ രാജ്യത്തെ കൂടുതൽ സോവ്യററുചേരിയിലേക്കു അടുപ്പിക്കുക എന്ന നിലയിൽ എത്തിയിരിക്കുകയാണ്. കോമിൻഫോമിന്റെ പിരിച്ചുവിടലിനുള്ള സാദ്ധ്യതകളും, നിരായുധീകരണത്തെ സംബന്ധിച്ച് ഐ. രാ. സഭയ്ക്കു സമർപ്പിച്ചിട്ടുള്ള നിർദ്ദേശവും ബൽഗ്രേഡിൽവച്ചു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയുമെല്ലാം ഇതിനു മതിയായ തെളിവുകളാണ്. “സമാധാനപരമായ സഹവർത്തിത്വ”ത്തെ സോവ്യററുയൂണിയൻ റഷ്യൻ വിദേശനയത്തിന്റെ ഒരു ഭാഗമായി പ്രഖ്യാപിച്ചപ്പോൾ മാർക്സിയൻ തത്വസംഹിത അറിയാവുന്ന ലോകത്തിലെ എല്ലാ പത്രങ്ങളും എല്ലാ രാഷ്ട്രീയനിരീക്ഷകന്മാരും അതിലുള്ള ആത്മാർത്ഥതയെ ചോദ്യംചെയ്യുകയുണ്ടായി. “മുതലാളിത്തവ്യവസ്ഥിതിയോടു സന്ധിയില്ലാത്ത സമരം” പ്രഖ്യാപിച്ചിട്ടുള്ള മാർക്സിസത്തിൽനിന്നു കൊണ്ട്, ഈശ്വരവിശ്വാസത്തോടും മതതത്വങ്ങളോടും അവസാനംവരെ പോരാടണമെന്നു അനുശാസിക്കുന്ന മാർക്സിസത്തിൽ നിന്നുകൊണ്ടു എങ്ങനെ സഹവർത്തിത്വം സാദ്ധ്യമാകും എന്നു ചോദിച്ചപ്പോൾ അതിനുള്ള മറുപടി എന്നോണം ഇന്നു മാർക്സിസ്റ്റ് പുസ്തകങ്ങൾ തിരുത്തി എഴുതുകയാണ്. അന്നത്തെ പുസ്തകങ്ങളിൽ പല തെററുകളും കടന്നുകൂടിയിട്ടുള്ളതുകൊണ്ടു തിരുത്തി എഴുതുവാൻ നിർബന്ധിതരായിരിക്കുന്നു എന്നാണ് ഇന്നത്തെ വാദം. ഈ തിരുത്തി എഴുതൽ പ്രസ്ഥാനം ഇന്നും ഇന്നലേയും തുടങ്ങിയതല്ല. ബുഖാറിൻ തൊട്ടു നോക്കിയാൽ ഈ പ്രസ്ഥാനത്തിനുതന്നെ സോ: യൂണിയനിൽ ഒരു ചരിത്രമുള്ളതായിക്കാണാം. അതിലേക്കു തൽക്കാലം കടക്കുന്നില്ല. പരിതസ്ഥിതികൾ മനുഷ്യനെ സൃഷ്ടിക്കുന്നു എന്നുള്ള എംഗൽസിന്റെ തത്വത്തിനു പ്രചാരം കൊടുക്കുവാനുള്ള പരിതസ്ഥിതികൾ സോവിയററു റഷ്യയിൽ ഇന്നു സൃഷ്ടിക്കപ്പെടുകയാണ്.

പശ്ചിമജർമ്മനിയെ ഒരു സ്വതന്ത്രപരമാധികാര രാജ്യമായി പാശ്ചാത്യശക്തികൾ പ്രഖ്യാപിച്ചപ്പോൾ തുടങ്ങിയ സോവിയററ് തലവേദനയ്ക്കു ക്രൂഷ്ചേവ് കണ്ടുപിടിച്ച സാരിഡോൺ ആണ് അഡനോവർക്കുള്ള ക്ഷണം. മോസ്കോ സന്ദർശിക്കുവാൻ പശ്ചിമജർമ്മൻ ചാൻസലറായ Dr. അഡനോവറെ ഇന്നു സോവിയററു യൂണിയൻ ക്ഷണിച്ചിരിക്കുകയാണ്. ജർമ്മൻ ഏകീകരണപ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുവാനാണ് Dr. അഡനോവറെ ക്ഷണിച്ചിട്ടുള്ളത്. പാരീസ് ഉടമ്പടിക്ക് അംഗീകാരം നൽകിയാൽ ഭാവിയിൽ പശ്ചിമജർമ്മനിയുമായി സോവിയററു ബന്ധം പുലർത്തുന്നതല്ലെന്നു കഴിഞ്ഞ ജനുവരിയിൽ പശ്ചിമജർമ്മനിക്കു സോവിയററു യൂണിയൻ മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ സ്വന്തം കാര്യത്തിനുവേണ്ടി വീണ്ടും പശ്ചിമജർമ്മനിയെ ക്ഷണിച്ചിരിക്കുകയാണ്. പശ്ചിമജർമ്മനിയും പൂർവ്വജർമ്മനിയും കൂടി ഒന്നിച്ചുചേരുകയും ആസ്ട്രിയായേപ്പോലെ നിഷ്പക്ഷമായി നില്ക്കുകയും ചെയ്യണം എന്നുള്ള ഒരു നിർദ്ദേശം സോവിയററു യൂണിയൻ പശ്ചിമജർമ്മനിക്കു നൽകും. അതു ഉറപ്പുള്ള കാര്യമാണ്. റഷ്യ ആഗ്രഹിക്കുന്ന നിഷ്പക്ഷരാജ്യങ്ങളാൽ ചുററപ്പെട്ട ഒരു കോട്ടയ്ക്ക് എല്ലാ പ്രകാരത്തിലും വിലങ്ങുതടിയായി നില്ക്കുന്നതു പശ്ചിമജർമ്മനിയാണ്. പശ്ചിമജർമ്മനിയെക്കൂടി സമാധാനത്തിന്റെയോ, നിഷ്പക്ഷതയുടെയോ പേരിൽ “വളച്ചെ”ടുക്കാൻ കഴിയുമോ എന്ന പരീക്ഷണത്തിനു വേണ്ടിയാണ് അഡനോവറെ ക്ഷണിച്ചിട്ടുള്ളത്. യുഗോസ്ലാവിയായിലേക്കു ചെല്ലാമെങ്കിൽ എന്തുകൊണ്ടു അഡനോവറെ ക്ഷണിച്ചുകൂടാ. രണ്ടും സ്വകാര്യസാദ്ധ്യത്തിനുവേണ്ടിയാണല്ലോ. യുഗോസ്ലാവിയായെ പിണക്കിയതിനു കാരണം ബെറിയാ ആയതുപോലെ പശ്ചിമജർമ്മനിക്കു കൊടുത്ത അന്ത്യശാസനത്തിനു കാരണം നീഷ്ഠാസിതനാവാനിടയുള്ള മൊളോട്ടോവോ മററാരെങ്കിലുമോ ആവുകയും ചെയ്യും. Dr. അഡനോവറെ സോവിയററു യൂണിയൻ മാത്രമല്ല ക്ഷണിച്ചിട്ടുള്ളത്. മോസ്കോയിലേക്കു പോകുംമുൻപ് ജർമ്മൻ കാര്യങ്ങളെപ്പററി സംസാരിക്കുവാൻ പൂർവ്വജർമ്മൻ പ്രധാനമന്ത്രി ഹെർ ഒട്ടോനുഷിൻ ക്രിസ്ത്യൻ ഡമോക്രാററിക്ക് പാർട്ടിപ്പത്രമായ “ന്യൂസിട്ടാങ്ങി”ൽ എഴുതിയ ഒരു ലേഖനത്തിൽ പൂർവ്വപശ്ചിമജർമ്മനികൾ തമ്മിൽ ഒരുമിച്ചു കഴിയുവാൻ വയ്യാത്ത യാതൊന്നുമില്ലെന്നു പറഞ്ഞിരിക്കുന്നു. ഏതായാലും മോസ്കോയിലേക്കു പോകുന്നതിനു മുൻപായുള്ള ഓട്ടോനുഷിന്റെ ക്ഷണം തന്ത്രപരമായിട്ടുള്ളതാണ്. ഒരു ഏകീകൃത ജർമ്മനി സാധാരണഗതിയിൽ ആരും ഭയപ്പെടേണ്ട ഒന്നല്ല. എങ്കിലും സോവിയററുയൂണിയന്റെ ആഗ്രഹപ്രകാരം ഒരു ഏകീകൃതജർമ്മനി ഉടലെടുത്താൽ റഷ്യക്കു മുഖ്യമായും രണ്ടു നേട്ടങ്ങൾ അതുകൊണ്ടുണ്ടാകും. ഒന്നു്, നിഷ്പക്ഷരാജ്യചങ്ങലയിൽ ഇടയ്ക്കു മുറിഞ്ഞു പോയിട്ടുള്ള ഒരു കണ്ണി. രണ്ടു്, ആഭ്യന്തരകലഹങ്ങൾ മൂലം ജർമ്മനിയുടെ എല്ലാ ഭാഗത്തും കമ്മ്യൂണിസ്റ്റ്‌വാഴ്ച ശക്തിപ്പെടുത്തൽ. ഈ രണ്ടു കാര്യങ്ങളുമാണ് ജർമ്മൻ ഏകീകരണംകൊണ്ടു പൂർവ്വജർമ്മനിയും റഷ്യയും ആഗ്രഹിക്കുന്നതു്. ഇതു് അതിന്റെ ഉത്ഭവത്തിൽതന്നെ Dr. അഡനോവർ മനസ്സിലാക്കിയതുകൊണ്ടാണ് ജൂൺ 13-ാംനു അദ്ദേഹം അമേരിക്കയിലേക്കു തിരിച്ചതു്. ഈ ക്ഷണക്കത്തുകളുടെ പിന്നിലുള്ള രാഷ്ട്രീയ ഉദ്ദേശത്തെപ്പററി ജനാധിപത്യരാജ്യങ്ങളുമായി ചർച്ചചെയ്തു ശരിയായ ഒരു തീരുമാനത്തിൽ Dr. അഡനോവർ എത്തിച്ചേരുകതന്നെചെയ്യും.

—൦—

# അവഗണിക്കപ്പെടുവാൻ പാടില്ലാത്ത ഒരു ചോദ്യം

(ഫാ. മാത്യു നടയ്ക്കൽ)

ചിന്താശീലനായ മനുഷ്യൻ പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുവാൻ നിരന്തരം യത്നിച്ചുകൊണ്ടിരിക്കുകയാണ്. നെഹ്റുവിന്റെ കാലം കഴിഞ്ഞാൽ ഭാരതത്തിന്റെ സ്ഥിതിയെന്തു്? മതപരിവർത്തനം നടത്തുന്നതിനു ലൈസൻസു വേണ്ടിവരുന്നെങ്കിൽ ഒരു മതേതരരാഷ്ട്രം എന്നു പറയുന്നതിൽ വല്ലതും അർത്ഥമുണ്ടായിരിക്കുമോ? മഹാനായ നെഹ്റു — ആഫ്രിക്കയിൽ നടക്കുന്ന കടുത്ത അനീതിയെ അപലപിച്ചുകൊണ്ടിരിക്കുന്ന രാജ്യതന്ത്രജ്ഞനായ നെഹ്റു — കമ്മ്യൂണിസ്റ്റ്റഷ്യയിലെ ജനസഹസ്രങ്ങളുടെ പാരതന്ത്ര്യത്തിനെതിരായി എന്തുകൊണ്ടു പ്രതിഷേധസ്വരം പുറപ്പെടുവിക്കുന്നില്ല? ജനങ്ങളിങ്ങനെ പെരുകിവർദ്ധിച്ചാൽ അവരെ തീററിപ്പോററുവാൻ എങ്ങനെ സാധിക്കും? ചിന്താശീലനായ മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ ലിസ്റ്റ് ഇങ്ങനെ നീണ്ടുപോകുന്നു.

എന്നാൽ വ്യക്തിപരമായ ജീവിതത്തോടും കഴിവോടും ബന്ധമില്ലാത്ത പ്രശ്നങ്ങളെപ്പററിയാണ് മനുഷ്യൻ പലപ്പോഴും ചിന്തിച്ചുചിന്തിച്ചു തല പുകയ്ക്കുന്നതെന്നുള്ളതു രസാവഹമായ ഒരു കാര്യമാകുന്നു.

എല്ലാ പ്രശ്നങ്ങളിലുംവച്ച് പ്രധാനവും പ്രഥമവുമായ ഒന്നുണ്ട്. ഇഹത്തിൽ മനുഷ്യജീവിതത്തിന്റെ അർത്ഥമെന്തു്? അഥവാ മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്തു്? ഇതാണ് പ്രസ്തുത ചോദ്യം. ഈ ചോദ്യംമാത്രം അനേകരുടെ മസ്തിഷ്കത്തിലേക്കു പ്രവേശിക്കുന്നില്ല. ലക്ഷ്യത്തെ വിഗണിച്ചുകൊണ്ടുള്ള പ്രവർത്തനബഹുലത അരാജകത്വത്തിലേ പര്യവസാനിക്കുകയുള്ളൂ.

ചിലർ സുഖഭോഗാദികൾ അനുഭവിക്കുന്നതിനായി ജീവിക്കുന്നു. ചിലർ സമുദായമണ്ഡലത്തിലും രാഷ്ട്രീയരംഗത്തിലും ഉന്നതമായ സ്ഥാനം കൈവരിക്കുന്നതിനായി പരിശ്രമിക്കുന്നു. സമുദായത്തിനും രാജ്യത്തിനുംവേണ്ടി മാത്രം തങ്ങൾ ജീവിക്കുന്നുവെന്നു പറയുന്നവരുമുണ്ട്. ചിലർ മരിക്കുന്നതിനായി ജീവിക്കുന്നു. മരണാനന്തരജീവിതത്തെപ്പററി ചിന്തിക്കുകയോ അതിൽ വിശ്വസിക്കുകയോ ചെയ്യാത്തവരുടെ സംഖ്യയാണ് ഇന്നു മുന്നേറിക്കൊണ്ടിരിക്കുന്നതു്.

ഒരു ക്രൈസ്തവൻ ജീവിക്കുന്നതു് മരിക്കുന്നതിനായിട്ടാണെന്നു അഥവാ നന്മരണം പ്രാപിക്കുന്നതിനായിട്ടാണെന്നു പറയുന്നതിൽ തെററില്ല. മനുഷ്യന്റെ പരമാന്ത്യമായ ദൈവത്തെ പ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗമാണല്ലോ നന്മരണം. മഹത്തായ കത്തോലിക്കാസഭ നിലകൊള്ളുന്നതുതന്നെ തന്റെ സന്താനങ്ങളെ നന്മരണം പ്രാപിക്കുന്നതിനു തയാറാക്കുന്നതിനായിട്ടാണ്.

നന്മരണം എന്തിൽ അടങ്ങിയിരിക്കുന്നുവെന്നതിനെ സംബന്ധിച്ചു വിശദമായ ആശയം ഓരോ ക്രൈസ്തവനും ഉണ്ടായിരിക്കേണ്ടതാണ്. ശരീരവും ആത്മാവും തമ്മിലുള്ള വേർപാടിനെയാണ മരണമെന്നു നാം വ്യവഹരിക്കുന്നതു്. ആത്മാവു പ്രസാദവരത്തിലായിരിക്കവെ, അഥവാ ചാവുദോഷത്തിലല്ലാതിരിക്കവെ, ശരീരത്തിൽനിന്നു വേർപിരിയുന്നുവെന്നതിൽ നന്മരണം അടങ്ങിയിരിക്കുന്നു. മരണസമയത്തെ ആത്മാവിന്റെ പ്രസാദവരാവസ്ഥ ജീവിതരീതിയുടെ പ്രതിഫലവുമാകുന്നു. ജീവിതം എപ്രകാരം അപ്രകാരം മരണവും എന്നതാണ നന്മരണത്തെ സംബന്ധിച്ച പ്രമാണം.

മരണത്തിന്റെ അനിശ്ചിതത്വമാണ് അതിനെ ഭയാനകമാക്കിത്തീർക്കുന്നതു്. വിചാരിക്കാത്ത വിനാഴികയിൽ ആത്മാവു ശരീരത്തിൽനിന്നു വേർപിരിയേണ്ടിവരുമെങ്കിൽ, ആത്മാവിന്റെ പ്രസാദവരാവസ്ഥയിലാണ നന്മരണം അടങ്ങിയിരിക്കുന്നതെങ്കിൽ ഓരോ വിശ്വാസിയും നിരന്തരം തന്നോടുതന്നെ അവശ്യം ചോദിച്ചുകൊണ്ടിരിക്കേണ്ട ഒരു ചോദ്യമുണ്ട്. അതായതു് “ഞാനിപ്പോൾ ചാവുദോഷത്തിലാണോ?” എന്നു്. ലേഖനത്തിന്റെ ശീർഷകംവഴി സൂചിപ്പിച്ചിരിക്കുന്ന ചോദ്യവും ഇതുതന്നെ.

ഓരോരുത്തരും തന്നോടുതന്നെ ഈ ചോദ്യം ചോദിക്കുകതന്നെ വേണം. എന്തുകൊണ്ടെന്നാൽ മനുഷ്യനു മരണം ഏററം നിശ്ചയവും ഏററം അനിശ്ചിതവുമാണ്. ഒരു മനുഷ്യനു ചാവുദോഷത്തോടുകൂടി എങ്ങനെ ഒരു രാത്രി കഴിച്ചുകൂട്ടുവാൻ കഴിയുമെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ലായെന്നു വിശുദ്ധനും മഹാപണ്ഡിതനുമായ തോമസ് അക്വിനാസ് ചോദിക്കുന്നതിന്റെ യുക്തിയും നമുക്കിവിടെ നല്ലതുപോലെ ഗ്രഹിക്കാം.

ക്രിസ്തീയജീവിതത്തിന്റെ കാതൽ വരപ്രസാദജീവിതമാണ്. ക്രിസ്തീയതത്വശാസ്ത്രങ്ങളും വേദശാസ്ത്രങ്ങളും കല്പനകളും ഭക്തസംഘങ്ങളുമെല്ലാം സഭാംഗങ്ങളുടെ വരപ്രസാദജീവിതത്തിനായിനിലകൊള്ളുന്നു. ഏതൊരു ഭക്തസം

സോസ്സിയേഷൻ”, “ആൾഇന്ത്യാ സ്റ്റുഡൻറ്സ് ഫെഡറേഷൻ”, “ആൾ ഇന്ത്യാ പുരോഗമന സാഹിത്യ ലേഖകസംഘടന”, “ആൾ ഇന്ത്യ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ്”, “ആൾ ഇന്ത്യാ കിസാൻസഭ”, “ജനകീയവക്കീലന്മാരുടെ ഇന്ത്യൻ അസ്സോസിയേഷൻ” മുതലായ നിരവധി സംഘടനകൾ എത്രയെത്ര കോൺഗ്രസ്സുകാരെയാണ് വഴിപിഴപ്പിച്ചിട്ടുള്ളതു്. കമ്മ്യൂണിസ്റ്റുകളുടെ നിയന്ത്രണത്തിൽ അവരുടെ അബദ്ധവും നിഷിദ്ധവുമായ ആശയങ്ങൾ യുവഹൃദയങ്ങളിൽ കുത്തിവയ്ക്കുന്നതിനു അവസരം ലഭിക്കുന്നതിനുവേണ്ടി ലോകവ്യാപകമായവിധത്തിൽ നടത്തപ്പെടുന്ന ഒരു പ്രസ്ഥാനമാണ് ഈ യുവജനമേളകൾ. പല രാജ്യങ്ങളിലും അതിന്റെ പ്രാരംഭമേളകൾ നടന്നുകഴിഞ്ഞു. ഒരു സമ്പൂർണ്ണാഘോഷമാണ് വാഴ്സോയിൽ സജ്ജീകരിക്കുന്നതു്. കായികവിനോദങ്ങൾ, മത്സരങ്ങൾ, സാംസ്കാരികപ്രസ്ഥാനങ്ങൾ, കലാപ്രകടനങ്ങൾ എന്നിങ്ങനെ ആകർഷകമായ പരിപാടികളാണ് അവർ ഒരുക്കുന്നതു്. പക്ഷെ ഇതിന്റെയെല്ലാം അടിയിലുള്ള ഉദ്ദേശ്യം കമ്മ്യൂണിസം പ്രചരിപ്പിക്കുക—മതവിരുദ്ധവും രാജ്യദ്രോഹപരവുമായ ആശയങ്ങൾ യുവഹൃദയങ്ങളിൽ കുത്തിവയ്ക്കുക— എന്നുള്ളതാണ്. “വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാററിക്ക് യൂത്ത്” എന്ന സംഘടനയുടെ നിയമാവലിയും ചരിത്രവും പ്രവർത്തനങ്ങളും ശരിയായി പഠിക്കുന്നവർക്കു ഇതു വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

## അടുത്തയാഴ്ചയിൽ

ജൂൺ

23 വ്യാ: വി. ഫെലിക്സ്

24 വെ: വി. യോഹന്നാൻ മാംദാന

25 ശ: വി. ഗ്ലിയേൽമോസ്

26 ഞാ: പന്തക്കുസ്താ 4-ാംഞായർ

27 തി: വി. ലദിസ്ലാവൂസ്

28 ചൊ: വി. ലെയോൻ

29 ബു: പത്രോസ് പൗലോസ് ശ്ലീഹന്മാർ


THANKSGIVING



FOR FAVOURS RECEIVED

through the intercession of "Little Flower" and Prayers of Rev. Sr. Alphonsa.

Inserted by Mrs. & Mr. Antony Maliekal, Eleuthikara, N. Parur

ഘടനയും അതിൻെറ നിയമാവലിയിൽ അംഗങ്ങളുടെ ജീവിതവിശുദ്ധീകരണം പ്രധാനലക്ഷ്യമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ജീവിതവിശുദ്ധീകരണമാകട്ടെ, പ്രസാദവരാവസ്ഥയിൽ സ്ഥിതിചെയ്യുന്നു.

സ്വർഗ്ഗരാജ്യത്തിൽ പോകുന്നതിനുള്ള പാസ്സുമാക്കാണ് പ്രസാദവരാവസ്ഥയെന്നുള്ളത്. പ്രസാദവരാവസ്ഥ എന്നാൽ ആത്മാവു ദൈവസ്നേഹത്തിലിരിക്കുന്ന അവസ്ഥയെന്നു സാമാന്യമായി പറയാവുന്നതാണ്.

ഒരു ക്രിസ്ത്യാനിക്ക് താൻ പ്രസാദവരത്തിലിരിക്കുന്നുവെന്നതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടുവാൻ പാടില്ല. സ്വർഗ്ഗസ്ഥനായ എൻെറ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ, എന്നാണല്ലോ ദിവ്യരക്ഷകൻ അരുൾചെയ്തിരിക്കുന്നതും. പുണ്യപൂർണ്ണത പ്രാപിക്കേണ്ടതിൻെറ ആവശ്യകതയേയോ മാർഗ്ഗങ്ങളേയോപററി ഇവിടെ പ്രതിപാദിക്കുന്നില്ല. പ്രസാദവരാവസ്ഥയെ വിഗണിച്ചുകൊണ്ടുള്ള പ്രേഷിതപ്രവത്തനങ്ങളോ കത്തോലിക്കാപ്രവത്തനങ്ങളോ അവയർഹിക്കുന്ന ഫലങ്ങൾ പുറപ്പെട്ടുവിക്കുകയില്ല. പ്രസാദവരാവസ്ഥ പ്രേഷിതജീവിതത്തിൻെറയും പ്രവത്തനങ്ങളുടേയും ജീവനും വിജയവുമാണ്.

ഞാനിപ്പോൾ പ്രസാദവരത്തിലാണോ? ഇതൊരു വലിയ ചോദ്യമാണ്. ആവശ്യമായ ഒരു ചോദ്യമാണ്. ഒരിടവകയെ സംബന്ധിച്ചു പറയുമ്പോൾ ആ ഇടവകയിലെ ജനങ്ങളിൽ ഓരോരുത്തരും തന്നോടുതന്നെ ഈ ചോദ്യം ചോദിക്കുന്നതിനു പ്രചോദനം നൽകുന്ന ഒരന്തരീക്ഷമുള്ള കാലഘട്ടത്തെ ക്രിസ്തീയചൈതന്യത്തിൻെറ യുഗമെന്നു നാമകരണം ചെയ്യാം.

## ഇടവകവാർത്തകൾ

**ആലപ്പുഴ:** ആര്യാട്ട് സെൻറ് മേരീസ് കത്തോലിക്ക് യൂണിയൻെറ പ്രഥമവാർഷികം ജൂൺ 5-ാംനു ഞായറാഴ്ച പകൽ 4 മണിക്ക് ഗവമ്മെൻറ് പ്ളീഡർ മി. വി. ജെ. കുര്യൻെറ അദ്ധ്യക്ഷതയിൽ കൂടി. സ്വാഗതപ്രസംഗം, സെക്രട്ടറിയുടെ റിപ്പോർട്ടുവായന, ഉപക്രമപ്രസംഗം ഇവ കഴിഞ്ഞു റവ. ഫാദർ ജോസഫ് മേപ്രകരോട്ട്, ശ്രീ പി. ജി. കുര്യൻ, മിസ്സ് റോസമ്മ ചാക്കോ എന്നിവർ ഓരോ പ്രസംഗം ചെയ്തു. ശ്രീ അന്ത്രയോസ് ആൻറണി 22 വർഷങ്ങളായി നടത്തിവരുന്ന വണക്കമാസപ്പുര ഒരു കപ്പേളയായി പണിയുവാൻ ഇതിനിടെ യൂണിയൻ നടത്തിയ ധനശേഖരത്തേയും മററു പ്രവത്തനങ്ങളേയും വിവരിച്ചു. തത്തമ്പള്ളിപള്ളിവികാരിറവ: ഫാദർഗ്രിഗരി കട്ടാമ്പള്ളി കപ്പേളയുടെ ശിലാസ്ഥാപനം നിർവഹിച്ചു. ഗ്രൂപ്പ്ഫോട്ടോ, മേയ്മാസസമാപനപരിപാടികൾ എന്നിവയോടുകൂടി വാർഷികാഘോഷങ്ങൾ സമാപിച്ചു.

**കടുത്തുരുത്തി:** സ്ഥലംസൊഡാലിററി, മിഷൻലീഗ്, വിൻസെൻറ് ഡി പോൾ, സി. ഇ. സി., സൺഡേസ്കൂൾ എന്നീ ഭക്തസംഘടനകളുടെ സംയുക്തവാർഷികാഘോഷം ജൂൺ 5-ാംനു മൂന്നു മണിക്ക് വെരി റവ. ഫാ. തോമസ് മണക്കാട്ട് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീമാന്മാരായ എം. ജെ. തോമ്മസ് ബി. എ. ബി. ടി., വി. യു. ജോസഫ് ബി. എ. എന്നിവർ പ്രസംഗിച്ചു. മീററിംഗിൽ മിഷൻലീഗുകാരുടെ പ്രഹസനവും, സൊഡാലിററിയംഗങ്ങളുടെ ഡാൻസും ഉണ്ടായിരുന്നു.

**ചെമ്മലമററം:** ചെറുപുഷ്പമിഷൻലീഗു വാർഷികം വിവിധ പരിപാടികളോടുകൂടി മേയ് 29-ാംനു നടത്തി. തത്സംബന്ധമായി കൂടിയ പൊതുസമ്മേളനത്തിൽ റവ. ഫാ. ഡി. എസ്. തുരുത്തേൽ അവർകൾ ആദ്ധ്യക്ഷം വഹിക്കുകയും മിസ് റോസമ്മ ചാക്കോ ബി. എ., മാസ്റ്റർ സിറിയക്ക് മേടയ്ക്കൽ എന്നിവർ പ്രസംഗിക്കുകയുംചെയ്തു. ഇക്കൊല്ലത്തിൽ മിഷൻ കാര്യങ്ങൾക്കായി 1100-ൽപ്പരം രൂപാ ഈ ലീഗുവിനിയോഗിച്ചിട്ടുണ്ട്.

IN THANKSGIVING



for favours received

Fr. J. Valamangalam

**ബസ്ലഹം:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ് ശാഖയുടെ നാലാമതു വാർഷികം ജൂൺ 12-ാംനു ഞായറാഴ്ച റവ ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. തദവസരത്തിൽ മി. പി. വി. മത്തായി പുന്നോലി ഒരു പ്രസംഗം ചെയ്തു. യോഗത്തിനിടയിൽ ശ്രീ കെ. ജെ. ലൂക്കാച്ചൻെറ ഗാനാലാപങ്ങളും ഉണ്ടായിരുന്നു. കൃതജ്ഞത, പാപ്പാമംഗളം എന്നിവയ്ക്കുശേഷം യോഗം സമംഗളം പര്യവസാനിച്ചു.

**കരിമണ്ണൂർ:** ഈ പള്ളിയിൽ സ്ഥാപിതമായിട്ടുള്ള സൊഡാലിററി, ചെറുപുഷ്പമിഷൻലീഗ്, ഫ്റാൻസീസ്കൻ മൂന്നാംസഭ എന്നീ ഭക്തസഖ്യങ്ങളുടെ സംയുക്തവാർഷികം റവ. ഫാ. ലേത്തൂസ് T. O. C. D. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽകൂടി. ശ്രീ മാത്യു ഉലകംതാ ബി. എ, ശ്രീ എ. ജെ. ജോസഫ് എം. എ. എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം സഖ്യാംഗങ്ങൾ "കള്ളസന്യാസി" എന്ന നാടകം അഭിനയിക്കുകയുണ്ടായി.

**പൂവരണി:** സ്ഥലത്തെ സത്യാരാധന, മിഷ്യൻ ലീഗ് മുതലായ ഭക്തസംഘടനകളുടെ വാർഷികം ജൂൺ 12 ാംനു ഞായറാഴ്ച റവ. ഫാ. പപ്പിയാസ്സ് T. O. C. D. B. Sc. B. T. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ജോസഫ് മററം. B. A., ബ്രദർ പാലക്കടി, ശ്രീ മാത്തച്ചൻ എം. കുരുവിനാകുന്നേൽ എന്നിവർ ഓരോ പ്രസംഗം ചെയ്തു. "ഞാനും വരുന്നു" എന്ന പ്രഹസനം മിഷ്യൻലീഗ് അംഗങ്ങളാൽ അഭിനയിക്കപ്പെട്ടു.

**പാറന്നൂർ:** ഈ ഇടവക "ചിറനെല്ലൂർ" എന്ന സ്ഥലത്തു് സംസ്ഥാപിതമായിട്ടുള്ള സി. വൈ. എം. എ. യുടെ ആഭിമുഖ്യത്തിൽ മാതൃവണക്കാഘോഷങ്ങൾ ഇക്കൊല്ലവും പതിവുപോലെ കൊണ്ടാടപ്പെട്ടു. റവ. ഫാ. ജോൺ അമ്പൂക്കൻ ഒരു പ്രസംഗം ചെയ്തു. കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു.




**ചെപ്പുംപാറ:** മിഷ്യൻലീഗിൻെറ ദ്വിതീയവാർഷികസമ്മേളനം ജൂൺ 12-ാംനു റവ. ഫാ. ഹില്ലാരിയോസ് T. O. C. D., M. A. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി. ശ്രീ കുര്യാക്കോസ് മററം B. Sc. പ്രസംഗിച്ചു. സമ്മേളനത്തിനു മുൻപ് ഒരു മിഷ്യൻറാലിയും നടത്തപ്പെട്ടു.

## ചരമവാർത്തകൾ

**പാറന്നൂർ:** വാഴപ്പിള്ളി ശ്രീ ദേവസ്സി ഇട്ടൂപ്പ് അവർകൾ ജൂൺ 6-ാംനു 74-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം 4 മണിക്ക് റവ. ഫാദർ മാത്യുപാലയ്യൂർ അവർകളുടെപ്രധാന കാർമ്മികത്വത്തിലും മററു വൈദികരുടേയും ബന്ധുമിത്രാദികളുടേയും സഹകരണത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ ജേക്കബ്ബ് പോട്ടോക്കാരൻ ചരമപ്രസംഗം നടത്തി.

**കരാഞ്ചിറ:** ജൂൺ 10-ാം തീയതി ആലപ്പാട്ട് ശ്രീ ഔസേപ്പ് കൊച്ചുവറിയതു അവർകളുടെ പത്നി ശ്രീമതി ത്രേസ്യ 63-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ഉച്ചതിരിഞ്ഞു 5-30നു് ശവസംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. വെരിറവ. ഫാ. ജോൺ ചിറയത്തു് വസതിയിൽ വച്ചു ചരമപ്രസംഗം നടത്തി. പല ബഹു. വൈദികരുടേയും ഒരു വലിയ ജനസഞ്ചയത്തിൻെറയും അകമ്പടിയോടുകൂടി സിമിത്തേരിപള്ളിയിൽ പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. ആയിരത്തിൽപരം ഉരുപ്പിക സാധുക്കൾക്കു ദാനം നൽകുകയുണ്ടായി. പരേത റോയൽ ആർട്ടിസ്റ്റ് മി പി. ജെ. ചെറിയാൻ മുതലായവരുടെ സഹോദരിയാണ്.

**കുറമണ്ണ്:** ഈ പള്ളി ഇടവക ചെറുകുന്നേൽ കുരുവിള അന്ന ജൂൺ 15-ാംനു 76-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം അനേകം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ സാഘോഷം നടത്തപ്പെട്ടു.

**ഓമല്ലൂർ:** വടക്കടത്തു മി. എം. സി. കുഞ്ഞുകുഞ്ഞിൻെറ മകൻ പൂനാ പേപ്പൽ സെമ്മിനാരിവിദ്യാത്ഥിയായിരുന്ന ബ്രദർ സേവ്യർ കാപ്പിൽ ജൂൺ 11-ാം തീയതി ശനിയാഴ്ചരാത്രി പൂനയിൽവച്ചു തലച്ചോറുസംബന്ധമായ സുഖക്കേടുനിമിത്തം ചരമം പ്രാപിച്ചിരിക്കുന്നു.

**അതിരമ്പുഴ:** സ്ഥലംഫൊ. പള്ളി ഇടവക ചന്തിരത്തിക്കാലായിൽ മത്തായി ഏലിയാമ്മ ജൂൺ 11-ാംതീയതി ശനിയാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഞായറാഴ്ച റവ. ഫാദർ ജോസഫ് ഏററുമാനൂക്കാരൻ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ സമാരംഭിച്ച സംസ്കാരകർമ്മം അനേകം വൈദികരുടെയും ഒരു വലിയ ജനസംഘത്തിൻെറയും അകമ്പടിയോടുകൂടി പള്ളിയിൽവച്ചു റവ. ഫാദർ അലക്സാണ്ടർ നിരാക്കൽഅവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സമാപിപ്പിക്കപ്പെടുകയും മൃതദേഹം സിമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെടുകയും ചെയ്തു. സംസ്കാരത്തെ തുടന്നു സാധുക്കൾക്കു അന്നദാനമുണ്ടായിരുന്നു.

R. I. P.


## പ്രശസ്തവിജയികൾ



മി. കെ. ടി. ആൻറണി ബി. എ. ബി. എൽ. ഇദ്ദേഹം ഇക്കഴിഞ്ഞ ബി. എൽ. പരീക്ഷയിൽ ഒന്നാംക്ലാസിൽ ഒന്നാമനായി വിജയിച്ചു.



മി. ടി. ജെ. സിറിയക്ക് ബി. എസ്‌സി. ബി. എൽ. ഇദ്ദേഹം ബി. എൽ. പരീക്ഷയിൽ യൂണിവേഴ്സിററിയിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി.



മി. പി. എം. ജോസഫ് ബി. ഇ. സി. ഇ. എസ്. ഇദ്ദേഹം ഇക്കഴിഞ്ഞ 'സി. ഇ എസ്'. പരീക്ഷയിൽ പ്രശസ്തമായ വിജയംവരിച്ചു.

## വിവാഹവാർത്തകൾ

**കൊരട്ടി:** ശ്രീ നാല്പാട്ടു ദേവസ്സി കുഞ്ഞുവറീതിൻെറ മകൻ തോമസ് ബി.എസ്സിയും മൂവാററുപുഴ ശ്രീ ചിററപറമ്പിൽ ജോണിൻെറ മകൾ മേരി ബി. എ. ബി. ടി. യും തമ്മിലുള്ള വിവാഹം മൂവാററുപുഴ കത്തോലിക്കാപള്ളിയിൽ വച്ചു ജൂൺ 13-ാം തീയതി നടന്നിരിക്കുന്നു. വരൻെറ സഹോദരൻ ഫാ. ഡി. ജി. നാല്പാട്ട് വിവാഹം ആശീർവ്വദിച്ചു. റവ. ഫാ. ആൻറണി പുതുശ്ശേരി ഒരു പ്രസംഗം ചെയ്തു.

**എളങ്കുളം:** സ്ഥലത്തെ കട്ടിയാട്ട് ലോനൻ അവർകളുടെ മകൾ "മേറി"യും പെരുമ്പള്ളി പള്ളി ഇടവക കല്ലുംമാത്തിൽഅഗസ്റ്റിൻ അവർകളുടെ മകൻ "വറീസ്സും" തമ്മിലുള്ള വിവാഹം ജൂൺ 15-ാം തീയതി പെരുമാനൂർ സെൻറ് ജോർജ്ജ് പള്ളിയിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

**കുറവൂർ:** സ്ഥലത്തെ ശ്രീ സി. വി. താരു അവർകളുടെ മകൻ ജേക്കബ്ബും ചേത്തൂർ പള്ളിഇടവക ആലപ്പാട്ടു വാറുണ്ണി മകൾ അന്നയും തമ്മിലുള്ള വിവാഹം ജൂൺ 20-ാംനു നടന്നിരിക്കുന്നു.

—o—

## ഇററാലിയൻ തൊഴിലാളികൾ കമ്മ്യൂക്കൾക്കെതിരെ മുന്നേറുന്നു

ഇററലിയിലെ ദക്ഷിണനാവികസങ്കേതമായ ടറൻേറായിലെ തൊഴിലാളി സംഘടനാകമ്മററിയിലേക്കു ഈയിടെ നടന്ന തിരഞ്ഞെടുപ്പിൽ ഇററാലിയൻ കാത്തലിക്കു ട്രേഡ്‌യൂണിയൻ കൊൺഫെഡറേഷൻ പ്രശസ്തമായ വിജയം നേടിയിരിക്കുന്നു. മുമ്പു 11 മെമ്പർമാർ ഉണ്ടായിരുന്ന കമ്മററിയിൽ ഇപ്പോൾ 18 സ്ഥാനങ്ങൾ അവർക്കു ലഭിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകൾക്കു 18 ഉണ്ടായിരുന്നതു 11 ആയി കുറഞ്ഞു. കൊൺഫെഡറേഷനു കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 2,429 വോട്ടുകൾ മാത്രമേ കിട്ടിയുള്ളൂ. ഇത്തവണ 5,459 വോട്ടുകൾ കിട്ടി. ഉത്തര ഇററലിയിൽ ഈയിടെ നടന്ന ഫാക്ടറി കമ്മിററികളിലേക്കുള്ള തിരഞ്ഞെടുപ്പുകളിലും കമ്മ്യൂണിസ്റ്റുകളെ പരാജയപ്പെടുത്തി കാത്തലിക്ക് ട്രേഡ്‌യൂണിയൻ സംഘടനകൾ മുന്നേറിയിട്ടുണ്ട്. കമ്മ്യൂണിസത്തോടുള്ള മമത തൊഴിലാളികളുടെ ഇടയിൽ ക്ഷണേന കുറഞ്ഞുവരികയാണെന്നാണ് ഈ തിരഞ്ഞെടുപ്പുഫലങ്ങൾ ചൂണ്ടിക്കാണിക്കുന്നതു്.

## കമ്മ്യൂണിസ്റ്റ് നേതൃത്വം വിടുന്നു

പുനലൂർ പേപ്പർമില്ലിൽ ഒന്നരമാസത്തോളമായി നടക്കുന്ന പണിമുടക്കുമൂലം 1500 തൊഴിലാളികൾക്കു പണിയില്ലാതായിരിക്കുന്നു. മില്ലിൽ, ലേബർ കോൺഗ്രസ്സ്, വക്കേഴ്സ് യൂണിയൻ ഇങ്ങനെ രണ്ടു യൂണിയനുകളുണ്ട്. 24 മണിക്കൂറുനേരത്തെ സൂചനാ പണിമുടക്കു നടത്തുന്നപക്ഷം മിൽ അടച്ചുപൂട്ടുമെന്നു മാനേജുമെൻറ് കൊടുത്തിരുന്ന നോട്ടീസ് വെളിയിൽ കാണിക്കാതെയാണു നേതാക്കൾ പണിമുടക്കു നീട്ടിക്കൊണ്ടുപോയതു്. ഇതു പുറത്തായതോടുകൂടി 300 തൊഴിലാളികൾ കമ്മ്യൂണിസ്റ്റു യൂണിയനായ വക്കേഴ്സ് യൂണിയൻവിട്ടു ലേബർ കോൺഗ്രസ്സിൽ ചേന്നിരിക്കുന്നതായറിയുന്നു.

(4-ാംപേജ് തുടർച്ച)

വൈദികരുടെ കർത്തവ്യബോധവും സന്യാസികളുടെ ബഹുവതയും സന്യാസിനികളുടെ സേവനതല്പരതയുമാണ് വേറെ ചിലർക്കു ചിന്താവിഷയമായതു്. കെട്ടുപിണഞ്ഞു അഴിയാത്ത കുരുക്കും ഒഴിയാത്ത വഴക്കും തീരാത്ത വ്യവഹാരവുമായി നട്ടംതിരിയുന്ന അകത്തോലിക്കസഭയുടെ ശോചനീയനിലയാണ് വേറേ ചിലരെ ഇരുത്തിച്ചിന്തിപ്പിച്ചതു്. ഇങ്ങനെ ബഹുമുഖമായ കാരണങ്ങളാൽ തിരുസഭയിൽ പ്രവേശിച്ച ശതക്കണക്കിനു വിശ്വാസികളെ ചരിത്രത്തിന്റെ താളുകളിലും നമ്മുടെ ചുററുപാടുകളിലും നമുക്കു കാണാം. അവരെക്കുറിച്ചെല്ലാം ഈ ചോദ്യം ആവർത്തിക്കപ്പെടുന്നു അകത്തോലിക്കരാൽ. "ക്രിസ്ത്യാനികളെ വിട്ടു് അക്രൈസ്തവരെയല്ലേ മാനസാന്തരപ്പെടുത്തേണ്ടതു്, ഇതാണോ മിഷൻപ്രവർത്തനം" എന്നു്.

പക്ഷേ, അവർ ഉൾപ്പെട്ടു നില്ക്കുന്ന സഭാവിഭാഗത്തിന്റെ പരമശോചനീയത അവർ മറയ്ക്കുവാൻ ശ്രമിക്കുമ്പോൾ അതു കൂടുതൽ കൂടുതൽ വെളിപ്പെടുകയാണു്. "മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി," സ്ഥാനത്തും അസ്ഥാനത്തും അകത്തോലിക്ക സഹോദരങ്ങൾ ഉരുവിടുകയാണു്. എന്നാൽ, ക്രൈസ്തവമതമാണു് ഇന്നു കാണുന്ന, അറിയപ്പെടുന്ന, സകല നാഗരികതകൾക്കും സംസ്കാരങ്ങൾക്കും ഹേതുഭൂതയെന്ന സത്യം മറയ്ക്കുകയല്ലേ ഇവർ ചെയ്യുന്നതു്. എന്തുകൊണ്ടു പുരാതന മതങ്ങളിലൂടെ സംസ്കാരം പുരോഗമിച്ചില്ല; ഇന്നും പേഗൻജനത അധഃപ്പതിച്ചു കിടക്കുന്നു? പരസ്പരം സ്നേഹിക്കണമെന്നും അന്യോന്യം സഹിച്ചും സഹകരിച്ചും ജീവിക്കണമെന്നും മനുഷ്യരെല്ലാം ദൈവമക്കളാണെന്നും തുല്യാവകാശനിബദ്ധരാണെന്നുമുള്ള വസ്തുത ലോകസമക്ഷം കാട്ടിക്കൊടുത്തതു് ക്രിസ്തീയമതമല്ലേ. "മതമേതായാലും മനുഷ്യൻ നന്നാകുക" എന്നതു് നിരർത്ഥകമായ ചൊല്ലാണെന്നു അല്പം ആലോചിച്ചാൽ ആർക്കാണു തെളിവാകാത്തതു്? പ്രൊട്ടസ്റ്റന്റു രാജ്യങ്ങളിൽ വിവാഹമോചനം വർദ്ധിച്ചപോലെ കത്തോലിക്കരാജ്യങ്ങളിൽ വർദ്ധിച്ചിട്ടില്ലെങ്കിൽ അതു മതത്തിന്റെ കഴിവല്ലേ? റഷ്യയിലെപ്പോലെ ഭ്രൂണഹത്യയും വ്യഭിചാരവും വിവാഹമോചനവും യൂറോപ്യൻരാജ്യങ്ങളിൽ സംഭവിക്കാഞ്ഞതു് മതത്തിന്റെ പിൻബലത്താലല്ലെന്നോ? അതുകൊണ്ടു് ഏതു മതത്തിലും കൂടെ മനുഷ്യനു നന്നാകാൻ സാധിക്കയില്ല എന്നു വ്യക്തം. മതമാണു മനുഷ്യനെ നന്നാക്കിയതു്, നന്നാക്കുന്നതും. അതുകൊണ്ടു മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്ന സത്യമതത്തിലേക്കു വരേണ്ടതു് അവശ്യാവശ്യമാണു്. എങ്കിൽ ക്രിസ്തുവിനാൽ സംസ്ഥാപിതമായ വിശുദ്ധസഭയുടെ അംഗങ്ങളായിരിക്കുക ആവശ്യമല്ലേ? ഇക്കാരണത്താലത്രേ അനേക അകത്തോലിക്കർ തിരുസഭയിൽ പ്രവേശിക്കുന്നതു്, നമ്മുടെ നാട്ടിലും ഇന്നനേകർ തിരുസഭയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നതും മലങ്കര അന്ത്യോക്യൻ റീത്തു പ്രസ്ഥാനം തുടങ്ങിയിട്ടു് വർഷങ്ങൾ 25 ആയതേയുള്ളു. ഇതിനകം 85,000 ആളുകൾ ആ വിഭാഗത്തിൽ ചേർന്നുകഴിഞ്ഞു. അവരിൽ പണ്ഡിതരും അപണ്ഡിതരുമുണ്ടു്; ധനാഢ്യന്മാരും ദരിദ്രന്മാരുമുണ്ടു്. എന്നാൽ മൂന്നൂറു വർഷം പഴക്കമുള്ള യാക്കോബായരുടെയും ഏകദേശം ഒരു ശതാബ്ദത്തോളമായ മർത്തോമ്മ്യരുടെയും സംഖ്യ ഇതോടു തട്ടിച്ചുനോക്കുക. ഇപ്പോൾ ചോദ്യകർത്താക്കൾക്കു മനസ്സിലായിക്കാണും ക്രിസ്ത്യാനികളെ കത്തോലിക്കരാക്കുന്നതു് എന്തിനെന്നു്.

"മതം ഏതായാലുംമതി"യെന്നു പറയുന്ന മാന്യന്മാർ എങ്ങിനെ മതപ്രചാരണം ചെയ്യും. അക്രൈസ്തവരെ എങ്ങിനെ ക്രൈസ്തവരാക്കും. ക്രിസ്ത്യേതരർക്കു് നന്നാവാൻ പാടില്ലേ ക്രിസ്ത്യാനികളാകാതെ? ആധുനികഭാരതത്തിൽ ക്രിസ്ത്യാനികളുടെ അംഗസംഖ്യ അംഗുലീപരിമിതമാണു്. ഭാരതത്തെ ക്രൈസ്തവീകരിക്കാനുള്ള ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ ചേരാത്ത വിശ്വാസവും നേരാകാത്ത പ്രമാണവും പാലിച്ചുകഴിയുകയാണു്. സാമാന്യജനങ്ങളെ വീണ്ടും വീണ്ടും സംശയാധീനരും മതരഹിതരും ആക്കുകയാണു്. ഈ ശോചനീയസത്യത്തെക്കുറിച്ചു് അകത്തോലിക്കസഹോദരങ്ങൾ സാവധാനം ചിന്തിക്കട്ടെ.

ക്രിസ്ത്യാനികളെ കത്തോലിക്കരാക്കുന്നതു് എന്തിനെന്നു ചോദിക്കുന്നു. യാക്കോബായക്കാരെ മർത്തോമ്മാക്കാരാക്കുന്നതു് എന്തിനു്? മർത്തോമ്മാക്കാരനെ പെന്തിക്കോസ്തുകാരനാക്കുന്നതു് എന്തിനു്? ബ്രദറുകാരനെ സി. എ. സി. കാരനാക്കുന്നതു് എന്തിനു്? ഈയിടെ കണ്ടു മൂന്നു കത്തോലിക്കർ ആററിൽ മുങ്ങി രക്ഷിക്കപ്പെട്ടെന്നു്. ഇതെല്ലാം എന്തിനു്?

ദൈവികമാർഗ്ഗങ്ങളെ വൃഥയാക്കുന്ന ലോകം അതിന്റെ ദുരന്തഫലം അനുഭവിക്കാതെ പോകയില്ല. പുനരൈക്യം വാടിപ്പോയതിനെ ശീതജലശീകരണത്താൽ തളിർപ്പുള്ളതാക്കുന്നു. മന്ദമായതിനെ വേഗതയുള്ളതാക്കുന്നു. കലഹമുള്ളിടത്തു് ശാന്തത നൽകുന്നു. അജ്ഞതയിൽ തപ്പിത്തടഞ്ഞിരുന്നവരെ പ്രകാശത്തിന്റെ പാതയിലേക്കു ആകർഷിക്കുന്നു. അങ്ങിനെ വേരിൽനിന്നുള്ള രസം തണ്ടിലേക്കുംശിഖരത്തിലേക്കും നൽകുന്നു. വാശിയും വൈരാഗ്യവും വിട്ടു ശാന്തതയോടെ ആലോചിക്കുവാൻ പ്രിയ അകത്തോലിക്കസഹോദരങ്ങളോടു ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

വിമർശനവീഥി

# കമ്മ്യൂണിസത്തിന്റെ നിരീശ്വരവാദം

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

ലോകത്തിൽ പദാർത്ഥം മാത്രമേയുള്ളുവെന്നു വാദിക്കുന്ന കമ്മ്യൂണിസ്റ്റു തത്വശാസ്ത്രത്തിൽ ദൈവത്തിനോ ആദ്ധ്യാത്മികവസ്തുക്കൾക്കോ യാതൊരു സ്ഥാനവുമില്ല. ദൈവമുണ്ടെന്ന വിശ്വാസം ലോകത്തിൽ കടന്നുകൂടിയതു് സാധുക്കളുടെ കഷ്ടപ്പാടുകളുടേയും ദുരിതങ്ങളുടേയും ഫലമായിട്ടാണു്. എന്തുകൊണ്ടെന്നാൽ മനുഷ്യർ എപ്പോഴും സന്തോഷകരമായ ഒരു ജീവിതം നയിക്കുവാനാഗ്രഹിക്കുന്നു. എന്നാൽ അപ്രകാരമൊരു ജീവിതം തങ്ങൾക്കു് ഈ ലോകത്തിൽ അപ്രാപ്യമെന്നും മരണശേഷം അതു തങ്ങൾക്കു കിട്ടുമെന്നും അവർ വിശ്വസിക്കുന്നു. മരണശേഷം സുഖകരമായ ഈ ജീവിതം തങ്ങൾക്കു കൊടുക്കുവാൻ പ്രാപ്തനായ ഒരാളുണ്ടെന്നും ആ ആൾ സർവ്വശക്തനായ ദൈവമെന്നും അവർ വിശ്വസിക്കുന്നു. എന്നാൽ ഇവയെല്ലാം വെറും അന്ധവിശ്വാസങ്ങളാണെന്നും ഇവ ശാസ്ത്രങ്ങളുടെ പുരോഗമനത്തോടുകൂടി അന്തരിക്കുമെന്നുമാണു് മാർക്സ് പഠിപ്പിക്കുന്നതു്. എപ്രകാരമെന്നാൽ ശാസ്ത്രപുരോഗമനം ഭക്ഷണസാധനങ്ങളുടേയും മററും ഉല്പാദനം ത്വരിതപ്പെടുത്തും. ഇങ്ങനെ ഭാവിയിൽ മനുഷ്യനു് തനിക്കുവേണ്ട സകല വസ്തുക്കളും നിഷ്പ്രയാസം കരസ്ഥമാക്കുവാൻ സാധിക്കുന്ന ഒരു സമയം ആഗമിക്കും. അപ്പോൾ അവന്റെ ആഗ്രഹങ്ങളെല്ലാം നിറവേറും. പട്ടിണികിടന്നു ദുരിതമനുഭവിച്ചപ്പോൾ ദൈവമുണ്ടു്, മരണശേഷം സുഖകരമായ ജീവിതമുണ്ടെന്നെല്ലാം വിചാരിച്ചു് തന്നെത്തന്നെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന മനുഷ്യൻ ഇപ്പോൾ ആ ചിന്തകളെല്ലാം തന്റെ മിഥ്യാബോധങ്ങളെന്നറിഞ്ഞു് അവയെല്ലാം ഉപേക്ഷിക്കും.

മാർക്സിന്റേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ എൻഗൽസിന്റേയും ഈ നിരീശ്വരവാദം അവരുടെ പിൻഗാമികൾ, പ്രത്യേകിച്ചു് ലെനിൻ പ്രയോഗത്തിൽ കൊണ്ടുവരുവാൻ തങ്ങളാലാവുന്നതും ശ്രമിച്ചു. ലെനിൻ തന്റെ "മതം" എന്ന പുസ്തകത്തിൽ പല ദൈവദൂഷണങ്ങളും കോരിച്ചൊരിയുന്നുണ്ടു്. അതിലൊരുഭാഗത്തു് അദ്ദേഹം പറയുന്നു: "ദൈവമല്ല നമ്മെ സൃഷ്ടിച്ചതു്; മനുഷ്യനാണു് ദൈവത്തേയും ദേവന്മാരേയും സൃഷ്ടിച്ചതു്." ഈ കമ്മ്യൂണിസ്റ്റുനേതാവു് തന്റെ അനുയായികൾക്കു കൊടുക്കുന്ന ആഹ്വാനം ഇതാണു്: "നിരീശ്വരത്വം നീണാൾ വാഴണം; അതിനുവേണ്ടി അദ്ധ്വാനിക്കുന്നതാണു് നമ്മുടെ അതിപ്രധാന കടമ." ഈ ആഹ്വാനമനുസരിച്ചു കമ്മ്യൂണിസ്റ്റുകാർ നിരീശ്വരത്വം പരത്തുന്നതിനു് തങ്ങളുടെ സകല ശക്തിയുമുപയോഗിച്ചു് ഇന്നും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തിയിൽ മാത്രമല്ല നിരവധി പുസ്തകങ്ങളും പ്രസംഗങ്ങളുംവഴി അവർ ഇതിനായി അക്ഷീണം യത്നിക്കുന്നു. തരംകിട്ടുമ്പോഴെല്ലാം ദൈവവിശ്വാസികളെ നിർദ്ദയം പീഡിപ്പിക്കുകയും വേണ്ടിവന്നാൽ ശതക്കണക്കിനു കൊല്ലുകയും ചെയ്യുന്നു. ഉദാഹരണമായി ജോൺ ഒബ്രിയന്റെ "ഇടതുപക്ഷത്തുനിന്നിടി" (Thunder from the Left' by John O'Brien എന്ന പുസ്തകം വായിച്ചാലറിയാം കമ്മ്യൂണിസ്റ്റുകൾ ചെന്നിടങ്ങളിലെല്ലാം കാട്ടിക്കൂട്ടിയ അസാന്മാർഗ്ഗികപ്രവൃത്തികളും ദൈവദൂഷണങ്ങളും എത്രമാത്രമെന്നു്. ആകാശത്തിലേക്കു മുഷ്ടിചുരുട്ടിക്കൊണ്ടു്, "നമുക്കു സ്വർഗ്ഗത്തിൽക്കയറി അവിടെയുള്ള ദേവന്മാരെയെല്ലാം ആട്ടിയോടിക്കാം" എന്നു ദൈവദൂഷണം ജല്പിക്കുന്ന ഒരു ബാലന്റെ പടം റഷ്യയിൽ നമുക്കു കാണുവാൻ സാധിക്കും.

എന്തുകൊണ്ടാണു് കമ്മ്യൂണിസ്റ്റുകാർ ദൈവവിശ്വാസം ലോകത്തിൽനിന്നും വിപാടനം ചെയ്യുവാൻ ഇത്ര ബദ്ധപ്പെടുന്നതു്? കാരണം ദൈവവിശ്വാസമുള്ള ഒരാൾക്കു് കമ്മ്യൂണിസ്റ്റാകാൻ സാധിക്കുകയില്ല എന്നതാണു്. ഒരു ദൈവവിശ്വാസി കമ്മ്യൂണിസ്റ്റുകാർ ചെയ്യുന്നതുപോലുള്ള പ്രവൃത്തികൾ ഒരിക്കലും ചെയ്യുകയില്ല. അതിനാൽ കമ്മ്യൂണിസ്റ്റുകാർക്കു് തങ്ങളുടെ നീചപ്രവൃത്തികൾ സാധൂകരിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം ദൈവമില്ലെന്നു പറയുന്നതായിരിക്കും. ആസ്തിക്യബോധം നിലനില്ക്കുന്നിടത്തോളംകാലം കമ്മ്യൂണിസത്തിനു് ഈ ലോകത്തിൽ സ്ഥാനമില്ല. അതിനാൽ മനുഷ്യമനസ്സിൽനിന്നും ദൈവവിശ്വാസം വിപാടനം ചെയ്താൽ പിന്നെ തങ്ങൾക്കു തോന്നുന്ന എല്ലാവിധ അസാന്മാർഗ്ഗികപ്രവൃത്തികളും ചെയ്യുന്നതിനു് യാതൊരു തടസ്സവുമുണ്ടായിരിക്കുകയില്ല. ഇക്കാരണങ്ങളാലാണു് കമ്മ്യൂണിസ്റ്റുകാർ ദൈവമില്ലെന്നു ശഠിച്ചു് ഈശ്വരവിശ്വാസം ലോകത്തുനിന്നുമകററുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്നതു്.

ദൈവമുണ്ടെന്നുള്ളതിനു് പല തെളിവുകൾ തത്വശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും എടുത്തുകാണിക്കുമ്പോൾ ദൈവമില്ലെന്നുള്ളതിനു് നിരീശ്വരന്മാർ ഉത്തമമായ യാതൊരു തെളിവും തരുന്നില്ല. നേരെമറിച്ചു് ഫുൾട്ടൻ ഷീൻ പറയുന്നതുപോലെ നിരീശ്വരന്മാരുടെ പ്രവൃത്തികൾ ആസ്തിക്യബോധത്തെയാണു തെളിയിക്കുന്നതു്. ദൈവമില്ലെന്നുള്ളതു വാസ്തവമാണെങ്കിൽ, നിരീശ്വരന്മാർ ദൈവത്തിനെതിരായി ഇത്രമാത്രം പടവെട്ടേണ്ട ആവശ്യമില്ലല്ലോ. ശത്രു വാസ്തവത്തിൽ ജീവിച്ചിരിക്കുന്നില്ലായെങ്കിൽ നാം അവനെ പേടിച്ചിട്ടാവശ്യമില്ല. അതിനാൽ ദൈവത്തിനെതിരായുള്ള നിരീശ്വരന്മാരുടെ നിരന്തരയുദ്ധം ഒന്നുകിൽ ദൈവമുണ്ടെന്നു ബലമായി തെളിയിക്കുന്നു അല്ലെങ്കിൽ അവാസ്തവമായ ഒരു ശത്രുവിനെ തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചു് എതിർക്കുന്ന ഇവർ സാക്ഷാൽ ഭ്രാന്തന്മാരായിരിക്കണം!

മനുഷ്യസമുദായം എപ്പോഴും എല്ലായിടത്തും ദൈവത്തിൽ വിശ്വസിച്ചു് തങ്ങളുടെ പലവിധ മതകർമ്മങ്ങളാൽ ആ ദൈവത്തെ വണങ്ങി ആരാധിച്ചുപോന്നിരുന്നുവെന്നു് ടീയൽ, ടെയിലർ, മാക്സ്മുള്ളർ തുടങ്ങിയ പണ്ഡിതന്മാർ ഈ വിഷയത്തെക്കുറിച്ചുള്ള കൂലങ്കഷമായ പഠനത്തിനുശേഷം അഭിപ്രായപ്പെടുന്നു. ദൈവത്തെ ആരാധിക്കുന്നതു് മനുഷ്യസ്വഭാവം മാത്രമാണു്. മനുഷ്യൻ അവന്റെ പ്രാപ്തിയില്ലായ്മയും അല്പത്വവും അറിഞ്ഞു് അവന്റെ ആയുസ്സും ബലവുമെല്ലാം ദൈവത്തിന്റെ കൈയിലാണിരിക്കുന്നതെന്നു എപ്പോഴും വിശ്വസിച്ചുവരുന്നു.

ദൈവം നമ്മുടെ ബാഹ്യദൃഷ്ടികൾക്കു് ഗോചരമല്ലാത്തതിനാൽ ദൈവമില്ലെന്നു പറയുന്നതിൽ യാതൊരു യുക്തിയുമില്ല. മനുഷ്യനു് വെറും ബാഹ്യദൃഷ്ടികൾ മാത്രമല്ല മററു പല അവയവങ്ങളുമുണ്ടു്. കണ്ണുകൊണ്ടു കാണുവാൻ സാധിക്കാത്ത പല സംഗതികളും നാം വിശ്വസിക്കുന്നുണ്ടു്. ഞാൻ മാർക്സിനെ കണ്ടിട്ടില്ലാത്തതുകൊണ്ടു് മാർക്സ് എന്നൊരാൾ ജീവിച്ചിട്ടില്ലെന്നു വാദിക്കുവാൻ സാധിക്കുമോ? ഒരു ത്രി


## കാളൻ'സ് മലബാർ ഏജൻസികൾ

| | | |
|---|---|---|
| 1. പയ്യന്നൂർ | — | M/s. ഭാരത് പ്രോഡക്ററ്സ് കമ്പനി (മദ്രാസ്) |
| 2. പറപ്പനങ്ങാടി | — | Mr. യു. വി. പഞ്ഞക്കുട്ടി, മർച്ചൻറ്. |
| 3. പേരാവൂർ | — | Mr. എൻ. സി. പീററർ, നാടിക്കുന്നേൽ ഹൌസ്. |
| 4. പേരാമ്പ്ര | — | Dr. പി. എസ്. ശാമുവൽ Avl. |
| 5. വെള്ളച്ചാൽ | — | Mr. സി. വി. കെ. വൈദ്യർ L. I. T., വിജയ ആയുർവ്വേദിക്ക് ഫാർമസി, ചുണ്ടലൂർ P. O. |
| 6. വേനപ്പാറ | — | Mr. കെ. എം. ജോസഫ്, കുഴപ്പിൽ, ഓമശ്ശേരി P. O. |
| 7. കല്യാശ്ശേരി | — | Mr. ഇ. നാരായണൻനമ്പ്യാർ, ജനറൽ മർച്ചൻറ്, പാപ്പിനിശ്ശേരിവഴി. |
| 8. കൊയിലാണ്ടി | — | Mr. കെ. സി. ശങ്കുണ്ണിനായർ, പന്തലായനി. |
| 9. കൂടരഞ്ഞി | — | Mr. ജോസഫ് ആനക്കല്ലുങ്കൽ, കുന്നമംഗലം. |
| 10. ഇരിക്കൂർ | — | Mr. കെ. മേമി മാസ്റ്റർ. |
| 11. സുൽത്താൻ ബത്തേരി | — | M/s. ട്രാവൻകൂർ സ്റ്റോഴ്സ്. |
| 12. ചെമ്പേനാഡ | — | Mr. മാമൻ തോമസ്, കുന്നത്തു്, മരുതോങ്കര P. O. |
| 13. മേപ്പാടി | — | Mr. കെ. പി. പക്കർ, ജന. മർച്ചൻറ്, കുസനിബസാർ. |
| 14. ഒററപ്പാലം | — | Mr. വി. എൻ. നമ്പിശൻ. |
| 15. ബാലുശ്ശേരി | — | Mr. ഇ. രാമൻ, ജനറൽ മർച്ചൻറ്, കൊയിലാണ്ടിവഴി. |
| 16. നീലേശ്വരം | — | Mr. സി. എച്ച്. ചെറിയ അബ്ദുൾഖാദർ, മർച്ചൻറ്, സൌത്തു് കാനറ. |
| 17. തൃക്കരിപ്പൂരു് | — | Mr. പി. മുഹമ്മദ് അബ്ദുൾറഹിമാൻ, C/o Mr. എ. ബി. ഇബ്രാഹിംകുട്ടി, ക്ലോത്തുമർച്ചൻറ്, S. കാനറ. |
| 18. വടകര | — | Mr. പി. എം. ശങ്കരൻ, കനറസ്ഫാൻസ്, ലിമിററഡ്. |
| 19. വടകര | — | Mr. വി. കെ. കുഞ്ഞിരാമൻ, ജനറൽമർച്ചൻറ്, അർബൺ ബാങ്കിനു സമീപം, മാർക്കററ്റോഡ്. |

സുപ്രസിദ്ധങ്ങളായ കാളൻ'സ്

നിംബാസവം, ദ്രാക്ഷാരിഷ്ടം, ശാരിബാദ്യതൈലം.

എന്നീ ഔഷധങ്ങൾ മേൽപറഞ്ഞിരിക്കുന്ന ഏജൻസികളിൽനിന്നും കിട്ടുന്നതാണു്. മററു സ്ഥലങ്ങളിലേക്കു് ഏജൻസി എടുപ്പാൻ ആഗ്രഹിക്കുന്നവർ ഉടനെ താഴെ കാണുന്ന വിലാസത്തിലെഴുതുക.

കാളൻ, നെല്ലായി.

കോണത്തിലെ കോണങ്ങൾ ചേന്നാൽ രണ്ടു സമകോണങ്ങളാകുമെന്നതു് എൻെറ കണ്ണുകൾക്കു സ്പഷ്ടമല്ല. എന്നാൽ ഈ സത്യം ഒരുവനും ചോദ്യം ചെയ്യുകയില്ല. അതിനാൽ ഈവക സത്യങ്ങൾ നാം പഠിക്കുന്നതു് നമ്മുടെ ബുദ്ധിയുപയോഗിച്ചാണു്. മനുഷ്യബുദ്ധി മററു ബാഹ്യാവയവങ്ങളേക്കാൾ വളരെ ശക്തികൂടിയതും അവയ്ക്കു അസാദ്ധ്യമായ പല സംഗതികളും സത്യങ്ങളും കണ്ടുപിടിക്കുവാൻ പ്രാപ്തിയുള്ളതുമാണു്. അതിപുരാതനകാലം മുതലേ ആത്മാവിൻെറ ഈ അവയവമായ ബുദ്ധിയുപയോഗിച്ചു് മനുഷ്യർ തങ്ങളെസൃഷ്ടിച്ച ഒരു ദൈവമുണ്ടെന്നും ആ ദൈവത്തെ ആരാധിച്ചു വണങ്ങണമെന്നും പഠിച്ചിരുന്നു. കൂടാതെ ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് അവിടുത്തെ അറിഞ്ഞു് അവിടുത്തെ കല്പനകളനുസരിച്ചു ജീവിച്ചു് നിത്യഭാഗ്യം പ്രാപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെങ്കിൽ, തീർച്ചയായും അവ അറിയുന്നതിനുവേണ്ട ബുദ്ധിശക്തി മനുഷ്യനു ദൈവം കൊടുക്കാതിരിക്കുകയില്ല.

ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും ദൈവമുണ്ടെന്നു് വിളിച്ചുപറയുന്നു. ഉദാഹരണമായി നമുക്കു് ഒരു നിരീശ്വരനോടു ചോദിക്കാം, അവൻ എങ്ങനെ ഉത്ഭവിച്ചു എന്നു്. മറുപടി അവൻ തൻെറ മാതാപിതാക്കന്മാരിൽനിന്നു പിറന്നു എന്നായിരിക്കും. എന്നാൽ ഈ മാതാപിതാക്കന്മാരോ? അവർ അവരുടെ മാതാപിതാക്കന്മാരിൽനിന്നുത്ഭവിച്ചു. ഇങ്ങനെ നാം ആദ്യമാതാപിതാക്കന്മാരിലെത്തിച്ചേരുന്നു. ഇനി ഈ ആദ്യമാതാപിതാക്കന്മാർ എവിടെനിന്നുവന്നു? അവരെ സൃഷ്ടിച്ച ഒരാൾ ഉണ്ടായിരിക്കണം. ആ ആൾ വേറെ ഒരുത്തരാലും സൃഷ്ടിക്കപ്പെടാതെ ആദ്യവുമന്തവുമില്ലാത്ത സർവ്വശക്തനായ ദൈവമായിരിക്കണം. നമ്മുടെ നിരീശ്വരൻ ഒരു പരിണാമവാദികൂടിയാണെങ്കിൽ ആദ്യമാതാപിതാക്കന്മാർ കുരങ്ങിൽനിന്നു വന്നുവെന്നുപറഞ്ഞു് രക്ഷപെടുവാൻ ശ്രമിച്ചേക്കാം. എന്നാൽ ഈവക ശ്രമങ്ങളെല്ലാം നിഷ്ഫലമാകുകയേയുള്ളു. കുരങ്ങിനു് മനുഷ്യനുള്ളതുപോലെയുള്ള ഒരാദ്ധ്യാത്മിക ആത്മാവില്ല. മനുഷ്യശരീരം ദൈവനിശ്ചയമനുസരിച്ചു് കുരങ്ങിൽനിന്നു വന്നുവെന്നു സമ്മതിച്ചാൽതന്നെയും ആത്മാവു് കുരങ്ങിൽനിന്നു് ഒരിക്കലും വരികയില്ല. അതുകൊണ്ടു് മനുഷ്യാത്മാവിനെ സൃഷ്ടിച്ച ഒരു ദൈവമുണ്ടെന്നു് തെളിയുന്നു. പരിണാമവാദികളും സമ്മതിക്കേണ്ട ഒരു സത്യമാണിതു്.

വീണ്ടും എല്ലാ സൃഷ്ടികളിലും പ്രത്യക്ഷപ്പെടുന്ന ആശ്ചര്യകരമായ ക്രമം ഈശ്വരാസ്തിക്യത്തെ തെളിവായി എടുത്തുകാണിക്കുന്നു. അതിഗംഭീരമായ ആകാശഗോളങ്ങൾ തുടങ്ങി കണ്ണിനു ഗോചരമല്ലാത്ത അണുക്കൾവരെയുള്ള സൃഷ്ടികളിൽ കാണപ്പെടുന്ന ക്രമത്തിനും ക്രമീകൃതമായ ചലനത്തിനും ഹേതുഭൂതനായ ഒരാളുണ്ടായിരിക്കണം. ഈ ലോകം മുഴുവനും അതിലുള്ള ഓരോ വസ്തുക്കളും ഒരു വാച്ചിനോടുപമിക്കാം. ഒരു വാച്ചുകാണുമ്പോൾ ആ വാച്ചിനെ ഉണ്ടാക്കിയ ഒരാളുണ്ടെന്നു് നാം ശരിയായി അനുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ വൃഥാ ചില ഇരുമ്പുകഷണങ്ങൾ ചേന്നതുകൊണ്ടുമാത്രം ഒരു വാച്ചുണ്ടാകുകയില്ല. ബുദ്ധിശക്തിയുള്ള മനുഷ്യൻെറ മേൽനോട്ടമെങ്കിലും ഇതിന്നത്യാവശ്യമാണു് മനുഷ്യൻ വാച്ചിനുതകുന്ന യന്ത്രങ്ങൾ തിരഞ്ഞെടുത്തു വേണ്ടവിധം സംഘടിപ്പിച്ചു് വാച്ചുണ്ടാക്കുന്നു. ഇതുപോലെ വാച്ചിനെപ്പോലും അതിശയിക്കുന്ന ക്രമവും ക്രമീകൃതമായ ചലനവുമുള്ള ഭൂഗോളങ്ങളേയും അതിലുള്ള വസ്തുക്കളേയും സൃഷ്ടിച്ച ഒരാൾ ഉണ്ടു്. ആ ആളിനെ നാം ദൈവമെന്നു വിളിക്കുന്നു. ഇതു് പണ്ഡിതപാമരവ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ സമ്മതിക്കുന്ന ഒരു സത്യമാണു്.

കുടുംബപംക്തി

# വൈവാഹികജീവിതം

XVII

(ഫാദർ ജോൺ മാററത്തക്കൻ)

## ക്രൈസ്തവാന്തരീക്ഷം

വൈവാഹികജീവിതം ഗൗരവതമമായ ഒരു കടമയാണു ദമ്പതികളുടെ തോളിൽ നിക്ഷേപിച്ചിരിക്കുന്നതു്, ശിശുക്കളുടെ ആത്മീയമായ സംരക്ഷണം അഥവാ സ്വഭാവരൂപീകരണം. ദാമ്പത്യജീവിതം അവർ സ്വമനസാ തെരഞ്ഞെടുത്ത ഒന്നാകകൊണ്ടു് അതിൽനിന്നുൽഭൂതമാകുന്ന ഈ കടമയും പരപ്രേരണകൂടാതെതന്നെ സ്വമനസാ അവർ നിർവ്വഹിച്ചേ മതിയാകൂ. ശിശുക്കൾ ദൈവത്തിനായി വളർത്തപ്പെടുന്നതിനു മാതാപിതാക്കന്മാരെ ഏല്പിച്ചുകൊടുത്തിട്ടുള്ളതാണു്. ആ സ്ഥിതിക്കു മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗത്തിൽനിന്നും നിയമിക്കപ്പെട്ടിട്ടുള്ള കാവൽദൂതന്മാരാണെന്നു പറയാം.

ശിശുക്കൾ അർഹിക്കുന്നവിധം അവരിൽ നല്ല സ്വഭാവങ്ങൾ കരുപ്പിടിപ്പിക്കുക അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. തന്മൂലം മാതാപിതാക്കന്മാർ ഗൗരവമേറിയ ഈ കടമ കൃത്യമായി നിർവ്വഹിക്കുന്നതിനുള്ള തങ്ങളുടെ കഴിവുകേടിനെ ശരിയായി മനസ്സിലാക്കണം. കഴിവില്ലെങ്കിലും മാററിവയ്ക്കാവുന്ന ഒരു കാര്യമല്ലാത്തതുകൊണ്ടു് തങ്ങളെ ഇക്കാര്യം ഏല്പിച്ചിരിക്കുന്ന സർവ്വശക്തനിൽ ആശ്രയിച്ചുകൊണ്ടു് ഉള്ള കഴിവു മുഴുവൻ ഇതിനായി വിനിയോഗിക്കണം. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർ ഈ ലോകത്തിലും പരലോകത്തിലും അതിനു ശരിയായ കണക്കുകൊടുക്കേണ്ടിവരുമെന്നുള്ളതു തീർച്ചയാണു്. അവരെ ലോകം പഴിക്കും, ദൈവം ശപിക്കും. കാരണം അവർ തങ്ങളുടെ മക്കളുടെ കിടക്കയിൽ മുള്ളുകൾ വിതറുന്നു, വഴികളെ കുഴികൾകൊണ്ടു നിറയ്ക്കുന്നു. അങ്ങനെ അവരുടെ പുരോഗതിയുടെ മുമ്പിൽ വിലങ്ങുതടികളായി തീരുന്നു.

മക്കളുടെ സ്വഭാവരൂപീകരണവിഷയത്തിൽ മാതാപിതാക്കന്മാർ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളെ ലഘൂകരിക്കുന്നതിനു പററിയ മാർഗ്ഗമാണു് കുടുംബത്തിൽ ശരിയായ കത്തോലിക്കാന്തരീക്ഷം സൃഷ്ടിക്കുകയെന്നുള്ളതു്. ഇതു എളുപ്പമുള്ള ഒരു മാർഗ്ഗമെന്നു മാത്രമല്ല മക്കളുടെ സ്വഭാവരൂപീകരണത്തിനു് അവശ്യം ആവശ്യമായ ഒരു കാര്യംകൂടെയാണു്. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ യുവാക്കളുടെ ക്രൈസ്തവവിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള തൻെറ ചാക്രികലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു, "യഥാർത്ഥ സ്വഭാവരൂപീകരണം കുട്ടികൾക്കു ലഭിക്കണമെങ്കിൽ അവരുടെ സ്വഭാവരൂപീകരണത്തിൻെറ കാലത്തെ സാഹചര്യങ്ങൾ തദനുപ്രാപ്തിക്കു യോജിച്ചവയായിരിക്കണം." ഒരു കുട്ടിയുടെ സ്വഭാവരൂപീകരണത്തിൻെറ കാലം അതിൻെറ ജനനംമുതൽ ആരംഭിക്കുന്നുവെന്നാണു് മഹാന്മാരുടെ അഭിമതം. അങ്ങനെയെങ്കിൽ അക്കാലത്തെ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതു് ആ കുഞ്ഞിൻെറ അപ്പനും അമ്മയുമാണു്. പ. പിതാവു തുടരുന്നു: "ഒരു കുട്ടിയുടെ സ്വഭാവരൂപീകരണം അവൻെറ ഭവനത്തിൽവച്ചുതന്നെ നടക്കുന്നു. അതാണവൻെറ പ്രകൃതിദത്തമായ പ്രഥമ പ്രാഥമികവിദ്യാലയം." ഈ വിദ്യാലയത്തിലെ അന്തരീക്ഷത്തേയും ആ അന്തരീക്ഷത്തെ സൃഷ്ടിക്കുന്ന അതിലെ അദ്ധ്യാപകന്മാരെയും ആശ്രയിച്ചാണു് കുട്ടികളുടെ സ്വഭാവരൂപീകരണം നിലകൊള്ളുന്നതു്. അവിടത്തെ അദ്ധ്യാപകന്മാർ മാതാപിതാക്കന്മാരാണല്ലോ.

മാതാപിതാക്കന്മാരാണു് തങ്ങളുടെ കുടുംബത്തിൽ ശരിയായ ഒരന്തരീക്ഷം — ക്രൈസ്തവാന്തരീക്ഷം—സൃഷ്ടിക്കേണ്ടതു്. ഈ ക്രൈസ്തവാന്തരീക്ഷം എന്തിലാണടങ്ങിയിരിക്കുന്നതു്. നമ്മെവലയം ചെയ്തിരിക്കുന്ന അന്തരീക്ഷം, നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ, നമ്മൾ ജീവിക്കുന്നതിനു് അവശ്യം വേണ്ടതായ വായുവാണു്. കുറച്ചുസമയത്തേക്കു നമ്മൾ ഈ അന്തരീക്ഷത്തിൽനിന്നും മാററപ്പെട്ടാൽ നമ്മൾ നിർജ്ജീവികളായി ഭവിക്കുന്നു. ഇതുപോലെതന്നെയാണു് ശിശുക്കൾ വളന്നുവരേണ്ട കത്തോലിക്കാന്തരീക്ഷവും. ഏതാനും കാലത്തേക്കു് അവർ അതിൽനിന്നും മാററപ്പെട്ടാൽ അവർ ആത്മീയമായി മരിക്കുന്നു. ദുർവൃത്തന്മാരായിത്തീരുന്നു. നേരെമറിച്ചു് അവർ ക്രൈസ്തവാന്തരീക്ഷത്തിൽ വളരട്ടെ, അപ്പോൾ കാണാം അവർ സൽസ്വഭാവികളായി, ദൈവസ്നേഹത്തിലും തദ്വാരാ സഹോദരസ്നേഹത്തിലും തഴച്ചുവളരുന്നതു്. ബാഹ്യമായി പ്രകടിപ്പിക്കപ്പെട്ടതും അങ്ങനെ ദൃശ്യമായിത്തീന്നതുമായ ക്രൈസ്തവരൂപി, അതിനെയാണു കത്തോലിക്കാന്തരീക്ഷമെന്നു ഇവിടെ വിവക്ഷിക്കുന്നതു്. അതു പ്രധാനമായി വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു. ഈ വിശ്വാസം ഉറച്ചതും അചഞ്ചലമായതുമായിരിക്കണം; യഥാർത്ഥമായ സത്യത്തിൽ അടിയുറച്ച വിശ്വാസം, സഭയുടെ ഔദ്യോഗികമായ പഠനങ്ങളിലും ഉപദേശങ്ങളിലും കെട്ടിപ്പടുക്കപ്പെട്ട വിശ്വാസം, ക്ലേശങ്ങളിലും പീഡനങ്ങളിലും അചഞ്ചലമായ വിശ്വാസം. അതു മാതാപിതാക്കന്മാരുടെ ദൈനംദിനകൃത്യങ്ങളിൽ ദൈവത്തിൻെറ അഭീഷ്ടം അവരെ കാണിച്ചുകൊടുക്കുന്നു. അവരുടെ കടമാനിർവ്വഹണത്തിൽ ദൈവത്തിൻെറ കരങ്ങൾ അവരെ സഹായിച്ചുകൊണ്ടിരിക്കുന്നുവെന്നു് ഈ വിശ്വാസം അവരെ ബോദ്ധ്യപ്പെടുത്തുന്നു. അനുകൂലങ്ങളും പ്രതികൂലങ്ങളുമായ സാഹചര്യങ്ങളെ നിഷ്പ്രയാസം തരണംചെയ്യുന്നതിനു് അതവരെ പ്രാപ്തരാക്കുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുള്ള കുടുംബജീവിതം സ്വർഗ്ഗീയാനന്ദത്തിൻെറ ഒരു പ്രതീതിയാണുളവാക്കുന്നതു്. തന്മൂലം കുടുംബജീവിതത്തിൽ ദൈവവിശ്വാസത്തിനു നൽകപ്പെടുന്ന പ്രധാനസ്ഥാനം കുടുംബത്തിലെ അന്തരീക്ഷത്തെ പ്രകാശമാനമാക്കിത്തീർക്കുന്നു ആ അന്തരീക്ഷത്തിലെ ജീവിതം ആസ്വാദ്യകരമായി ഭവിക്കുകയും ചെയ്യുന്നു.

മാതാപിതാക്കന്മാരുടെ വിശ്വാസം പ്രവൃത്തിപരമായിരിക്കണം. ക്രിസ്തുവിൻെറ വിശ്വസ്താനുയായികൾക്കനുയോജ്യമായ ഒരു ജീവിതം നയിക്കുന്നതിനു സഹായകമായതായിരിക്കണം ആ വിശ്വാസം. വിശ്വാസം പ്രവൃത്തിപരമാണെങ്കിൽ അതു് ദൈവത്തിൻെറ കല്പനകളും സഭയുടെ പ്രമാണങ്ങളും അക്ഷരംപ്രതി അനുസരിക്കുന്നതിനു് അവരെ പ്രേരിപ്പിക്കുന്നു. ഇങ്ങനെയുള്ള സ്വയംശിക്ഷണം തങ്ങളുടെ കടമകൾ നന്നായി നിറവേററുന്നതിനു് മാതാപിതാക്കന്മാരെ പ്രാപ്തരാക്കിത്തീർക്കും. അപ്പോൾ അവരുടെ മക്കളിൽ സൽസ്വഭാവം കരുപ്പിടിപ്പിക്കുന്നതിനു് അവർക്കു നിഷ്പ്രയാസം സാധിക്കും. വിശ്വാസത്താൽ പ്രചോദിതരായി അവർ നിർവ്വഹിക്കുന്ന സൽകൃത്യങ്ങൾ തങ്ങളുടെ മക്കൾക്കു കണ്ടുപഠിക്കുന്നതിനും അവർക്കതിൽ പങ്കെടുക്കുന്നതിനും സാധിക്കുന്നു. ഇങ്ങനെയുള്ള സൽകൃത്യങ്ങളിൽ ചിലതാണു് കുടുംബപ്രാർത്ഥന, അടുത്തടുത്തുള്ള കൂദാശാസ്വീകരണം, ദാനധർമ്മങ്ങൾ മുതലായവ.

പ്രവൃത്തികളാൽ പ്രകടമാക്കപ്പെട്ട വിശ്വാസം കുടുംബാന്തരീക്ഷത്തെ സജീവമാക്കുന്നു. അവിടത്തെ അംഗങ്ങൾക്കു മാത്രമല്ല സന്ദർശകർക്കുപോലും അതു് ഉണർവും ഉന്മേഷവും പ്രദാനം ചെയ്യുന്നു. സംസാരത്തിലും പെരുമാററത്തിലും തെളിഞ്ഞുകാണുന്ന വിശ്വാസം ബാലഹൃദയങ്ങളെ വശീകരിക്കുന്നു. മാതാപിതാക്കന്മാരിൽനിന്നും സമയോചിതം ലഭിക്കുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്നേഹപൂർവ്വകമായ ശാസനകളും സർവ്വോപരി സന്മാതൃകകളും മെഴുകുപ്രായമായ ബാലഹൃദയങ്ങൾക്കു ശരിയായ രൂപം കൊടുക്കുന്നു. കുടുംബാന്തരീക്ഷം വിശ്വാസചൈതന്യം ഓളംവെട്ടുന്ന ഒന്നായിത്തീരുമ്പോൾ, ആ കുടുംബം നിത്യഭവനത്തോടു ഏററം അടുത്തിരിക്കുന്നതായി അതിലെ ഭാഗ്യനിവാസികൾക്കനുഭവപ്പെടും. ഉണങ്ങിവരണ്ട മരുഭൂമിയുടെ മദ്ധ്യത്തിൽ ജലവാഹിയായ തടാകത്തോടുകൂടിയ ഒരു ദ്യാനം കണ്ടെത്തിയാലെന്നപോലെയുള്ള ആശ്വാസവും ആനന്ദവും അവർക്കു കൈവരും. അവരുടെ കുടുംബം സമാധാനത്തിൻെറയും സംതൃപ്തിയുടേയും വിളഭൂമിയായിരിക്കും. മക്കളെ വിശുദ്ധിയുടെ മകുടമായി വാർത്തെടുക്കുന്നതിനുപററിയ ഒരു മൂശയായിരിക്കും അതു്.

(11-ാം പേജ് തുടർച്ച)

ന്നിങ്ങനെയുള്ള കവചങ്ങൾധരിച്ചു്, ലോകായോധനത്തിനു നിങ്ങൾ അണിനിരക്കുക. "ആദർശബാലൻ" എന്ന ഈ ലഘുഗ്രന്ഥം വളരെയേറെ സല്ക്കാര്യങ്ങൾ നിങ്ങൾക്കു പറഞ്ഞുതരും. നിങ്ങൾ ഓരോരുത്തരും ഇതിൻെറ ഓരോ പ്രതി വാങ്ങി സശ്രദ്ധം പഠിക്കയും അതനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കുകയും ചെയ്യുക."

പുസ്തകത്തെ സംബന്ധിച്ചു തല്ക്കാലം ഇതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല. കുട്ടികളെ ആകർഷിക്കുന്നതിനായി പുസ്തകത്തിൻെറ വലിപ്പത്തിലുള്ള മനോഹരമായ എട്ടുപത്തു ത്രിവർണ്ണചിത്രങ്ങൾ ചേർത്തിട്ടുണ്ടെന്നുള്ളതു് ഒരു പ്രത്യേകതയാണു്. വില ഒരുരൂപാ ആണ. മാന്നാനം സെൻറു് ജോസഫ്സ് പ്രസ്സിൽനിന്നോ പുളിങ്കുന്നു സൊഡാലിററി ഡിപ്പോയിൽനിന്നോ വരുത്താം. ഒരുരൂപാ ഒർപതണ (പോസ്റ്റേജ് മൂന്നണ) അയച്ചുകൊടുത്താൽ മതി. എന്നു

പ്രാത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

N. B. 1955 ജൂൺ 8-ാംനു-യിലെ 41-ാം ലക്കം പത്രത്തിൽ 52-ാംനമ്പർ "ആദ്ധ്യാത്മികവീഥി"യിൽ (ലൂക്കാ 11-19). എന്നും (ഗാല 11-17) എന്നും റഫറൻസ് ചേർത്തിരിക്കുന്നതു (ലൂക്കാ 2 or ii-19) എന്നും (ഗാല: 1 or i-17) എന്നും യഥാക്രമം തിരുത്തി വായിക്കേണ്ടതാണു്.

**സത്യദീപം വരിസംഖ്യ**

പ്രതിവർഷം

| | | |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |




തെക്കാട്ടു് മൂസ്സ് വക

**ഇ. ടി. എം. വൈദ്യശാല**

ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

**ഡി. എ. മൂസ്സ് അവർകൾ**

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

ആഖ്യായിക

# ബറാബ്ബാസ്



## അദ്ധ്യായം 6 (തുടർച്ച)

## ബറാബ്ബാസ്—രാജാവ്, മിശിഹാ

(വി. സി. ജോർജ് ബി. എ. എൽ.റ്റി.)

ആട്ടിടയന്റെ ജട ഒന്നിളകി. തന്റെ വാചാലത ഇവൾക്കുവേണ്ടി പ്രയോഗിക്കാമെന്നു തന്നെ ബറാബ്ബാസ് തീരുമാനിച്ചു. ആ നസ്രായൻപോലും എന്താണു ചെയ്യുക. അയാൾക്കു സംസാരമത്രെ തൊഴിൽ. സംസാരംകൊണ്ട് അയാൾ അനുയായികളെ സമ്പാദിക്കുകയുംചെയ്യുന്നു. ആകയാൽ വാഗ്വിലാസം കഴിവതും പ്രയോഗിക്കുന്നതിലേക്കു ബറാബ്ബാസ് പ്രഭാഷകഭാവം വീണ്ടും സ്വീകരിച്ചു.

"നമ്മുടെ ജനത്തിന്റെ മക്കന്മാരെ മാത്രമാണ് കുററംപറയേണ്ടതു്. അവർ മൂലമാകുന്നു എന്റെ ആളുകൾ കാതരരും കവർച്ചക്കാരുമായി കഴിയുന്നതു്. നീങ്ങൾ ഇവിടെ കാണുന്ന ഞങ്ങളെല്ലാം റോമന്മാരുടെ പിടിയിൽ പെട്ടാൽ കുരിശേറി അടിമകളുടെ മരണം മരിക്കേണ്ടവരാണു്. അതുകൊണ്ടത്രെ ഞങ്ങൾ നഗരങ്ങളും പൊതുനിരത്തുകളും ഉപേക്ഷിക്കുകയും ഒളിവിൽകഴിഞ്ഞു തരത്തിനുകിട്ടുന്ന ഭക്ഷണസാധനങ്ങൾകൊണ്ടുപജീവിക്കുകയും ചെയ്യുന്നതു്. ഞങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യുന്നു. സമരംമൂലം ശത്രുക്കൾ ഞങ്ങളെ നിർദ്ദയമായി വേട്ടയാടുകയും ചെയ്യുന്നു. എന്നിരുന്നാലും ഏതാനും ആടുകളും കുറെ അപ്പവും നഷ്ടപ്പെട്ടതിൽ കുട്ടിയായ പരാതിയാണു് നിങ്ങൾക്കുള്ളതു്." പ്രഭാഷണം ആട്ടിടയനെ സംബന്ധിച്ചിടത്തോളം ഫലിക്കുകൊണ്ടില്ല.

അയാൾ പറഞ്ഞു: "അങ്ങുന്നേ. ആടുകൾക്കുപകരം ആടുകളെ ഞങ്ങൾ കൊടുക്കണം. അവ ഞങ്ങളുടേതല്ല. നിങ്ങൾ എടുത്തുകൊണ്ടുപോന്ന അപ്പവും പാൽക്കട്ടിയുമാണെങ്കിൽ ഞങ്ങൾക്കുള്ള മുഴുവൻ കോപ്പായിരുന്നു അവ. നിങ്ങളെപ്പോലെതന്നെ ഞങ്ങളും വിശന്നു കഴിയുകയാണു്."

ബറാബ്ബാസ് അയാളുടെ സഞ്ചിയിൽ കൈയിട്ടുതപ്പി. "ആടിന്റെ വില ഞാൻ തരാം. ഇതാ, പിടിച്ചോ. പട്ടണങ്ങളിൽനിന്നൊഴിഞ്ഞുമാറി നടക്കുന്ന ഞങ്ങളെക്കാളധികമെളുപ്പത്തിൽ അപ്പം വാങ്ങിക്കുവാൻ നിങ്ങൾക്കു കഴിയും." അയാൾ ആട്ടിടയനു ഏതാനും വെള്ളിനാണയങ്ങൾ നൽകി. ആ പണം മോഷ്ടിച്ച വകകളുടെ വിലയിൽ അധികമായിരുന്നുതാനും.

"നിങ്ങൾക്കു വിശക്കുന്നുവെങ്കിൽ ഞങ്ങളോടുകൂടി ഭക്ഷണം കഴിക്കുവിൻ" ബറാബ്ബാസ് തുടർന്നു.

"അങ്ങുന്നേ, ഞങ്ങൾ സമറായരാണു്. നിങ്ങളൊരുമിച്ച് ഭക്ഷണംകഴിക്കുവാൻ നിങ്ങൾ ആവശ്യപ്പെടുകയില്ലല്ലോ."

ബറാബ്ബാസ് ചിരിച്ചു. "സമറായരെങ്കിൽ ഞങ്ങൾക്കെന്തു്? നിങ്ങൾ യെറുശലേം ദേവാലയത്തിൽ പോകുന്നോ, ഈശ്വരപ്രാർത്ഥനയ്ക്കായി മലമുകളിൽ കയറുന്നോയെന്നുള്ളതു് ഞങ്ങൾ പരിഗണിക്കുന്നില്ല. നിങ്ങൾ ഞങ്ങളെപ്പോലെതന്നെ ശത്രുവിന്റെ നുകത്തിൻകീഴ് ദുരിതമനുഭവിക്കുന്ന ദരിദ്രരും, മർദ്ദിതരും, നിന്ദിതരുമായ മനുഷ്യജീവികളത്രെ റോമന്മാർ യഹൂദൻ സമറായൻ എന്നിങ്ങനെയുള്ള വ്യത്യാസം പരിഗണിക്കുന്നുണ്ടോ? സമറായരും വലിക്കപ്പലുകളിലും ചക്കുകളിലും പണിപ്പുരകളിലും കഷ്ടപ്പെട്ടു ജോലിചെയ്യുന്നുണ്ടെന്നുള്ളതിനെ, ഒട്ടുവളരെ സമറായർ കുരിശിലേറി ജീവിതം അവസാനിപ്പിച്ചിട്ടുണ്ടെന്നുള്ളതിനെ, നിങ്ങളാരെങ്കിലും നിഷേധിക്കുന്നുണ്ടോ?"

"ഇല്ല, ഞങ്ങളാരും നിഷേധിക്കുന്നില്ല."

"കൊള്ളാം. നാം അവകാശവഴിക്കു ഏകോപിക്കേണ്ടവരാണു്. ഇവിടെയിരുന്നു ഞങ്ങളൊരുമിച്ചു ഭക്ഷിക്കുക. നാം ശ്വസിക്കേണ്ടതായ വായുപോലും നമ്മിൽനിന്നു തട്ടിപ്പറിക്കുന്ന ആ ശപിക്കപ്പെട്ട ജനസമുദായത്തെ നാമാവശേഷമാക്കുവാൻ ഒരു ദിവസം ഞങ്ങളൊരുമിച്ചു സമരംചെയ്യ നിങ്ങൾ സഹായിച്ചുവെന്നു വരും."

ആട്ടിടയന്മാരുടെ നേതാവ് പിന്നേയും സംശയിച്ചുനിന്നു. അയാൾക്കു ആലോചിക്കുവാൻ സമയംകൊടുക്കാതെ ബറാബ്ബാസ് സംഭാഷണം തുടർന്നു: "മക്കർ നമ്മുടെ ജനങ്ങളിൽപ്പെട്ടവരോടു പെരുമാറുന്നതെങ്ങനെയാണെന്നു നിങ്ങൾക്കു കാണണമോ? എസ്രാ, ഇവിടെവരു, തന്റെ പുറം ഇവർക്കു കാണിച്ചുകൊടുക്കു. ആ വ്രണങ്ങൾ നിങ്ങൾ കാണുന്നില്ലേ? കണ്ടാലും, അടിയുടെ പാടുകൾ. നമുക്കെല്ലാവർക്കും, ഞങ്ങൾക്കെന്നപോലെ നിങ്ങൾക്കും ഇപ്രകാരമൊക്കെയാണു സംഭവിക്കുവാനിരിക്കുന്നതു്. ഈ കൊലപാതകികളെ നശിപ്പിച്ച് നമ്മുടെയെല്ലാവരുടേയും മാതാവായ ഈ നാടിനെ മോചിപ്പിക്കുന്നതിനായി, നമ്മിൽ ഓരോരുത്തരും, യൂദയായിലും ഗലീലിയിലും സമറിയായിലുമുള്ള ജനങ്ങളിൽ ഓരോ വ്യക്തിയും ഇപ്പോൾ ഉണർന്നെഴുന്നേല്ക്കുന്നില്ലെങ്കിൽ സംഗതികൾ അധികം വഷളാകുക തന്നെ ചെയ്യും."

ബറാബ്ബാസ് ബുദ്ധിപൂർവ്വം പെരുമാറി, എസ്രായുടെ പരുക്കുകൾ പ്രദർശിപ്പിച്ചതു് നിഷ്ഫലമായില്ല. ഇടയന്മാർ പരസ്പരം നോക്കി, ഉടൻതന്നെ ഭക്ഷണത്തിനിരുന്നു. മൊരിച്ച മാംസം ബറാബ്ബാസിന്റെ ആൾക്കാർ മൂർച്ചയേറിയ കത്തികൾകൊണ്ടു കണ്ടിച്ച് ആർത്തിയോടുകൂടി അകത്താക്കി. ഭക്ഷണത്തിനിടയിൽ ഇടയന്മാരിൽ മുഖ്യൻ സംസാരം തുടങ്ങി.

"ബറാബ്ബാസേ, അങ്ങു മോചനത്തിന്റെ കാര്യം പറഞ്ഞുവല്ലോ. നമ്മുടെ ദേശത്തെ സ്വതന്ത്രമാക്കുവാനുള്ള ആൾ എന്നു എല്ലാവരും വിശ്വസിക്കുന്ന ഒരു പ്രവാചകൻ ഗലീലിയിലുണ്ടെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?"

ബറാബ്ബാസിന്റെ മുഖത്തു കോപം പ്രതിഫലിച്ചു. ഈവക അഭിപ്രായം എവിടെച്ചെന്നവസാനിക്കുവാനാണു്. ഈ നസ്രായന്റെ കഥ സർവ്വത്ര തന്നെ അലട്ടുകയാണല്ലോ എന്നിങ്ങനെ അയാൾ ചിന്തിച്ചു.

അയാൾ കോപഭാവത്തിൽ മറുപടിപറഞ്ഞു: "അദ്ദേഹത്തെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. മാത്രമല്ല, അദ്ദേഹവുമായി സംസാരിച്ചിട്ടുമുണ്ടു്. ആ മനുഷ്യനിൽനിന്നു എന്തെങ്കിലും ആശിക്കുന്നതു് ബുദ്ധിഹീനവും ബാലിശവുമാണു്. തലച്ചോറുകൊത്ത, കണ്ണുതുറന്നു സ്വപ്നം കാണുന്ന, ഒരക്ഷരജീവിമാത്രമാകുന്നു അയാൾ. തന്റെ അനുയായികളോടു വിദ്വാൻ ഉപദേശിക്കുന്നതു് തങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവാനാണു്. ശത്രുവിനെ സ്നേഹിക്കുക! നോക്കു, തന്നെക്കൊണ്ടതു സാധിക്കുമോ?"

ചിന്താമഗ്നനായി ആ ആട്ടിടയൻ അടുപ്പിലെ തീയിൽ നോക്കിക്കൊണ്ടിരുന്നു. "സാധിക്കുമെന്നെനിക്കു തോന്നുന്നില്ല." അയാൾ പറഞ്ഞു: "എന്നാലും അദ്ദേഹം ഭക്തനായ ഒരു റാബിയും ഒരു നല്ല മനുഷ്യനുമായിരിക്കണം. യാക്കോബിൻ കിണററിങ്കൽവെച്ചു അദ്ദേഹം പ്രസംഗിക്കുന്നതു് ഞങ്ങളിൽ ചിലർ കേട്ടു. അദ്ദേഹം സത്യവിശ്വാസിയായ ഒരു യഹൂദനാണെങ്കിലും സമറായരെ വെറുക്കുന്നില്ലെന്നാണു് അവർ പറഞ്ഞതു്. അദ്ദേഹം ഒട്ടുവളരെ രോഗികളെ സൗഖ്യപ്പെടുത്തുകയും ദുഃഖിതരായി തന്നെ സമീപിച്ചവരെയെല്ലാം സമാശ്വസിപ്പിക്കുകയും ചെയ്തുവത്രെ."


പണ്ടെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരത്യാശ ബറാബ്ബാസിൽ വേരൂന്നി. ഈ കൂട്ടരെയെല്ലാം നസ്രായനിൽനിന്നു് പിന്തിരിക്കണം. ഈ സാധുക്കളെ സ്വാധീനമാക്കുവാൻ സാധിച്ചില്ലെങ്കിൽ മററുള്ളവരെ എങ്ങനെ കിട്ടുമാനാണു്? ഈ ചോദ്യത്തിനിടയിൽ ബറാബ്ബാസിനൊരു കാര്യം സ്പഷ്ടമായി. ഈശോയെ അപലപിച്ചുകൊണ്ടോ അദ്ദേഹത്തിന്റെ ശക്തി ലഘൂകരിച്ചുകൊണ്ടോയുള്ള സംസാരത്താൽ ഇളകാത്തവിധം അത്രമാത്രം ദൃഢമൂലമായിരുന്നു ഇടയന്റെ വിശ്വാസം. ആകയാൽ വാക്കുകളെ തൂക്കിനോക്കിക്കൊണ്ടെന്നവിധം ബറാബ്ബാസ് സംസാരിച്ചു: "ഞാൻ അദ്ദേഹത്തിന്റെ ഭക്തിയോ, അദ്ദേഹം നിർവഹിക്കുന്ന അത്ഭുതങ്ങളോ നിഷേധിക്കുന്നില്ല. അദ്ദേഹം മരണത്തിൽനിന്നു ജീവനോടുകൂടി ഉയർത്തിയ ആ ആളെതന്നെ ഞാൻ കണ്ടു. അദ്ദേഹം വമ്പിച്ച രീതിയിലുള്ള ഒരു ഐന്ദ്രജാലികനാണെന്നുള്ളതിൽ സംശയമില്ലാ. അദ്ദേഹത്തിനു അത്ഭുതനിർവ്വഹണത്തിലുള്ള സാമർത്ഥ്യം വകവെച്ചുകൊടുക്കുകതന്നെ വേണം. പക്ഷെ, എന്റെ ചങ്ങാതി, അദ്ദേഹത്തിന്റെ ഉപദേശം ഒരു ചുക്കിനും കൊള്ളുകയില്ല. അപ്രകാരമുള്ള ഉപദേശം റോമൻനുകത്തിൽനിന്നു നമ്മെ മോചിക്കുവാൻ പാററിയതുമല്ല. മോചനം താനും ആഗ്രഹിക്കുന്നതല്ലേ?"


"അങ്ങത്തെ, തീർച്ചയായും ഞാനാഗ്രഹിക്കുന്നു."

"അതു ശരി, അതുകൊണ്ടു തന്നെയാണു് അയാൾക്കും നമ്മൾക്കും പൊതുവായി യാതൊന്നുമില്ലെന്നു പറയേണ്ടിവരുന്നതു്. എന്നാൽ നീങ്ങളെപ്പോലെയുള്ളവർ ഞങ്ങളോടുകൂടി പ്രവർത്തിക്കുവാൻ സാധിക്കും. നിങ്ങൾ ബലവും ധൈര്യവും എല്ലുറപ്പും ഉള്ളവരാണു്. പട്ടണങ്ങളിൽ വളർന്നുവന്ന ഉശിരുകെട്ടവരെപ്പോലെയല്ല. നീങ്ങളെപ്പോലെ ഏതാനും ആയിരം ആളുകൾ ഞങ്ങളോടുകൂടിച്ചേർന്നു പ്രവർത്തിച്ചാൽ വിദേശിഭരണത്തിന്റെ അവസാനം കാണുവാൻ ദിവസങ്ങൾ അധികം വേണ്ടിവരികയില്ല. എന്താണു് തന്റെ അഭിപ്രായം, കേൾക്കട്ടെ."

നന്നായി വേകാതിരുന്ന ഒരു കഷണം മാംസം ചവച്ചിറക്കിക്കൊണ്ടു് ആട്ടിടയൻ അന്തരീക്ഷവീക്ഷണം നടത്തി. "ഒരു പക്ഷെ, നിങ്ങൾ പറയുന്നതു് ശരിയായിരിക്കാം, ബറാബ്ബാസ്, ഒരു പക്ഷെ. ഏതായാലും റോമന്മാരെ ഓടിച്ചുകളയുന്ന വിഷയത്തിൽ സമറായരായ ഞങ്ങൾക്കു നിങ്ങളെ സഹായിക്കുവാൻ സാധിക്കുമെന്നു തന്നെ ഞാൻ കരുതുന്നു. എന്നാൽ ഒരു കാര്യം ആലോചിക്കേണ്ടതുണ്ടു്. റോമന്മാർ നാടുവിട്ടാൽ ഞങ്ങൾക്കുണ്ടാകാവുന്ന ഗുണം എന്തെന്നു ഞാൻ എന്നോടുതന്നെ പലപ്പോഴും ചോദിക്കാറുണ്ടു്. റോമരെ ഓടിച്ചുകളയാൻസാധിക്കുമെന്നു് നിങ്ങൾപറയുന്നു. സാധിച്ചേക്കാംതാനും. എന്നാൽ പിന്നത്തെ ഞങ്ങളുടെ സ്ഥാനം ഏതാണു്. ഞങ്ങൾ പിന്നെയും "അശുദ്ധർ" തന്നെയായിരിക്കും. യഹൂദരായ നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചുകൊണ്ടിരിക്കും. കുഷ്ഠരോഗികളെയെന്നോണം നിങ്ങൾ ഞങ്ങളെ വർജ്ജിക്കുകയും ചെയ്യും."

(തുടരും)





ഫാത്തിമാമാതാവിന്റെയും, വിശുദ്ധ കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയാൽ സുഖമായി പ്രസവം നടന്നതിന് ഉപകാരസ്മരണ.

ലില്ലി ജോബ്, മയ്യനാട്ട്.

ആദ്ധ്യാത്മികവീഥി

# "ആദർശബാലൻ"

ദൈവത്തിന്റെ വത്സലമക്കളേ,

ഞാൻ ഇടയ്ക്കിടയ്ക്കു ചില പുസ്തകങ്ങൾ നിങ്ങൾക്കു പരിചയപ്പെടുത്തിത്തരുന്നുണ്ടല്ലോ. അതു ഈ ആദ്ധ്യാത്മികവീഥികൊണ്ടുദ്ദേശിക്കുന്ന പുണ്യപൂർണ്ണതാപ്രാപ്തിക്കു നിങ്ങളേയും നിങ്ങളുടെ അധീനതയിലുള്ളവരേയും സഹായിക്കണമെന്നുള്ള കരുതലോടുകൂടി മാത്രം ചെയ്യുന്നതാണു്. നിങ്ങൾ അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും വിശദമായി പറഞ്ഞുതരുന്നതിനു എനിക്കു സാധിച്ചെന്നു വരുകയില്ല. ആ ന്യൂനത ഏറെക്കുറെ പരിഹരിക്കുന്നതിനു നല്ല പുസ്തകങ്ങൾക്കു കഴിയും.

അക്കൂട്ടത്തിൽ "ആദർശബാലൻ" എന്ന പുസ്തകത്തിനു ഒരു നല്ല സ്ഥാനമുണ്ടു്. കുട്ടികൾക്കായി റവ. ഫാദർ റുഡോൾഫ് ടി. ഒ. സി. ഡി. രചിച്ചിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിന്റെ അവതാരികയിൽ പാലാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പ്രസ്താവിക്കുന്നതിപ്രകാരമാണു്: "കുട്ടികളുടെ മദ്ധ്യേ ആയുസ്സിന്റെ ഒരു വലിയ പങ്കു ചെലവഴിക്കയും അവരിൽ ഒരാളെപ്പോലെ വർത്തിക്കയും ചെയ്തിട്ടുള്ള ഒരു സഹൃദയനാണദ്ദേഹം. (ഫാദർ റുഡോൾഫ്). കുട്ടികളുടെ ഉള്ളറകളെ പരിശോധിച്ചറിയുവാൻ അദ്ദേഹത്തിനവസരം ലഭിച്ചിട്ടുണ്ടു്. അവരുടെ ആലോചനകളും അഭിലാഷങ്ങളും, അവരുടെ വികാരങ്ങളും പ്രവണതകളും അവരുടെ ജന്മവാസനകളും പ്രവർത്തനരീതികളും അദ്ദേഹം കണ്ടു മനസ്സിലാക്കിയിട്ടുണ്ടു്. ആത്മശരീരശക്തികളുടെ പ്രകൃതങ്ങളും വിവിധ ദശകളിൽ വന്നുഭവിക്കുന്ന പരിവർത്തനങ്ങളും അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ടു്. ഇതിനുപുറമെ ഈവക കാര്യങ്ങളെ അധികരിച്ച് ഒട്ടുവളരെ ശാസ്ത്രീയമായി പഠിക്കയും മതതത്വങ്ങളെ ആസ്പദിച്ചു ചിന്തിക്കയും ചെയ്തിട്ടുണ്ടു്. ബാലികാബാലന്മാരെ സംബന്ധിച്ച് അദ്ദേഹം ഇങ്ങനെ സമ്പാദിച്ചിട്ടുള്ള വിപുലമായ അനുഭവജ്ഞാനവും അഗാധമായ ശാസ്ത്രപാണ്ഡിത്യവും ഈ ലഘുഗ്രന്ഥത്തിന്റെ പേജുകളിൽ എവിടേയും പ്രകാശിച്ചുകാണാം.

"......നല്ല നാളെയുടെ വിധാതാക്കൾ ബാലികാബാലന്മാരാണു്. നാളെ അവർ എന്തായിരിക്കുമെന്നുള്ളതു ഇന്നു നാം അവർക്കു നൽകുന്ന ശിക്ഷണത്തെ ആശ്രയിച്ചിരിക്കും. ശിക്ഷണം ശരിക്കു നൽകണമെങ്കിൽ കുട്ടികൾ ആരാണു്, അവരുടെ പ്രകൃതം എന്തു്, അവരുടെ കഴിവുകളും കഴിവുകേടുകളും ഏവ എന്നു ആദ്യമായി മനസ്സിലാക്കണം. മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും കുട്ടികളുടെ വളർത്തലിൽ ഏർപ്പെടുന്ന മററാളുകളും ഇക്കാര്യം അറിഞ്ഞുകൊണ്ടുവേണം കുട്ടികളോടു പെരുമാറുവാൻ. പ്രസ്തുത വിഷയങ്ങൾ സരളമായി പ്രതിപാദിക്കുന്ന ഈ പുസ്തകം അവർക്കു ഒരുററമിത്രത്തെപ്പോലെ സഹായിയായിരിക്കും.

"കേരളീയരായ ബാലസഹോദരങ്ങളേ, നിങ്ങൾ നിങ്ങളുടെ തന്നെ അമൂല്യമായ സ്ഥാനവും മഹത്വവും മനസ്സിലാക്കണം. കുടുംബത്തിന്റെ അനർഘനിക്ഷേപം നിങ്ങളാണു്. സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും ആശാകേന്ദ്രം നിങ്ങളത്രെ. നിങ്ങൾ നിങ്ങളെത്തന്നെ അറിയുക. നിങ്ങളുടെ ബാല്യകാലജീവിതത്തിലെ ഓരോ ദിവസവും ഭാവിയുടെ അനന്തതയിലേക്കുള്ള കൽപ്പടികളാണെന്നു നിങ്ങൾ ഗ്രഹിക്കണം. ആത്മജ്ഞാനം, ആത്മനിയന്ത്രണം, ആത്മശക്തി എ

(ശേഷം 10-ാംപേജിൽ)

കളവുപോയ സാധനം കണ്ടുകിട്ടുന്നതിനു് ബ. അൽഫോൻസാമ്മയുടെ സഹായം ലഭിക്കുന്നതിനുവേണ്ടി.

P. V. A.

Reg. M. No. 2293


# Sathya Deepam

Vol. 28 Ernakulam June 22 1955 No. 43

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

**വിശുദ്ധ ഡോമിനിക്ക് സാവിയോ**

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഡോൺബോസ്കോ അച്ചനു ഒരാഗ്രഹം. ഓററ്ററിയിലെ കുട്ടികൾ പുണ്യവാന്മാരാകണമെന്നു്. അദ്ദേഹം ആ നല്ല കുഞ്ഞുങ്ങളെ ഉപദേശിച്ചു, എങ്ങിനെയാണു് എല്ലാവരും നല്ലവരായി ജീവിച്ചു്, ദൈവത്തെ സ്നേഹിച്ചു പുണ്യവാന്മാരാകേണ്ടതെന്നു്. ദോമിനിയുടെ നല്ല ഹൃദയത്തിൽ ഈ ഉപദേശവിത്തു ശരിയായി പതിച്ചു.. ഒരു പുണ്യവാനാകണമെന്നു ബാലൻ ഉറച്ചു. നിങ്ങൾക്കും ആഗ്രഹമില്ലേ, ഓരോ പുണ്യവാന്മാരാകാൻ. വിശുദ്ധ ദോമിനിക്കു് സാവിയോയെപ്പോലെ ഒരുകാലത്തു വിശുദ്ധപദത്തിലേക്കുയർത്തപ്പെടാൻ. അൾത്താരകളിൽവച്ചു വണങ്ങപ്പെടുവാൻ. ഇതു് സഫലമാകാൻ പാടില്ലാത്ത വ്യാമോഹമല്ല. എല്ലാവർക്കും സാധിക്കുന്നതാണു്. ദൈവം ആഗ്രഹിക്കുന്നതാണു്. ഇക്കാര്യത്തിൽ നിങ്ങളെ ധൈര്യപ്പെടുത്തുന്ന മാതൃകയാണു് കുഞ്ഞുദോമിനി.

വല്യേട്ടൻ




**27-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

എന്റെ പേർ—സത്യദീപം

**പ്രശ്നം നമ്പ്ര് 28**

(കെ. ജെ. തോമസ്, ഉപ്പുതറ)

ഞാൻ നിങ്ങളുടെ ഒരു സഹോദരിയാണു്. എന്റെ പേരിനു മൂന്നക്ഷരം. ഒന്നാമത്തെ അക്ഷരം റോഡിലുണ്ടു്, വഴിയിലില്ല. രണ്ടാമത്തെ അക്ഷരം സത്തുക്കളിലുണ്ടു്, ശത്രുക്കളിലില്ല. മൂന്നാമത്തെ അക്ഷരം അമ്മയിലുണ്ടു്, അപ്പനിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

**ഇതൊന്നു വായിക്കാമോ?**

(പി. തോമസ് സെബാസ്റ്റ്യൻ)

1) സദ്യയുടെ ◯ കേമംതന്നെ
2) —യിന്മേൽ എഴുതണം
3) പറയാത്തവനു . കിട്ടും
4) സം ഠ മായ വസ്തു
5) ൈ മാൻ ീ ക്കടിലിൽ ാ മായി കിടന്നുറങ്ങി

(ഉത്തരങ്ങൾ അന്യത്ര)

ചെറുകഥ

## "ചോദിക്കുവിൻ, തരപ്പെടും"

(പി. തോമസ് സെബാസ്റ്റ്യൻ, അരിമ്പൂർ)

കുററിക്കാടുകൾ നിറഞ്ഞ ഒരു കുഗ്രാമത്തിലാണു് സ്റ്റീഫൻ താമസിക്കുന്നതു്. അഴകും ആരോഗ്യവും നിറഞ്ഞ മുപ്പതുകാരൻ. മണ്ണിനോടു മല്ലിട്ടുകൊണ്ടാണു് അയാൾ തന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും തീററിപ്പോററുന്നതു്. എന്നിരുന്നാലും ദൈനംദിനം അയാളുടെ സമ്പത്തും സൗഭാഗ്യവും വർദ്ധിച്ചുവരികയാണു്.

അങ്ങകലെയുള്ള പള്ളിയിലെ വലിയമണി ണാം....ണാം...... എന്നു ശബ്ദിച്ചുകൊണ്ടു് കൊച്ചിളംകാററിൽ കൊച്ചലകൾ നിർമ്മിക്കുമ്പോൾ; പുലർകാലത്തിലെ പുതുപുഞ്ചിരിതൂകുന്ന പുഷ്പങ്ങളിൽ മധുനുകരാൻ പൂമ്പാററകൾ പാറിപ്പറക്കുമ്പോൾ; കിളികൾ കളകളനാദം പുറപ്പെടുവിച്ചു ഈശ്വരനെ സ്തുതിക്കുമ്പോൾ; കുഞ്ഞുമക്കളുടെ അകമ്പടിയോടുകൂടി ദേവാലയത്തിലേക്കു അണിഞ്ഞൊരുങ്ങിപ്പോകുന്ന സ്റ്റീഫനെ ആരുംതന്നെ നോക്കിനില്ക്കും. എത്രതന്നെ ജോലിത്തിരക്കുണ്ടായാലും, ഇത്രയധികം അനുഗ്രഹങ്ങൾ നൽകിയ ദൈവത്തെ ആരാധിക്കാൻ പള്ളിയിൽ പോകയെന്നതു ഓരോ ദിവസത്തേയും പ്രഥമവും പ്രധാനവുമായ കൃത്യമായിട്ടാണു് സ്റ്റീഫൻ കണക്കാക്കിയിരിക്കുന്നതു്.

എരിപൊരികൊള്ളുന്ന വെയിലത്തു് വിയർത്തൊലിച്ചുംകൊണ്ടു് സുഹൃത്തിന്റെ സുഖവിവരങ്ങൾ അറിയുന്നതിനായി ഒരുദിവസം പട്ടണത്തിലെ ചാക്കോച്ചൻ കയറിവന്നു. നാട്ടുവർത്തമാനങ്ങൾക്കും മററു കുശലപ്രശ്നങ്ങൾക്കുംശേഷം ആഗതൻ തുടന്നു: "ചങ്ങാതീ! എനിക്കു് ഇത്രയധികം വയലുകളും, തോപ്പുകളുമുണ്ടു്. എന്നിട്ടും ഞാൻ ദൈനംദിനം അധഃപതനത്തിന്റെ അഗാധതയിലേക്കു ആണ്ടുപോകയാണു്. നീയാണെങ്കിൽ ഒരു വയൽ ഉഴുവുന്നവൻ. നിനക്കെവിടെനിന്നാണു ഇത്രയധികം ധനം ലഭിക്കുന്നതു്?"

സ്റ്റീഫൻ:- "അതിന്റെ രഹസ്യം മറെറാന്നുമല്ല. ഞാൻ എല്ലാദിവസവും വിശുദ്ധ കുർബാന കാണുന്നുണ്ടു്. നമ്മളെ സൃഷ്ടിച്ചു രക്ഷിച്ചു് പരിപാലിച്ചുവരുന്ന ദൈവത്തെ ആരാധിക്കുകയും, സന്തോഷവും സൗഭാഗ്യവും പ്രദാനം ചെയ്യുന്ന അവിടുത്തോടു നന്ദിപറയുകയും, അവിടുത്തെ ഉപദ്രവിച്ചതിനു മാപ്പിരക്കുകയും, ആവശ്യമുള്ളവ അപേക്ഷിക്കുകയുമാണു് വിശുദ്ധ കുർബാന കാണുമ്പോൾ ഞാൻ ചെയ്യുന്നതു്."

ചാക്കോച്ചൻ:- "കുർബാനയ്ക്കു ഇത്രയധികം മാഹാത്മ്യമുണ്ടോ?"

സ്റ്റീഫൻ തന്റെ ഭൂതകാലസംഭവങ്ങളിൽനിന്നു ഒരു ചെറിയ ഉദാഹരണം പറയാൻതുടങ്ങി: "കള്ളകർക്കടകമാസത്തിലെ ഭയങ്കരമായ ഇടിയുംമിന്നലുമുള്ള ഒരു രാത്രി ഔസേപ്പച്ചൻ എന്നെ വയൽ ഉഴവുന്നതിനു ഏല്പിച്ചു. പിറേറ ദിവസം പള്ളിയിൽ പതിവിൽ കൂടുതൽസമയം വേണ്ടിവന്നതുകൊണ്ടു് വയൽ ഉഴവുന്നതിനു സാധിച്ചില്ല. എന്റെ അപരാധത്തെ അറിയിക്കുവാൻ ഞാൻ ഔസേപ്പച്ചന്റെ വീടുവരെ പോകാമെന്നുവച്ചു. വഴിക്കു വയലിൽ പോയി നോക്കിയപ്പോൾ കണ്ട കാഴ്ച—അത്ഭുതം! വയൽ ഉഴുതുകഴിഞ്ഞിരിക്കുന്നു—പരിഭ്രമം അടക്കി ചിന്തിച്ചപ്പോൾ എനിക്കു സംഗതി മനസ്സിലായി, കുർബാനയ്ക്കുപോയ സമയം നഷ്ടപ്പെടാതിരിക്കുവാൻ ദൈവം ഒരത്ഭുതം പ്രവർത്തിച്ചുവെന്നു്."

(ഉത്തരങ്ങൾ)

1) സദ്യയുടെ വട്ടം കേമം തന്നെ.
2) വരയിന്മേൽ എഴുതണം.
3) പറയാത്തവനു കുത്തുകിട്ടും.
4) സംപൂജ്യമായ വസ്തു.
5) പുള്ളിമാൻ വള്ളിക്കുടിലിൽ ദീർഘമായി കിടന്നുറങ്ങി.

## വിനോദവീഥി

മി. മോറിസൺ വിവാഹസുവർണ്ണജൂബിലി ആഘോഷിക്കുകയായിരുന്നു. ടോസ്റ്റ് പ്രസംഗകൻ അനുഗൃഹീതദമ്പതികളുടെ സമാധാനപരമായ 50 കൊല്ലത്തെ ജീവിതരഹസ്യത്തെപ്പററി ആരാഞ്ഞു. മറുപടിപ്രസംഗത്തിൽ മി. മോറിസൺ അദ്ദേഹത്തിന്റെ ഹാറെറടുത്തു പൊക്കിപ്പിടിച്ചുകൊണ്ടു പറഞ്ഞു, "സുഹൃത്തുക്കളേ, 50 കൊല്ലത്തെ എന്റെ കുടുംബജീവിതത്തിൽ സമാധാനം ഉണ്ടാക്കുന്നതിനു ഞാനാശ്രയിച്ച മാർഗ്ഗമിതാണു്. ഭാര്യയുടെ ബാലൻസു തെററിയെന്നു കണ്ടാൽ തൊപ്പിയുമെടുത്തു ഞാൻ പുറത്തുകടക്കും."

x x x

യാത്രക്കാരൻ:- (കണ്ടക്ടരോടു്) സർ, എന്റെ ഈ കുട്ടിയെക്കൂടി വണ്ടിയിൽ കൊണ്ടുപോകാൻ ടിക്കററുവേണോ?

കണ്ടക്ടർ:- 5 വയസ്സിനു താഴെയാണെങ്കിൽ ടിക്കററു വേണ്ട.

യാത്ര:- അവനെ ഞാൻ സീററിലിരുത്തിയാലോ?

കണ്ട:- എന്നാലും വേണ്ട.

യാത്ര:- എന്നാൽ ഒരു കാര്യം ചെയ്യാം, അവനെ കൊണ്ടുപോകേണ്ടെന്നുവയ്ക്കാം. അപ്പോൾ എന്റെ ടിക്കററിൽ എന്തു കുറവു വരും?

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I